# ദീപനാളം

സാന്മാർഗ്ഗപ്രകാശമേ നയിച്ചാലും

ESTD-1968


കലാസാംസ്കാരിക ദേശീയവാരിക

2021 ഫെബ്രുവരി 25 | ദീപം 53 | നാളം 41 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# ഋഷിതുല്യനായ ഇടയശ്രേഷ്ഠൻ

**സീറോ മലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പും കേരളസഭയിലെ രണ്ടാമത്തെ കർദിനാളുമായിരുന്ന മാർ ആന്റണി പടിയറ പിതാവിന്റെ ജന്മശതാബ്ദിവർഷമാണിത്. അദ്ദേഹത്തെക്കുറിച്ച് ഒരു അനുസ്മരണം.**

■ ഷാജി മാലിപ്പാറ



വർഷം 1994. സ്ഥലം എറണാകുളം ഡർബാർഹാൾ ഗ്രൗണ്ട്. മദ്യവിരുദ്ധസമിതിയുടെ സന്ദേശറാലിയുടെ സമാപനസമ്മേളനം. ഉദ്ഘാടകൻ മാർ ആന്റണി പടിയറ. മുഖ്യാതിഥി നിത്യചൈതന്യയതി. പിതാവ് പ്രസംഗിക്കാൻ വന്നുനിന്നത് ഇന്നുമോർക്കുന്നു. സാന്താക്ലോസിന്റേതുപോലുള്ള നീണ്ട വെള്ളത്താടി. അതിനിടയിലൂടെ തെളിഞ്ഞുകാണുന്ന ചെറുപുഞ്ചിരി. ചിതറിവീഴുന്ന ഒരു ചെറുവാക്ക്. പിന്നെയൊരല്പം ഇടവേള. വീണ്ടും ഒരു വാക്ക്. അങ്ങനെയങ്ങനെ മർമരംപോലെ പൊഴിയുന്ന സംസാരം. സ്വതഃസിദ്ധമായ നർമബോധവും ഹൃദയലാളിത്യവും ഒന്നുചേരുമ്പോൾ ശ്രോതാക്കൾക്കത് ഹൃദ്യമായ അനുഭൂതിയായി മാറും. ഗരിമയാർന്ന തത്ത്വങ്ങളൊന്നും ഉദ്ഘോഷിക്കാനല്ല, ഹൃദയത്തിൽനിന്നുറിവരുന്ന കൊച്ചുകാര്യങ്ങൾ പതിഞ്ഞ സ്വരത്തിൽ പങ്കുവയ്ക്കാനാണിഷ്ടം. എന്നാൽ, അന്നു സംഭവിച്ചത് മറ്റൊന്നാണ്. പ്രസംഗപീഠത്തിനരികിൽ അദ്ദേഹം നിശ്ചലനായി നിൽക്കുകയാണ്. നിമിഷങ്ങൾ കൊഴിഞ്ഞുവീണിട്ടും ആ അധരങ്ങളിൽനിന്ന് വാക്കുകൾ പൊഴിഞ്ഞുവീഴുന്നില്ല. സദസ്സാകട്ടെ അദ്ദേഹത്തിന്റെ വാക്കുകൾക്കായി കാത്തിരിക്കുന്നു. അദ്ദേഹം പാർക്കിൻസൺസ് രോഗത്തിന്റെ പിടിയിലായിരുന്നു.

ഏറെനേരം കഴിഞ്ഞ് പതിഞ്ഞ സ്വരത്തിൽ പിതാവ് സംസാരിച്ചുതുടങ്ങി. അവസാനിക്കുംവരെ ആ പ്രസംഗം മർമരം പോലെയായിരുന്നു. അതിനിടയിലും സദസ്സിൽ ചിരിയുടെ അലകളുയർത്താൻ നർമം വിതറുന്ന ആ പ്രസംഗകനു കഴിഞ്ഞു. മദ്യക്കുപ്പിയിൽ കീടങ്ങളെ ഇട്ടുവച്ച്, അവ ചത്തുപോകുന്ന രംഗം കാട്ടിക്കൊണ്ട് മദ്യപരെ ബോധവത്കരിക്കുന്ന ഒരാൾ. അതു കേട്ടിരുന്ന മദ്യപരിൽ ഒരാൾ തനിക്കു ലഭിച്ച ഗുണപാഠം പങ്കുവച്ചത് ഇപ്രകാരം: നാം മദ്യം കഴിച്ചാൽ നമ്മുടെ വയറ്റിലുള്ള കീടങ്ങളൊക്കെ വേഗം ചത്തുപൊയ്ക്കൊള്ളും! അതീവശ്രദ്ധയോടെ കാതുകൂർപ്പിച്ചിരുന്നാണ് അന്നത്തെ സദസ്സ് എന്നത്തെയുംപോലെ പിതാവിന്റെ ഈ നർമം ആസ്വദിച്ചത്.

കേരളസഭയിലെ രണ്ടാമത്തെ കർദ്ദിനാൾ, സീറോമലബാർസഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്, മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവി കൈവന്ന നാളുകളിലെ സഭാസാരഥി എന്നീ നിലകളിലൊക്കെ സഭാചരിത്രത്തിൽ ശ്രദ്ധേയസ്ഥാനമലങ്കരിക്കുന്ന വ്യക്തിയാണ് മാർ ആന്റണി പടിയറ. ചങ്ങനാശേരി അതിരൂപതയിലെ മണിമല ഇടവകയിൽ പടിയറ കുരുവിള ആന്റണി – അന്നമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകനായി 1921 ഫെബ്രുവരി 11 നാണ് ജനനം. മണിമല ഗവ. സ്കൂൾ, സെന്റ് ജോർജ് മിഡിൽ സ്കൂൾ, ചങ്ങനാശേരി എസ്. ബി. ഹൈസ്കൂൾ എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് റീജണൽ സെമിനാരിയിൽ ചേർന്നു. 1945 ഡിസംബർ 19 ന് കോയമ്പത്തൂർ രൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിച്ചു. കുറച്ചുനാൾ ഇടവകസേവനം നടത്തിയ അദ്ദേഹം മൈനർ സെമിനാരി റെക്ടറായും റീജണൽ സെമിനാരിയിലെ പ്രഫസറായും സേവനം ചെയ്തു.

മർമരം പൊഴിച്ച മണിദീപം ▶10



■ പി.സി. സിറിയക്

കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും പെട്രോളിന്റെ വില, സർവകാല റിക്കാർഡുകൾ ഭേദിച്ചുകൊണ്ട് ലിറ്ററിന് 90 രൂപയും കടന്നു മുന്നേറുന്നു. ഇപ്പോഴും ദിനംപ്രതി വില കൂട്ടുന്നു. സെഞ്ചുറി അടിച്ച്, '100' തികച്ച്, അതും ഒരു ആഘോഷമാക്കാനോ, മോദി സർക്കാരിന്റെ പുറപ്പാട്?

കേന്ദ്രപെട്രോളിയം മന്ത്രി ധർമേന്ദ്രപ്രസാദ് ഇക്കഴിഞ്ഞ ദിവസം കൊച്ചിയിൽ പ്രസ്താവിച്ചു, ഇവിടെ വില കൂടിയത് അന്താരാഷ്ട്രവിപണിയിൽ ക്രൂഡോയിലിന്റെ വില കൂടിയതുകൊണ്ടാണെന്ന് ആവശ്യമുള്ള ക്രൂഡോയിലിന്റെ 80 ശതമാനവും ഇറക്കുമതി ചെയ്യേണ്ട നമുക്കു മറ്റെന്തു ചെയ്യാൻ കഴിയുമെന്നാണ് അദ്ദേഹം ചോദിച്ചത്. മന്ത്രി പറഞ്ഞതു നേരാണോ?

ഇപ്പോൾ നാം ഇറക്കുമതി ചെയ്യുന്ന ക്രൂഡിന്റെ വില, 52 ഡോളർ മാത്രം. ഡോ. മൻമോഹൻസിങ്ങിന്റെ കോൺഗ്രസ് ഭരണകാലത്ത് 152 ഡോളറായിരുന്നു വില. അന്ന്, ഇവിടെ പെട്രോൾവില 70 രൂപ! അപ്പോൾ മന്ത്രി പറയുന്നത് നുണയോ? കൊവിഡ് 19 കൊടുമ്പിരിക്കൊണ്ടിരുന്ന കാലത്ത് ക്രൂഡിന്റെ വില 40 ഡോളർ തലത്തിലേക്കു താഴ്ന്നിരുന്നു. അവിടെ

# ഇന്ധനവിലക്കയറ്റം 100 തികച്ച് ആഘോഷമാക്കാനോ?

നിന്നുയർന്ന് അത് 50 ഡോളറിലെത്തിയതാണ്, നമ്മുടെ മന്ത്രി വലിയ അന്താരാഷ്ട്ര വിലക്കയറ്റമായി വർണിച്ചത്. പെട്രോളിന്റെ വിലക്കയറ്റത്തിനു യഥാർത്ഥ കാരണം, കേന്ദ്ര സർക്കാർ പെട്രോൾ/ഡീസലിന്മേലുള്ള എക്സൈസ് തീരുവ ഉയർത്തിയതു മാത്രമാണ്. ഇന്നത്തെ ക്രൂഡോയിലിന്റെ വിലയ്ക്ക് ക്രൂഡ് വാങ്ങി നമ്മുടെ റിഫൈനറികൾ അതു ശുദ്ധീകരിച്ച് പെട്രോൾ ഉത്പാദിപ്പിക്കാനുള്ള ചെലവ് 35 – 36 മാത്രമേ വരൂ. ഡീസലിന് ഇത് രണ്ടോ മൂന്നോ രൂപ കൂടി ആയേക്കാം. ഇതിന്മേൽ വൻതോതിൽ എക്സൈസ് തീരുവ ചുമത്തുന്നതുകൊണ്ടാണ് വില ഉയരുന്നത്. ഈ ഉയർന്ന വിലയിന്മേൽ സംസ്ഥാന സർക്കാരുകൾ അവരുടെ മൂല്യവർദ്ധിതനികുതി(VAT)യും ചുമത്തുന്നു. ഇന്നു നാം 90 രൂപയ്ക്ക് പെട്രോൾ വാങ്ങുമ്പോൾ അതിൽ 60 രൂപയും നികുതിയാണ്. അതിന്റെ നാലിലൊരു ഭാഗം സംസ്ഥാനസർക്കാരുകളുടെ നികുതിയും.

വിലക്കയറ്റത്തിനു കാരണം, നികുതി ഉയർത്തിയതു മാത്രമാണ്. അപ്പോൾ കേന്ദ്രമന്ത്രി പറയേണ്ട ന്യായം എന്തെന്നോ? ''കൊവിഡിന്റെ പശ്ചാത്തലത്തിൽ രാജ്യത്തിലെ വ്യവസായ, ബിസിനസ്, തൊഴിൽ, സേവനമേഖലകളാകെ തകർന്നു; അതോടെ സർക്കാരിന്റെ നികുതിവരുമാനവും ഇടിഞ്ഞു. നഷ്ടം നികത്താൻ വഴി തേടേണ്ടേ?'' നികുതിവരുമാനത്തിലുണ്ടായ കുറവ് വീണ്ടെടുക്കാൻ കേന്ദ്രം കണ്ട എളുപ്പവഴിയാണ് പെട്രോളിയം മേഖലയെ കൊള്ളനികുതിക്കു വിധേയമാക്കുക എന്നത്; പ്രതിദിനം മുപ്പതും നാല്പതും പൈസ കണ്ട് നികുതി ഉയർത്തുന്നു. ചെറിയ ഡോസിൽ ഉള്ളിൽച്ചെല്ലുന്നത് വിഷമാണെങ്കിലും, അതിന്റെ ഫലം ജനത്തിനു കാണാനും അറിയാനും വേദനിക്കാനും ഉടനേ ഇടയാകില്ലല്ലോ. (ഈ 'ഡെയ്‌ലി ഡോസ്' പ്രയോഗം തുടങ്ങിയത് പക്ഷേ, യുപിഎ സർക്കാരായിരുന്നു.)

കൊവിഡിന്റെ തുടക്കത്തിൽ ലോകത്തിലേറ്റവും കർക്കശമായ 'ലോക്ഡൗൺ' അനുഭവിക്കേണ്ടിവന്നത് പാവം ഇന്ത്യക്കാരായിരുന്നു. അതും വെറും നാലു മണിക്കൂറിന്റെ മുന്നറിയിപ്പോടെ. ലോക്ഡൗൺ കഠിനമായതോടെയാണ്, സമ്പദ്‌വ്യവസ്ഥ മുഴുവൻ നിശ്ചലമായതും എല്ലാ മേഖലകളും തകർച്ച നേരിടേണ്ടിവന്നതും. അങ്ങനെ ജോലിയും, കൂലിയും നഷ്ടപ്പെട്ട് ശിക്ഷയനുഭവിച്ചുകഴിഞ്ഞ ജനങ്ങളെ സർക്കാർ വീണ്ടും ശിക്ഷിക്കുന്നു. പെട്രോളിന്റെയും ഡീസലിന്റെയും വിലയുയരുന്നതോടെ നിത്യോപയോഗവസ്തുക്കൾ ഉൾപ്പെടെ സർവസാധനങ്ങളുടെയും വില ഉയരുകയാണ്.

കേന്ദ്രസർക്കാരിന്റെ എക്സൈസ് നികുതി ഉയരുന്നതോടെ സംസ്ഥാനസർക്കാരുകളുടെ മൂല്യവർദ്ധിതനികുതി വരുമാനവും ഉയരുന്നു. അതുകൊണ്ടായിരിക്കാം, സംസ്ഥാനങ്ങളിൽ ഭരണത്തിലുള്ള കക്ഷികളെല്ലാം, പെട്രോൾ വിലക്കയറ്റത്തിനെതിരേ ശക്തമായ എതിർപ്പ് പ്രകടിപ്പിക്കാതെ, കിട്ടുന്ന തുക വാങ്ങിയെടുത്ത് മുമ്പോട്ടു പോകാൻ ശ്രമിക്കുന്നത്.

▶12

# നോമ്പും ഉപവാസവും ഉത്തരവാദിത്വമാണ്, ഭക്തിയല്ല



മാർ ജോസഫ് കല്ലറങ്ങാട്ട്

**നോ**മ്പ് എന്ന വാക്ക് തമിഴ് ഭാഷയിലെ നോയമ്പ് എന്ന പദത്തിൽനിന്ന് ഉണ്ടായതാണ് (നോയ് = സഹനം + അൻപ് = സ്നേഹം). സ്നേഹത്തോടെയുള്ള സഹനം എന്നാണ് അർത്ഥം. ഈ അർത്ഥത്തിൽ എറ്റവും വലിയ നോയമ്പ് നോക്കിയത് ഈശോമിശിഹാതന്നെയാണ്. മനുഷ്യകുലത്തോടുള്ള തന്റെ സ്നേഹത്തെപ്രതി സഹനം ഏറ്റെടുത്ത്, മനുഷ്യകുലത്തെ വിശുദ്ധീകരിച്ചു വീണ്ടെടുത്തത് മിശിഹായാണ്. ഉപവാസവും പ്രാർത്ഥനയും പ്രായശ്ചിത്തവും പരിത്യാഗപ്രവർത്തനങ്ങളുമെല്ലാം സ്നേഹത്തോടെയുള്ള ഈ സഹനത്തിന്റെ ഭാഗമാണ്.

പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ആത്മനിയന്ത്രണത്തിലൂടെയും മനുഷ്യൻ കൂടുതൽ ദൈവോന്മുഖനായി, ദൈവത്തോടുകൂടെ വസിക്കുക എന്നതാണ് ഉപവാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പാപംമൂലം നഷ്ടമായ പറുദീസായുടെ അനുഭവത്തിലേക്കുള്ള തിരിച്ചുവരവാണ് നോമ്പുകാലത്തിലൂടെ യാഥാർത്ഥ്യമാകേണ്ടത്. പറുദീസാനുഭവം ദൈവത്തോടുകൂടെയായിരിക്കുക എന്നതാണ്. പറുദീസാനുഭവം നഷ്ടപ്പെട്ട മനുഷ്യകുലത്തിന് മിശിഹായിലൂടെ അതു വീണ്ടും ലഭിച്ചു. സഭാപിതാവായ മാർ അപ്രേം എഴുതിയിരിക്കുന്നത് ആദിപാപം ആദാമിന്റെ ഭക്ഷണപ്രിയംമൂലം വന്നുവെങ്കിൽ, മിശിഹാ തന്റെ ഉപവാസത്താൽ ആദാമിന്റെ പാപം സുഖപ്പെടുത്തി എന്നാണ്. മിശിഹായിലൂടെ ലഭിച്ച പറുദീസാനുഭവത്തിൽ കൂടുതൽ ആഴപ്പെടുന്നതിനുള്ള അവസരമാണ് നോമ്പുകാലം. ഈശോമിശിഹായുടെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവുമടങ്ങുന്ന പെസഹാരഹസ്യങ്ങളെ ധ്യാനിക്കുന്നതിനൊപ്പം മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും നോമ്പുകാലത്തെ നമ്മുടെ ധ്യാനത്തിനു വിഷയമാകുന്നു.

വിശുദ്ധഗ്രന്ഥത്തിൽ, പഴയനിയമകാലംമുതൽ പ്രാർത്ഥനയും ഉപവാസവുമായി ഒരു നിശ്ചിതകാലം ചെലവഴിച്ചിരുന്ന ജനതയെ കാണാൻ സാധിക്കും. ഭക്ഷണസാധനങ്ങൾ ഉപേക്ഷിച്ചുകൊണ്ടുള്ള ഉപവാസം രൂപപ്പെടുന്നത് വിലാപത്തിനുള്ള അനുഷ്ഠാനവിധിയോട് അനുബന്ധിച്ചാണ് (1 സാമു. 31,13; 2 സാമു.1,12). അനിയന്ത്രിതമായ കോപം, അഹങ്കാരം, ദുഃഖം എന്നിവയിൽനിന്ന് വിടുതൽ നേടുന്നതിനായി ഭക്ഷണപദാർത്ഥങ്ങൾ ഉപേക്ഷിച്ചിരുന്നതായി വിശുദ്ധഗ്രന്ഥത്തിൽ കാണാൻ സാധിക്കും (1 സാമു. 1,7; 1 രാജാ. 21, 14). അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ബാഹ്യപ്രകടനമായി ചാക്കുടുത്ത്, ചാരം പൂശി ഉപവാസം അനുഷ്ഠിച്ചിരുന്നു (2 സാമു. 12,22; യോന 3). യുദ്ധമോ യുദ്ധഭീഷണിയോ ഉണ്ടാകുന്ന അവസരത്തിൽ ഇസ്രായേൽ ഉപവസിച്ചിരുന്നതായി വിശുദ്ധഗ്രന്ഥത്തിൽ കാണാൻ സാധിക്കും (2 ന്യായ. 20,26, 1 സാമു. 7,6). ദാവീദ് തന്റെ മകന്റെ സുഖപ്രാപ്തിക്കായി ഉപവസിച്ചു പ്രാർത്ഥിക്കുന്നുണ്ട് (2 സാമു. 12,16). രോഗാവസ്ഥയിൽ കഴിയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് സങ്കീർത്തനങ്ങൾ പഠിപ്പിക്കുന്നു (സങ്കീ. 35,13). ദുഃഖത്തിന്റെ അവസരത്തിൽ ദാവീദും അനുചരന്മാരും ഉപവാസം അനുഷ്ഠിച്ചിരുന്നു (2 സാമു. 1,12). ആസന്നമായ അപകടത്തിൽനിന്നു രക്ഷ നേടുന്നതിന് രാജാക്കന്മാർ രാജ്യം മുഴുവനിലും ഉപവാസം പ്രഖ്യാപിച്ചിരുന്നു (2 ദിന. 20,3; ജറ. 36,9; നെഹ. 1,14). ദുരിതങ്ങളും മഹാമാരികളും അവസാനിക്കുന്നതിനായും തങ്ങളുടെ പാപങ്ങളെക്കുറിച്ചുള്ള അനുതാപത്തിന്റെ ബാഹ്യ അടയാളമായും ഇസ്രായേൽക്കാർ ഉപവാസമനുഷ്ഠിച്ചിരുന്നു (1 രാജാ. 21,9; നെഹ. 9,1 –3). ദൈവികവെളിപാടുകൾ സ്വീകരിക്കുന്നതിനൊരുക്കമായും (പുറ. 34,28; നിയ. 9,9; ദാനി. 9,3;10,3; 1 സാമു. 28,20) അവർ ഇപ്രകാരം ചെയ്തിരുന്നു.



പ്രാർത്ഥന ശക്തിപ്പെടുത്തുന്നതിനുള്ള മാർഗമാണ് ഉപവാസമെന്ന് പുതിയ നിയമം പഠിപ്പിക്കുന്നു. പുതിയ നിയമത്തിൽ ഉപവാസവും പ്രാർത്ഥനയുമായി ദിനരാത്രങ്ങൾ ചെലവഴിക്കുന്ന ഈശോയെ കാണുന്നു. ബാഹ്യമായ അനുഷ്ഠാനങ്ങളെക്കാൾ ആന്തരികതയ്ക്കാണ് അവിടുന്ന് പ്രാധാന്യം നല്കിയത് (മത്താ. 6,16; മർക്കോ. 9, 29). ദൈവപിതാവിൽനിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടിയാണ് ഉപവസിക്കേണ്ടത്. ദുഷ്ടശക്തികളെ പുറത്താക്കുന്നതിനുള്ള മാർഗം ഉപവാസവും പ്രാർത്ഥനയുമാണെന്ന് മിശിഹാ പറയുന്നുണ്ട് (മർക്കോ 9,29).

ശ്ലൈഹികസഭയുടെ ജീവിതത്തിന്റെ ഭാഗമായും ചില പ്രത്യേക അവസരങ്ങളിൽ ഉപവസിച്ചിരുന്നതായി കാണാൻ സാധിക്കും (2 കോറി. 6,5; 11,27; അപ്പ. 13,3; 14,23; 27,9). ആദിമക്രൈസ്തവർ ഈശോയുടെയും ശ്ലീഹന്മാരുടെയും മാതൃകയനുസരിച്ച് ഉപവസിച്ചിരുന്നു. മാമ്മോദീസായ്ക്ക് ഒരുക്കമായി അത് സ്വീകരിക്കുന്നവരും നല്കുന്നവരും ഉപവസിച്ചിരുന്ന രീതി ആദിമസഭയിൽ ഉണ്ടായിരുന്നതായി ഡിഡാക്കേ എന്ന പുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട്. പീഡാനുഭവ ആഴ്ചയിൽ ഉപവസിക്കുന്ന രീതി രണ്ടാംനൂറ്റാണ്ടുമുതൽ നിലവിലിരുന്നതായി സഭാപിതാക്കന്മാർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതാണ് സഭയിൽ വലിയനോമ്പായി വളർന്നത്.

ഉപവാസം പാപത്തിന്റെ വശീകരണത്തിൽനിന്ന് നമ്മെ വിടുവിച്ച് അനുതാപത്തിലേക്കു നയിക്കുന്നു. ക്രൈസ്തവന് എല്ലാ സമയത്തും ഉപവസിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. അത് അനുഷ്ഠാനങ്ങൾ കൂട്ടുന്നതിനല്ല, ആത്മനിയന്ത്രണം നേടുന്നതിനാണ്. ശരീരംകൊണ്ടും ആത്മാവുകൊണ്ടും ഉപവസിക്കണം. ഉപവാസം ദൈവതിരുമുമ്പിൽ വലിയ വിലയുള്ള നിധിയാണ്. അത് തിന്മയ്ക്കെതിരേയുള്ള വലിയ ആയുധമാണ്. ഹൃദയപരിശുദ്ധിയില്ലെങ്കിൽ ഉപവാസം സ്വീകാര്യമല്ല. ദൈവസന്നിധിയിലേക്ക് നമ്മുടെ ചിന്തകളെ ഉയർത്തുന്നതിനും റൂഹാദ്ഖുദ്ശായുടെ ഫലങ്ങൾ സ്വീകരിക്കുന്നതിനും പ്രലോഭനങ്ങൾക്കെതിരേ പൊരുതുന്നതിനും ഉപവാസം ആവശ്യമത്രേ. ഉപ്പ് മാംസത്തെ കേടുകൂടാതെ സംരക്ഷിക്കുന്നതുപോലെ ഉപവാസം വഴി നമ്മിൽ പുണ്യങ്ങൾ സംരക്ഷിക്കപ്പെടുന്നു. ദാനധർമം അനുധാവനം ചെയ്യുന്നില്ലെങ്കിൽ ഉപവാസം സ്വർഗത്തിലേക്കുയരില്ല; ഉപവാസം പ്രാർത്ഥനയുടെ സഹോദരിയാണ്. ഉപവാസം ആത്മാവിനെ സ്വർഗീയഭക്ഷണത്തിലേക്കുയർത്തുന്നു. ഉപവാസം മറ്റു പുണ്യങ്ങളുടെ അടിസ്ഥാനമാണ്. ഇപ്രകാരം പലവിധത്തിൽ നോമ്പിനെയും ഉപവാസത്തെയും സഭാപിതാക്കന്മാർ പ്രകീർത്തിച്ചിട്ടുണ്ട്. തോമസ് അക്വീനാസ് പറയുന്നു: “ജീവന്റെ പുസ്തകം വായിച്ചുകൊണ്ട് നിരന്തരം പ്രാർത്ഥിക്കുവിൻ. ഈ പുസ്തകം ദൈവമനുഷ്യനായ ഈശോമിശിഹായാണ്. ആ ജീവിതം ദാരിദ്ര്യവും സഹനവും അനുസരണയുംകൊണ്ട് നിറഞ്ഞതായിരുന്നു. അവന്റെ സഹനത്തെയും മരണത്തെയുംകുറിച്ച് ധ്യാനിക്കുക. ഇത് പൂർണമായും ഹൃദയത്തിൽനിന്ന് ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും കൃത്യമായും വ്യക്തമായും അധരങ്ങളിൽനിന്നെങ്കിലും ചെയ്യുക. കാരണം, അധരങ്ങൾ നിരന്തരം സംസാരിക്കുമ്പോൾ ഹൃദയത്തിന് ഉണർവ്വും ചൂടും ലഭിക്കും.”

നോമ്പാചരണങ്ങൾ വളരെ കാർക്കശ്യത്തോടെ അനുഷ്ഠിച്ചിരുന്നവരായിരുന്നു നമ്മുടെ പൂർവ്വികർ. അതിപുരാതനമായ കാലംമുതൽ മാർത്തോമാനസ്രാണികൾ കൃത്യമായും കർക്കശമായും നോമ്പും ഉപവാസവും ആചരിച്ചിരുന്നു. പ്രധാനപ്പെട്ട എല്ലാ തിരുനാളുകൾക്കും ഒരുക്കമായി നോമ്പുകാലം ഉണ്ടായിരുന്നു. ആണ്ടുവട്ടത്തിൽ 225-ഓളം ദിവസങ്ങളിൽ നോമ്പും ഉപവാസവുമാചരിച്ചിരുന്നു. വിശുദ്ധ നോമ്പുകാലം എന്നു വിളിച്ചിരുന്ന വലിയ നോമ്പുകാലമായിരുന്നു ഏറ്റവും പ്രാധാന്യത്തോടെ ആചരിച്ചിരുന്നത്. പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ദാനധർമത്തിനും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും വളരെ പ്രാധാന്യം നല്കിയിരുന്നു. വിശ്വാസചൈതന്യത്തിൽ ജീവിച്ചിരുന്ന മാർത്തോമ്മാനസ്രാണികൾക്ക് നവീകരണത്തിന്റെയും വിശുദ്ധീകരണത്തിന്റെയും അവസരമായിരുന്നു നോമ്പുകാലം. പൗരാണികകാലങ്ങളിൽ കഠിനമായ ചിട്ടക്രമങ്ങളാണ് ഉണ്ടായിരുന്നത്. ഒരു നേരം മാത്രം ഭക്ഷണം കഴിക്കുക, മത്സ്യമാംസാദികൾ ഉപേക്ഷിക്കുക, പള്ളിയിൽ കൂടുതൽ സമയം പ്രാർത്ഥനയിൽ ചെലവഴിക്കുക, ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്യുക എന്നിവ പ്രധാനപ്പെട്ടവയായിരുന്നു. നോമ്പു ലംഘിക്കുന്നത് വലിയ തെറ്റായാണ് കരുതിയിരുന്നത് എന്ന് ആദരണീയനായ ചരിത്രപണ്ഡിതൻ പ്ലാസിഡച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്.

നാം ആരംഭിക്കുന്ന നോമ്പുകാലം ദൈവവചനത്തിലധിഷ്ഠിതമായിരിക്കണം; സഭാപാരമ്പര്യത്തിനും നമ്മുടെ പൂർവികർ കാണിച്ചുതന്നിട്ടുള്ള തീക്ഷ്ണതയ്ക്കും അനുസരിച്ചായിരിക്കണം. നോമ്പുകാലം നമുക്ക് വീണ്ടും ജനിക്കുന്നതിനും മിശിഹായെ കൂടുതൽ അനുഭവിക്കുന്നതിനും സ്വന്തം കുരിശെടുത്തുകൊണ്ട് മിശിഹായെ അനുകരിക്കുന്നതിനുമുള്ള അവസരമാണ്. ദൈവവചനം കൂടുതൽ വായിക്കുന്നതിനും ധ്യാനിക്കുന്നതിനും ദൈവവചനമനുസരിച്ച് അനുദിനജീവിതത്തെ ക്രമീകരിക്കുന്നതിനും നമുക്കു സാധിക്കണം. വിശുദ്ധ കുമ്പസാരം നടത്തി വേണ്ടത്ര ഒരുക്കത്തോടെ നോമ്പുകാലത്തേക്കു പ്രവേശിക്കുന്നത് ഉത്തമമാണ്. നമ്മുടെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ വലിയ ജനപങ്കാളിത്തം സാധ്യമാകുന്നില്ലെങ്കിലും സാധിക്കുന്നവിധത്തിൽ തിരുക്കർമങ്ങളിൽ പങ്കെടുക്കുവാൻ നാം എല്ലാവരും ശ്രദ്ധിക്കണം. തിരുക്കർമങ്ങളുടെ സമയത്തല്ലാതെയാണെങ്കിലും ദൈവാലയങ്ങൾ സന്ദർശിക്കുന്നതിനും കൂടുതൽ പ്രാർത്ഥനാരൂപിയിൽ വളരുന്നതിനും ഈ നോമ്പുകാലം നമ്മെ സഹായിക്കണം. കുടുംബാംഗങ്ങൾ എല്ലാവരും ഒന്നുചേർന്ന് കുടുംബപ്രാർത്ഥനകൾ നിഷ്ഠയോടെ അർപ്പിക്കുകയും ദൈവവചനം വായിച്ചു ധ്യാനിക്കുകയും വേണം. ദൈവവചനത്തിനും ദൈവത്തിന്റെ സ്വരത്തിനും സവിശേഷപ്രാധാന്യം കൊടുക്കുവാനുള്ള അവസരമാണ് നോമ്പുകാലം. സെൽഫോണുകളുമായുള്ള ബന്ധം നിയന്ത്രിച്ച് ദൈവവചനവുമായുള്ള ബന്ധം സ്ഥാപിക്കുവാനുള്ള അവസരമാണിത്. അനാവശ്യവാക്കുകളും വ്യർത്ഥസംഭാഷണങ്ങളും കിംവദന്തികളും പരദൂഷണങ്ങളും വെടിയുന്നതിനും കർത്താവിനോടു കൂടുതൽ സംഭാഷണം നടത്തുന്നതിനുമുള്ള സമയമാണ് നോമ്പുകാലം.

മരുഭൂമിയുടെ ഏകാന്തതയിലാണ് മിശിഹാ പ്രാർത്ഥിച്ചൊരുങ്ങിയതും പ്രലോഭനങ്ങളെ അതിജീവിച്ചതും. നോമ്പിലൂടെ നാം മരുഭൂമിയിലേക്കു കടക്കുകയാണ്. മരുഭൂമിയിൽ വച്ച് കൂടൂതൽ വ്യക്തത ലഭിക്കും. നല്ല തീരുമാനങ്ങൾ എടുക്കാൻ കഴിയും. നമ്മെ ശല്യപ്പെടുത്തുന്ന, ശ്രദ്ധ വ്യതിചലിപ്പിക്കുന്ന പലതും മരുഭൂമിയിൽ ലഭിക്കില്ല. ലൗകിക കാര്യങ്ങൾക്കുവേണ്ടിയാണ് പലപ്പോഴും നാം ജീവിതം പാഴാക്കുന്നത്. മരുഭൂമിയിൽവച്ച് ജീവിതയാഥാർത്ഥ്യങ്ങളുമായി നാം ഏറ്റുമുട്ടുന്നു. അരൂപി നമ്മെയും മരുഭൂമിയിലേക്കു നയിക്കട്ടെ. അവിടെ ആർഭാടങ്ങൾ അപ്രത്യക്ഷമാകും. ദൈവത്തിന്റെ സ്വരം കേൾക്കാൻ കഴിയും. ഭക്ഷണപാനീയങ്ങളെക്കുറിച്ചുള്ള വ്യഗ്രതകൾ കുറയും. നമുക്ക് അല്പം വിശന്നും ദാഹിച്ചും ഈ നോമ്പുകാലം, മരുഭൂമിവാസം ഫലപ്രദമാക്കാം. ആരവങ്ങളിൽനിന്നും ബഹളങ്ങളിൽനിന്നും മനസ്സിനെയും ശരീരത്തെയും മാറ്റിനിറുത്തി ശാന്തതയോടും പരസ്നേഹചൈതന്യത്തോടും ജീവിതത്തെ ക്രമപ്പെടുത്താൻ പരിശ്രമിക്കാം. ■

# വേട്ടയാടപ്പെടുന്ന മക്കൾ



നിഷ ആന്റണി

**രാ**വണയുന്ന നേരം. സൂര്യൻ തന്റെ അസ്തമയരശ്മികളെ കുന്നിൻമുകളിലെ ആകാശത്തിൽ വിതർത്തിട്ടിരിക്കുന്നു. അതാവോളം ആസ്വദിച്ചശേഷം വയനാട് എന്ന പ്രകൃതിസുന്ദരിയുടെ മടിത്തട്ടിൽനിന്ന് അവർ മലയോരങ്ങൾ കണ്ട് ചുരമിറങ്ങി നാട്ടിലെത്തി. ഏറെ നാളുകളായുള്ള അടച്ചിരുപ്പുകാലത്തെ വിരസത ഒഴിവാക്കാനായി മാസ്കിന്റെ സുരക്ഷിതത്വത്തോടെ, പുറത്തെ പച്ചപ്പിന്റെയും കുളിർമ നിറഞ്ഞ വായുവിന്റെയും സൗരഭ്യ ആസ്വദിക്കാനിറങ്ങിയതായിരുന്നു ആ ഏഴുപേർ. നമുക്കവരെ അപ്പുവിന്റെ കുടുംബം എന്നു വിളിക്കാം. നഗരത്തിലെ ബഹുനിലഫ്ളാറ്റിൽ താമസം. സെക്യൂരിറ്റിയടക്കം എല്ലാവരുടെയും കണ്ണിലുണ്ണി. വീട്ടുകാരുടെ പൊന്നോമന. ഇനി നമുക്ക് ബാക്കി കഥയിലേക്കു കടക്കാം.

ഒരു ദിവസത്തെ സന്തോഷകരമായ യാത്രയ്ക്കുശേഷം രാത്രിയിൽ അപ്പുവും അച്ഛനും അമ്മയും കുടുംബാംഗങ്ങളും വീട്ടിലെത്തുന്നു. യാത്രയുടെ ക്ഷീണമൊന്നും അപ്പുവിനെ അലട്ടിയില്ല. പുലരാനിരിക്കുന്ന ദിനം അച്ഛന്റെ പിറന്നാളായതുകൊണ്ട് വീട് അലങ്കരിക്കാനായി അവൻ കത്രികയും പേപ്പറുമെടുത്ത് ലിവിങ് റൂമിലേക്കു നടന്നു.

"അമ്മ പോയി കിടന്നോളൂ. പന്ത്രണ്ടു മണിക്ക് അച്ഛനെ വിളിച്ചുണർത്തി വിഷ് ചെയ്തിട്ടേ ഞാൻ ഉറങ്ങുകയുള്ളൂ."

അപ്പുവിന്റെ കൊഞ്ചലിനു മറുപടിയായി നെറുകയിൽ ചുംബിച്ചതിനുശേഷം അമ്മ ഉറങ്ങുവാൻ പോയി. ഒരു പകലിന്റെ ക്ഷീണം അവരെ പൊതിഞ്ഞുറക്കിയ നേരത്ത് റൂമിലിരുന്ന മൊബൈൽ ശബ്ദിച്ചു. നോക്കിയപ്പോൾ ഫ്ളാറ്റ് സെക്യൂരിറ്റി ആണ്. സമയം രാത്രി പന്ത്രണ്ടു മണി. എന്തിനായിരിക്കും വിളിച്ചത് എന്നുള്ള ആകാംക്ഷയിൽ മനസ്സെത്തിച്ചേർന്നപ്പോഴേക്കും മക്കളൊക്കെ വീട്ടിലുണ്ടോ എന്നു നോക്കാൻ അയാൾ ആവശ്യപ്പെടുന്നു. ഉള്ളിലെ പരിഭ്രാന്തിക്കിടയിൽ വാതിൽ വലിച്ചുതുറക്കാൻ നോക്കി. പുറത്തുനിന്നാരോ ലോക്ക് ചെയ്തിരിക്കുന്നു. ഒടുവിൽ ഒരുപാട് കഷ്ടപ്പെട്ടതിനു ശേഷം വാതിൽ തുറന്ന് അടുത്ത മുറിയിൽ നോക്കി.

അപ്പു എവിടെ?

ഫ്രണ്ട് ഡോർ തുറന്ന് പുറത്തേക്കിറങ്ങാൻ ശ്രമിച്ചു. സാധിക്കുന്നില്ല. തുടർന്ന് സെക്യൂരിറ്റിയുടെ സഹായത്തോടെ വാതിൽ തുറന്ന് അവർ അപ്പുവിനെ തിരയുന്നു. അന്വേഷണത്തിന്റെ അവസാനം അയാളുടെ കണ്ണുകൾ ചെന്നെത്തുന്നത് ചിതറിക്കിടക്കുന്ന ഒരു കുട്ടിയുടെ ശവശരീരത്തിലാണ്. അപ്പു എന്ന പൊന്നോമനക്കുട്ടൻ പന്ത്രണ്ടാം വയസ്സിൽ എട്ടാം നിലയിൽനിന്നു താഴേക്കു ചാടി ആത്മഹത്യ ചെയ്തിരിക്കുന്നു.



പഠിക്കാൻ മിടുക്കൻ. സ്വഭാവത്തിൽ യാതൊരുവിധ അഴുക്കും പുരളാത്തവൻ. ലോക്ക് ഡൗൺ സമയത്തുപോലും ഹോം വർക്ക് കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നവൻ. മറ്റു കുടുംബപ്രശ്നങ്ങളൊന്നും ഇല്ലാത്തവൻ അപ്പോൾ അപ്പുവിനെ മരണത്തിലേക്കു നയിച്ച സംഭവമെന്തായിരിക്കാം? അസ്വാഭാവികമരണത്തിന് പോലീസ് കേസെടുക്കുന്നു.

ദിവസങ്ങൾ കഴിഞ്ഞു.

അപ്പുവിന്റെ സഹപാഠിയും അമ്മയുംകൂടി അപ്പുവിന്റെ കുടുംബത്തിലെത്തുന്നു. കൂട്ടുകാരന്റെ കൈയിലിരിക്കുന്ന മൊബൈലിൽ അപ്പു അവസാനമായി തന്റെ മൊബൈലിൽനിന്നും അയച്ച രണ്ടു ഫോട്ടോകൾ അപ്പുവിന്റമ്മ കാണുന്നു.

ഒന്നാമത്തേതിൽ അപ്പുവും കുടുംബാംഗങ്ങളും. രണ്ടാമത്തേതിൽ അപ്പുവില്ല. ഒട്ടും വൈകാതെ അമ്മ തന്റെ മൊബൈൽ സൈബർ സെൽ ഉദ്യോഗസ്ഥനായ സഹോദരനെ കാണിക്കുന്നു. വിശദമായ പരിശോധനയ്ക്കുശേഷം അപ്പുവിനു സംഭവിച്ചത് എന്താണെന്നു കണ്ടെത്തുന്നു. കഴിഞ്ഞ മൂന്നു മാസമായി അപ്പു കില്ലർ ഗെയിംസിന് അഡിക്ടായിരുന്നു. ഗെയിമിൽ അവന്റെ അവസാനത്തെ ടാസ്കായിരുന്നു ആത്മഹത്യാ ചലഞ്ച്. ഇനി ഈ സംഭവകഥയിലെ പ്രധാനപ്പെട്ട കാര്യങ്ങളിലേക്കാണ് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

ഒന്നാമത്തെ ചോദ്യം: എന്തുകൊണ്ട് ഇത് അപ്പുവിന്റെ കുടുംബം തിരിച്ചറിഞ്ഞില്ല?

ഒന്നുകിൽ ബ്രോക്കൺ ഫാമിലിയിലെ കുട്ടികളെ, അല്ലെങ്കിൽ പഠനത്തിൽ ഉഴപ്പിനടക്കുന്ന കുട്ടികളെയാണ് നമ്മൾ എപ്പോഴും പ്രശ്നക്കാരായി കാണുന്നത്. അപ്പു എക്സ്ട്രാ ലെവലിലുള്ള കുട്ടിയായിരുന്നു. പഠനംപോലും അലസാതെ, ഒന്നോ, രണ്ടോ മണിക്കൂർ മാത്രം നീണ്ടുനിൽക്കുന്ന ഗെയിം. അതും വീട്ടുകാരുടെ പ്രത്യക്ഷത്തിൽ മാത്രം. അമ്മയുടെ വിശ്വസ്തതയും കരുതലും കബളിക്കപ്പെട്ട സമയം. ഒപ്പം കളികഴിഞ്ഞാൽ ആപ്പ് ഹൈഡ് ചെയ്തു വയ്ക്കാൻ പറ്റിയ സൗകര്യം. പുറത്തേക്ക് യാതൊരുവിധ ലക്ഷണവുമില്ലാതെ എങ്ങനെയാണ് രോഗത്തെ തിരിച്ചറിയുന്നത്? അപ്പുവിന്റെ അമ്മ നിസ്സഹായയായിരുന്നു. നമ്മൾ എപ്പോഴും നമ്മുടെ മക്കളെ ആഴത്തിൽ വിശ്വസിക്കുന്നു.

രണ്ടാമത്തെ ചോദ്യം: അടിസ്ഥാനപരമായി കില്ലർ ഗെയിം ആപ്പുകൾക്ക് എന്താണ് നേട്ടം? ഒരാളെ കൊന്നതുകൊണ്ട് ഗെയിം മാസ്റ്റർക്ക്, മരിക്കുന്ന ആളുടെ അവയവലഭ്യതയോ, മറ്റു മെച്ചങ്ങളോ ഒന്നും കിട്ടുന്നില്ല. ആപ്പ് ഡൗൺലോഡ് ചെയ്താൽ ലഭിക്കുന്ന സാമ്പത്തികലാഭം കളിക്കുന്ന ആളുടെ മരണത്തോടെ അവസാനിക്കുന്നുവെങ്കിൽ പിന്നെ എന്തായിരിക്കും അടുത്ത ലക്ഷ്യം? ഇത്തരം ആപ്പുകളിലൂടെ നോട്ടമിടുന്നത് സാമ്പത്തികമല്ലാതെ മറ്റെന്തോ ആണെന്നുള്ളതു വ്യക്തം.

കില്ലർ ഗെയിമിനെക്കുറിച്ചുള്ള ആലോചനകൾ എന്നെ കൊണ്ടെത്തിച്ചത് മറ്റൊരു ചിന്തയിലേക്കായിരുന്നു. ആത്മഹത്യ വഴിയുള്ള മരണം. മരണംവഴി ലഭിക്കുന്ന ദുരാത്മക്കൾ. ആത്മാക്കളുടെ മോക്ഷത്തിനുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ, മോക്ഷം ലഭിക്കാത്ത ആത്മാക്കളുടെ ലോകം സൃഷ്ടിക്കാൻ ആരോ ശ്രമിക്കുന്നു. ഇത്തരം കില്ലർ ഗെയിമുകളുടെ ദാതാവും മനഃശാസ്ത്രജ്ഞനുമായ ഫിലിപ്പ് ബുഡേകിൻ എന്ന റഷ്യക്കാരൻ അറസ്റ്റിലായ നേരത്ത് പോലീസിനോട് ഇപ്രകാരം പങ്കുവച്ചു: ഭൂമിക്കു ഭാരമായവർ എന്തിനാണു ജീവിച്ചിരിക്കുന്നത്? അവർ ജീവിച്ചിരിക്കേണ്ടെന്നും അവരെ പരലോകത്തേക്ക് എത്തിക്കലാണ് ഈ ഗെയിംവഴി താൻ ഉദ്ദേശിക്കുന്നതെന്നും അയാൾ കൂട്ടിച്ചേർത്തു.

തുടക്കത്തിൽ ഇത്തരം ആപ്പുകൾ കുട്ടികളുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നു. സാഹസികത കാണിക്കാൻ വെമ്പുന്ന പ്രായത്തിൽ എന്തിനെയും ജയിക്കാൻ കഴിയുമെന്ന ചിന്ത ആ കുഞ്ഞുമനസ്സിൽ ഉറയ്ക്കുന്നു. പിന്നെപ്പിന്നെ കണ്ണിമുറുകി ഊരിപ്പോരാൻ പറ്റാത്തവിധം അവന്റെ തലച്ചോറിൽ ഗെയിം മാസ്റ്റർ മരണത്തിനെയും ജയിക്കാൻ കഴിയുമെന്ന ആത്മഹത്യാ ചലഞ്ചിന്റെ വിത്തു പാകുന്നു.

മരണത്തിലേക്കൊരു എത്തിനോട്ടം.

മുപ്പതു വെള്ളിക്കാശിനു മനുഷ്യജീവനെ ഒറ്റുക്കൊടുത്ത ശേഷം ഒരുമുഴം കയറിൽ ജീവനവസാനിപ്പിച്ചവന്റെ ആത്മാവ് ഇപ്പോഴുമിവിടെയുണ്ട്. സാത്താന്റെ രാജ്യത്തിന് ആൾബലം കൂട്ടാൻ സകല മനുഷ്യമക്കളുടെയും ആത്മാക്കൾക്കുവേണ്ടി അവൻ അലഞ്ഞുനടക്കുന്നു. അവനു വേണ്ടത് നന്മരണമല്ല. ദുർമരണമാണ്. ക്രിസ്ത്യാനിയുടെ പ്രത്യാശയായ, ദൈവത്തിന്റെ വാഗ്ദാനമായ നിത്യ ജീവനിലേക്കു പ്രവേശനം നിഷേധിക്കാൻ തക്കവിധം അവൻ ഒരാളുടെ ആത്മാവിനെ തട്ടിയെടുക്കാൻ വലവിരിക്കുന്നു.

പ്രിയ സഹോദരങ്ങളേ, നാളുകൾ അവസാനിക്കുകയാണ്. വെളിപാടിൽ പറഞ്ഞിരിക്കുന്നതുപോലെ ചുരുങ്ങിയ സമയമേ ഉള്ളൂ എന്നറിഞ്ഞ് അവൻ അരിശംകൊണ്ട് നമ്മുടെയിടയിൽ ഇറങ്ങിയിരിക്കുന്നു. ബ്ലാക്ക് മാസ്, സാത്താൻ സേവ തുടങ്ങിയ ശൃംഖലകളാണ് ഇത്തരം ആപ്പുകൾക്കു പിന്നിലെന്നു തിരിച്ചറിയാനുള്ള വകതിരിവ് ബൈബിൾ വായിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് ഉണ്ടാകണം. അടച്ചിരിപ്പുകാലംപോലും സുരക്ഷിതമല്ല. നമ്മുടെ മക്കളെ റാഞ്ചാൻ പുറത്തല്ല ആൾക്കാർ. അകത്താണ്, അതും നമ്മുടെ കൈവെള്ളയിൽ. സെർവറെപ്പോലും കണ്ടെത്താൻ സാധിക്കാത്ത ഈ ആപ്പിനുമുന്നിൽ സൈബർ ഉദ്യോഗസ്ഥർ ബുദ്ധിമുട്ടുകയാണ്. ഒരുതരം മൊബൈൽ ഗെയിമുകളും നമ്മുടെ മക്കൾക്കു വേണ്ട. ചതിക്കുഴികളും ചതുപ്പുനിലങ്ങളുമാണ് അത് ഒരുക്കിവച്ചിരിക്കുന്നത്.

□

---

**5 കേരളത്തിലെ കാട്ടുമൃഗങ്ങൾ**

മാത്യൂസ് ആർപ്പൂക്കര

## പുള്ളിപ്പുലി മികച്ച ഒളിപ്പോരാളി

**കേ**രളത്തിലെ മിക്കവാറും എല്ലാ വന്യമൃഗസംരക്ഷണകേന്ദ്രങ്ങളിലും ദേശീയോദ്യാനങ്ങളിലും പുള്ളിപ്പുലിയെ കാണാം. പുലികളിൽ പുള്ളിപ്പുലി, ചീറ്റപ്പുലി, കരിമ്പുലി, ജഗ്വാർപുലി എന്നിങ്ങനെ പല തരക്കാരുണ്ട്. എന്നാൽ, കേരളത്തിൽ പുള്ളിപ്പുലിയും കരിമ്പുലിയും മാത്രമേയുള്ളൂ. കാട്ടിലെ ഒളിപ്പോരാളികൾ തന്നെ പുള്ളിപ്പുലികൾ. പുലിയോളം മികവുറ്റ പോരാളി കാട്ടിലില്ലെന്നു പറയാം. ഇരയെ വേട്ടയാടുന്നതിൽ പുലി കാണിക്കുന്ന ശൗര്യവും കൃത്യതയും പൂച്ചക്കുടുംബത്തിൽ മറ്റൊരു മൃഗത്തിനുമില്ല. മെലിഞ്ഞുനീണ്ട ശരീരം പുള്ളിപ്പുലിക്കു പോരാട്ടത്തിനു തികച്ചും അനുകൂലഘടകം. 18 കൂർത്ത നഖങ്ങൾ ഇതിനുണ്ട്. 27 മുതൽ 30 വരെ കൂർത്ത പല്ലുകളും, പോരാട്ടത്തിലെന്നപോലെ സൗന്ദര്യത്തിലും ഗാംഭീര്യത്തിലും പുലികൾ മുന്നിൽത്തന്നെ. മഞ്ഞനിറമാർന്ന ശരീരത്തിൽ കറുത്ത പുള്ളികൾ. ഈ നിറത്തിനു കാരണം ഫിയോ മെലാനിൻ ആണ്.

പുലികൾ മാംസഭോജികളാണ്. മാൻ, മുയൽ, കാട്ടുപന്നി, കുരങ്ങന്മാർ, പക്ഷികൾ എന്നിവ തന്നെ ഇരകൾ. ഇരയെ ഭക്ഷിക്കുന്നതും വിശ്രമിക്കുന്നതും മരത്തിൽ കയറിയാണ്. സൗകര്യത്തിനു ഭക്ഷിക്കാനും ഇരയെ മറ്റാരും തട്ടിയെടുക്കാതിരിക്കാനുമാണ് പുലി ഇരയുമായി മരത്തിൽ കയറുക. പുള്ളിപ്പുലിയുടെ നീളം വാൽ ഉൾപ്പെടെ ഏതാണ്ടു രണ്ടരമീറ്ററോളം വരുന്നു. സാധാരണമായി വാലിനു രണ്ടര അടിയാവും നീളം. പരമാവധി 80 കിലോഗ്രാം ഭാരവും.



കുഞ്ഞുങ്ങളുടെ സംരക്ഷണച്ചുമതല പെൺപുലികളുടേതാണ്. കുഞ്ഞുങ്ങളെ വലിയ മരപ്പൊത്തിലോ ഗുഹയിലോ ഒളിപ്പിച്ചാണ് വളർത്തുക. കഴുതപ്പുലിയോ കടുവയോ മറ്റോ കണ്ടാൽ കുഞ്ഞുങ്ങളെ തട്ടിയെടുക്കും. ഒരു വർഷത്തോടെ പുലിക്കുട്ടി ഒരു വേട്ടക്കാരനായി മാറുന്നു. ഇരയെ ഒഴികെ ഒന്നിനെയും പുലി കയറി ആക്രമിക്കാറില്ല. കഴുത്തിനു കടിച്ചുപിടിച്ചാണ് പുലി ഇരയെ കൊല്ലുക. അതിനിടെ കുതറുകയും ഓടുകയും ചെയ്യുന്ന ഇരയുടെ ചലനങ്ങൾ നോക്കിനിന്നശേഷമാവും വീണ്ടും ഇരയെ ആക്രമിക്കുക. നേരിയ ശബ്ദംപോലും തിരിച്ചറിയാനും ദൂരെയുള്ള കാഴ്ചകൾ നല്ലപോലെ കാണാനും പുള്ളിപ്പുലിക്കാകും.

നായാട്ടുവീരന്മാരായ പണ്ടത്തെ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഇഷ്ടമൃഗമായിരുന്നു വേട്ടപ്പുലി. നായയെപ്പോലെ യജമാനസ്നേഹം പ്രകടിപ്പിക്കാനും അനുസരിക്കാനും പുലിക്കു കഴിയുമത്രേ! 25 വർഷം വരെയാണ് പുള്ളിപ്പുലിയുടെ ആയുസ്. പാന്തറ പർഡസ് എന്നാണു ശാസ്ത്രനാമം.

# വഞ്ചനയുടെ മുഖങ്ങൾ



കാരിത്തടം വർക്കി

മധ്യതിരുവിതാംകൂറിലെ ഒരു പുരാതന ക്രൈസ്തവകുടുംബത്തിലെ സുന്ദരിയും വിദ്യാസമ്പന്നയുമായ യുവതിയാണു ശാലിനി. ബാംഗ്ലൂരിൽ ഒരു പ്രശസ്തസ്ഥാപനത്തിലെ ഉദ്യോഗസ്ഥ.

ഒരു ദിവസം യാദൃച്ഛികമായി ശാലിനിക്ക് ഓഫീസിലേക്ക് ഒരു ഫോൺകോൾ!

"കുട്ടീ ഞാനൊരു വിവാഹ ദല്ലാളാണ്, കണ്ണൂരിൽനിന്ന് ഇവിടെ വന്നു താമസിക്കുന്ന നല്ല കുടുംബത്തിലെ ഒരു പയ്യനുണ്ട്. മുപ്പതിനായിരത്തിലേറെ ശമ്പളമുള്ള ജോലി. കാണാനും സുന്ദരൻ."

ശാലിനിക്ക് വിവാഹം ആലോചിച്ചുകൊണ്ടിരുന്ന സമയമായിരുന്നു അത്. തന്റെ മാതാപിതാക്കളുമായി ബന്ധപ്പെടാൻ ശാലിനി അയാളോടു പറഞ്ഞു. അഡ്രസ്സും ഫോൺ നമ്പറും നല്കുകയും ചെയ്തു. അയാൾ ശാലിനിയുടെ വീട്ടിലേക്കു വിളിച്ചു.

വിവരങ്ങളറിഞ്ഞപ്പോൾ അവർക്കും സന്തോഷമായി. അങ്ങനെ 'ദല്ലാൾ' പറഞ്ഞ പയ്യനെക്കുറിച്ച് അന്വേഷിക്കാൻ ശാലിനിയുടെ ഡാഡി ബാംഗ്ലൂരിൽ എത്തുന്നു. ഇനിയങ്ങോട്ട് ഈ ദല്ലാൾ എന്ന അദൃശ്യകഥാപാത്രത്തിന് പ്രസക്തിയില്ലാതാവുകയാണ്.

ജോലിസ്ഥലത്തുവച്ചോ സിറ്റിയിൽ വച്ചോ ഒക്കെ ശാലിനിയെ പതിവായി കാണാനിടയായ ജോയി എന്ന ചെറുപ്പക്കാരന്റെ തന്ത്രങ്ങളായിരുന്നു ഇതത്രയും. ശാലിനിയുടെ പേരും ഫോൺ നമ്പറും എങ്ങനെയോ കണ്ടെത്തിയ ജോയി കളിച്ച നാടകങ്ങളായിരുന്നു എല്ലാമെന്ന് പിന്നീടാണ് ശാലിനി മനസ്സിലാക്കുന്നത്.

റെയിൽവേ സ്റ്റേഷനിലെത്തിയ ഡാഡിയെ കാത്തുനിന്നു സ്വീകരിച്ചത് ജോയിതന്നെയായിരുന്നു.

ഓഫീസിൽ വന്ന് ശാലിനിയെ കണ്ടപ്പോൾ ഡാഡി വളരെ സന്തോഷവാനായിരുന്നു.

"എല്ലാം നിന്റെ ഭാഗ്യമാ മോളേ. അല്ലെങ്കിൽ ഇത്ര നല്ല ഒരാലോചന നമ്മെത്തേടിയെത്തില്ല."

പിറ്റേന്ന് ഔദ്യോഗികമായ 'പെണ്ണുകാണൽ' ചടങ്ങു നടന്നു. ശാലിനി താമസിക്കുന്ന ഹോസ്റ്റലിൽ വച്ച്. ജോയിക്കും മാതാപിതാക്കൾക്കും ശാലിനിയെ ഇഷ്ടമായി.

സുമുഖനായ ജോയിയെ ശാലിനിക്കും ഇഷ്ടപ്പെട്ടു. എന്നാൽ നിശ്ചയം, മനസ്സമ്മതം, വിവാഹം എന്നീ കാര്യങ്ങളെക്കുറിച്ച് അന്തിമതീരുമാനമെടുക്കുന്നത് അമേരിക്കയിലുള്ള മൂത്ത സഹോദരൻ ജോണിച്ചന്റെ സൗകര്യം കൂടി അറിഞ്ഞശേഷമേ പറ്റൂ എന്ന് ജോയി പറഞ്ഞു. ആ ധാരണയിൽ ഡാഡി നാട്ടിലേക്കു മടങ്ങി.

പിന്നീട് രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഓഫീസിലേക്കു പോകാൻ ശാലിനി ബസ്സ്റ്റോപ്പിൽ നിൽക്കെ യാദൃച്ഛികമായി ജോയിയെ കണ്ടു. അവർ രണ്ടാളും കുറെ നേരം സംസാരിച്ചു. അതിനുശേഷം പതിവായി അവർ കണ്ടുമുട്ടി.

സത്യം പറഞ്ഞാൽ മാതാപിതാക്കൾ വിവാഹം തീരുമാനിച്ച ശേഷമുള്ള ആ ദിവസങ്ങളിൽ അവർ പ്രണയിച്ചുതുടങ്ങുകയായിരുന്നു.

അവർ കൂടുതൽ അടുത്തു. ജോലിസ്ഥലത്തുപോയി ജോയി പലവട്ടം ശാലിനിയെ ബൈക്കിൽ കയറ്റി ഹോസ്റ്റലിൽ കൊണ്ടുവിട്ടു. വിവാഹം നിശ്ചയിക്കപ്പെട്ടിരുന്നതുകൊണ്ട് അങ്ങനെ അല്പം സ്വാതന്ത്ര്യമൊക്കെ കാട്ടുന്നതിൽ ശാലിനിക്ക് ഒട്ടും വിമുഖത തോന്നിയതുമില്ല.



ഒരു ദിവസം ജോയി പറഞ്ഞു:

"നാളെ എന്റെ ബർത്ത്ഡേയാണ്. വീട്ടിൽ ശാലിനിക്കു മാത്രമായി ഒരു സത്കാരം ഒരുക്കുന്നു... വരണം."

പ്രതിശ്രുത വരന്റെ ജന്മദിനാഘോഷത്തിൽ പങ്കെടുക്കുക ശാലിനിക്കും ആഹ്ലാദകരമായിരുന്നു.

പിറ്റേന്നു ജോയിക്കുള്ള ഒരു സമ്മാനവും വാങ്ങി ശാലിനി കാത്തിരുന്നു. മധ്യാഹ്നമായപ്പോൾ ജോയിതന്നെ കാറുമായെത്തി ശാലിനിയെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി.

സിറ്റിക്കുള്ളിൽത്തന്നെ എല്ലാ തിരക്കുകളിൽനിന്നും ഒഴിഞ്ഞ് മനോഹരമായ ഒരു വീട്.

പുറത്തുനിന്നു ലോക്കുതുറന്നാണ് അവർ അകത്തു പ്രവേശിച്ചത്.

"അച്ഛനും അമ്മയും എവിടെ?" ശാലിനി ആകാംക്ഷയോടെ തിരക്കി.

"നുണ പറയുന്നില്ല. ഞാനവരെ ഒഴിവാക്കി. ഒരു ബന്ധുവിന്റെ വീട്ടിലേക്കു പോയി. വൈകുന്നേരമേ തിരിച്ചെത്തൂ." ജോയി പറഞ്ഞു.

ആ സത്യസന്ധത ശാലിനിക്ക് ഇഷ്ടമായി. എങ്കിലും പരിഭവത്തോടെ ശാലിനി പറഞ്ഞു:

"അതു വേണ്ടായിരുന്നു.'

ഹോട്ടലിൽനിന്നു വാങ്ങിയ സ്വാദിഷ്ഠമായ വിഭവങ്ങൾ ഡൈനിങ് ടേബിളിൽ നിരത്തി വച്ചിരുന്നു. അതു ഭക്ഷിക്കാനിരിക്കുമ്പോഴും അവരുടെ രണ്ടാളുടെയും മനസ്സ് മറ്റേതോ ലോകത്തായിരുന്നു.

എന്തൊക്കയോ സംസാരിച്ചു. ശാലിനിയുടെ ഹൃദയം വല്ലാതെ വിവശമായിരുന്നു.

നാളെ ശാലിനി കുടുംബിനിയാകേണ്ട ആ വീടു മുഴുവൻ ജോയി ശാലിനിയെ കൊണ്ടു നടന്നു കാണിച്ചു. സിറ്റൗട്ട്, ഹാൾ, കിച്ചൺ എന്നിങ്ങനെ തുടങ്ങി ഒടുവിൽ ബെഡ്റൂം...!

കമനീയമായ ആ ബെഡ്റൂമിലെത്തിയപ്പോൾ ശാലിനിയുടെ ഹൃദയം വല്ലാതെ വിവശമായി. ജോയി ഒരു കള്ളച്ചിരിയോടെ അടുത്തുവന്ന് ശാലിനിയുടെ കരം ഗ്രഹിച്ചു. പിന്നീട് ശാലിനിയെ കോരിയെടുത്ത് ആ കിടക്കയിലേക്കു കിടത്തി. നാളെയാണെങ്കിലും ആ കിടക്കയിൽ ജോയിയോടൊത്തു ശയിക്കേണ്ടവളാണല്ലോ എന്നായിരുന്നു ശാലിനിയുടെ ചിന്ത. മധുരാനുഭൂതികളാൽ ശാലിനിയുടെ മേനിയാകെ പൂത്തുലഞ്ഞു.

അന്നു സായാഹ്നത്തോടെ ജോയിതന്നെ ശാലിനിയെ ഹോസ്റ്റലിൽ കൊണ്ടുചെന്നാക്കി.

മനഃപൂർവ്വം അവസരങ്ങളൊരുക്കി വീണ്ടും വീണ്ടും അവർ കണ്ടുമുട്ടി.

ഒന്നുരണ്ടു മാസങ്ങൾ അങ്ങനെ കടന്നുപോയി. പൊടുന്നനേ ജോയിയുടെ സ്വഭാവത്തിൽ ഒരു മാറ്റം. ഫോൺവിളി നിലച്ചു. ശാലിനിയെ കാണാനും എത്താതായി. ശാലിനിക്കു വേവലാതിയായി.

ശാലിനി ഫോണിൽ ജോയിയെ വിളിച്ചു. 'ജോലിത്തിരക്കു മൂലമാണ് തമ്മിൽ കാണാൻ പറ്റാത്തത്' എന്നു പറയുമ്പോഴുള്ള ആ സ്വരത്തിലെ തണുപ്പ് ശാലിനിയെ ഭയപ്പെടുത്തി.

വിവാഹക്കാര്യത്തിൽ എത്രയും പെട്ടെന്ന് തീരുമാനമെടുക്കണമെന്ന് ശാലിനി വീട്ടിൽ വിളിച്ചു പറഞ്ഞു. ഡാഡി ജോയിയുടെ പിതാവിനു ഫോൺ ചെയ്തപ്പോൾ, "രണ്ടാഴ്ചകൂടി സാവകാശം തരൂ" എന്നായിരുന്നു മറുപടി.

പക്ഷേ, അതൊരു പതിവായിരുന്നു. ഇതിനിടയ്ക്ക് ജോയി ശാലിനിയെ കാണാൻ എത്തിയില്ല. വേവലാതിയോടെ ശാലിനി ഫോൺ വിളിച്ചപ്പോഴെല്ലാം ജോലിത്തിരക്കാണെന്നായിരുന്നു മറുപടി.

ശാലിനിയുടെ മനസ്സുനിറയെ ആശങ്കയുടെ ഇരുൾ വന്നു നിറഞ്ഞു.

ഡാഡി വീണ്ടും ജോയിയുടെ പിതാവിനെ ഫോൺ വിളിച്ചു. അപ്പോൾ കിട്ടിയ മറുപടി ഞെട്ടിക്കുന്നതായിരുന്നു.

"ക്ഷമിക്കണം, അമേരിക്കയിൽ ജോലിയുള്ള ഒരു പെൺകുട്ടിയുമായി ജോയിയുടെ വിവാഹം കഴിഞ്ഞയാഴ്ച നടന്നു. അവനും ഭാര്യയുംകൂടി ഇന്നലെ അമേരിക്കയ്ക്കു പുറപ്പെട്ടു."

ആ മറുപടി ഡാഡിയുടെ ഹൃദയം തകർത്തു.

ശാലിനി കരഞ്ഞുകരഞ്ഞു തളർന്നു.

ജോയി ശാലിനിയെ ക്രൂരമായി വഞ്ചിക്കുകയായിരുന്നുവെന്നു ശാലിനിക്കു ബോധ്യമായി.

ജോയിയുടെ വിവാഹവാഗ്ദാനം മോഹിച്ച് അയാളുടെ കിടപ്പറയിലേക്കു കടന്നുചെന്ന ശാലിനി തെറ്റുകാരിയാണെന്ന് ശാലിനിക്കറിയാം. പക്ഷേ, ചെയ്തുപോയ തെറ്റ് ഇനി തിരുത്താനാവില്ലല്ലോ...? ■

---

## സഞ്ചാരം



ഡോ. ജെ. കട്ടയ്ക്കൽ

*(കഴിഞ്ഞ ലക്കം തുടർച്ച)*

# വിശുദ്ധരും രക്തസാക്ഷികളും

പോർട്ടുഗീസുകാരുടെ മുൻഗാമികളായിരുന്ന ഡച്ചുകാർ, കേരളത്തിൽവന്ന് മാർത്താണ്ഡവർമരാജാവുമായി 'കുളച്ചൽ യുദ്ധം' നടത്തി, പരാജിതരായതിന്റെ സത്ഫലമായി 'ഡിലെനായി' എന്ന യുദ്ധക്യാപ്റ്റൻ, മാർത്താണ്ഡവർമ്മയുടെ ആശ്രിതനായി കുളച്ചലിൽ (ഇപ്പോൾ തമിഴ്നാട്ടിൽ) ജീവിച്ചുമരിച്ചു. ഡിലെനായിയുമായി സമ്പർക്കത്തിൽ വന്ന ദേവസഹായം പിള്ള കത്തോലിക്കനായി, ക്രിസ്തുവിന്റെ രക്തസാക്ഷിയായി. ഉടനെ അദ്ദേഹം വിശുദ്ധനായി പ്രഖ്യാപിതനാകും.

**കത്തേരി തെക്കാക് വീത്താ**

വടക്കേ അമേരിക്കയിലെ പ്രഥമ ആദിവാസി വിശുദ്ധ. വെറും 24 സംവത്സരജീവിതകാലത്ത് വിശുദ്ധിയുടെ ഉന്നതസോപാനത്തിലെത്തിയ ആദിവാസി സുന്ദരി.

അമേരിക്കയിലെ ന്യൂയോർക്ക് മഹാനഗരത്തിൽനിന്ന് 65 കിലോമീറ്റർ വടക്കായി ഓറീസ് വീൽ എന്നൊരു ഇടത്തരം ടൗണിലാണ്, കത്തേരി തെക്കാക് വീത്തായുടെ ജനനം – ജനനവർഷം 1656; ദിവംഗതയായത് 1680 ലും.

മിഷൻപ്രവർത്തനസംബന്ധമായി വളരെ പ്രാധാന്യമർഹിക്കുന്ന ഒരു രമണീയപട്ടണമാണ് ഓറീസ് വീൽ. തൊട്ടടുത്തുകൂടി മോഹാക് നദി ഒഴുകുന്നു. നദീതീരത്തായി ഒരു മൊട്ടക്കുന്ന്, കുന്നിന്റെ മുകളിൽ കർത്താവീശോയുടെ വലിയൊരു ക്രൂശിതരൂപം. ക്രൂശിതരൂപത്തെത്തുടർന്ന് പ്രസിദ്ധമായ രക്തസാക്ഷിമണ്ഡപം – 'മർട്ടയേഴ്സ് ഷ്രൈൻ'. ഇതിനു ചുറ്റിലും പരിസരങ്ങളിലുമായി രണ്ടായിരത്തിലേറെ തീർഥാടകർക്കു താമസിച്ചുപ്രാർഥിക്കാനുള്ള സൗകര്യങ്ങൾ.

**രക്തസാക്ഷികൾ**

1930-ാമാണ്ട് പന്ത്രണ്ടാം പീയൂസ് മാർപാപ്പാ വിശുദ്ധരായി പ്രഖ്യാപിച്ച മൂന്ന് ഈശോസഭാ മിഷനറിമാരുടെ പ്രതിരൂപങ്ങളാണ് അടുത്തെല്ലാമുള്ളത്.

അടുത്തുതന്നെ 'കത്തേരി തെക്കാക് വീത്താ' എന്ന അടിയെഴുത്തോടുകൂടി നമ്മുടെ ആദിവാസി വിശുദ്ധയുടെ പ്രതിരൂപവും കാണാം.

**രക്തസാക്ഷിവിശുദ്ധർ**

മൊട്ടക്കുന്നിന്റെ ഉച്ചിയിലെ ക്രൂശിതരൂപം പ്രധാനമായും രക്തസാക്ഷിനേതാവായ ഫാദർ ഷോഗ് എന്ന വൈദികന്റേതാണ്. അവിടെത്തന്നെ ബ്രദർ റെനേ ഗൂപിൽ. മൂന്നാമതായി യുവാവായ ലാലൻഡിന്റെയും. അവിടെ രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കുക.

1. Fr. Issac Jogues, S.J. +1646, Oct. 18
2. Bro. Rene Goupil, S.J. + 1642, Sept 29
3. John Lalande + 1646, Oct.19

ചുറ്റുപാടുമെല്ലാം മറ്റു വേദസാക്ഷികളുടെയും പ്രതിരൂപങ്ങളുണ്ട്; നേരത്തേ സൂചിപ്പിച്ചതുപോലെ വിശുദ്ധ കത്തേരി തെക്കാക് വീത്തായുടെ പ്രതിമയും ആ കാമ്പസിലുണ്ട്. കത്തേരിയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ച വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ വലിയൊരു പെയിന്റിംഗും അവിടെ പ്രദർശിപ്പിച്ചിരിക്കുന്നു.

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂന്ന് രക്തസാക്ഷികളെക്കുറിച്ച് രണ്ടു വാക്ക്. ഫാ. ഷോഗ് രണ്ടു തവണ മൊഹാക്ക് ആദിവാസിനേതാവിന്റെ തടങ്കൽപ്പാളയത്തിൽ കഴിച്ചുകൂട്ടി. ആദ്യത്തെ തവണ ഡച്ചുകാർ അദ്ദേഹത്തെ മോചിപ്പിച്ചു. എന്നാൽ, പിറ്റേവർഷം ഫാ. ഷോഗ് വീണ്ടും മൊഹാക്ക് വർഗക്കാരുടെ പക്കലേക്കു ചെന്നു. കാരണം, അവരുടെയിടയിൽ മതപീഡനം അനുഭവിക്കുന്ന കുറെ ക്രിസ്ത്യാനികളുണ്ടായിരുന്നു. രണ്ടാംപ്രാവശ്യം മൊഹാക്ക് വർഗക്കാരുടെ പക്കലെത്തിയപ്പോൾ ആ വർഗത്തിന്റെ ക്രൂരനേതാവ് ഫാ. ഷോഗിനെ അതിമൃഗീയമായി വധിച്ചു, 1946 ഒക്ടോബർ 18 ന്.



വിശുദ്ധ കത്തേരി തെക്കാക് വീത്താ

ബ്രദർ 'റെനെ'യുടെ മരണകാരണം വിചിത്രമായിരുന്നു. ഒരിക്കൽ ഒരു ആദിവാസി പെൺകുട്ടി വന്ന് ആശീർവാദം അപേക്ഷിച്ചു. ബ്രദർ റെനെ അവളുടെ മേൽ കുരിശുവരച്ച് അവളെ ആശീർവദിച്ചു. അതായിരുന്നു പോലും വലിയ കുറ്റം.

യുവാവായ ലാലൻഡ് ഒരു കലാകാരൻകൂടിയായിരുന്നു. മിഷൻപ്രവർത്തനരംഗത്തുള്ള വലിയ പൈൻവൃക്ഷങ്ങളുടെ പുറന്തൊലിയിൽ കുരിശിന്റെ രൂപവും ഈശോയുടെ രൂപവും ഭംഗിയായി ചിത്രീകരിക്കുക, ലാലൻഡിന്റെ വിനോദമായിരുന്നു. മൊഹാക്ക് കുട്ടികൾക്ക് സാധനപാഠമായിരുന്ന കലാരൂപങ്ങളുടെ പേരിൽ ആ യുവാവും മൃഗീയമായി വധിക്കപ്പെട്ടു. കർത്താവിനെപ്രതിയാണ് അയാൾ മരണം വരിച്ചത്.

*(തുടരും)*

ദീപനാളം

ചീഫ് എഡിറ്റർ & മാനേജിംഗ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

**ആയുധങ്ങളെക്കാൾ ശ്രേഷ്ഠമാണ് ജ്ഞാനം. എന്നാൽ, വളരെയധികം നന്മ നശിപ്പിക്കാൻ ഒരൊറ്റ പാപി മതിയാകും.**

സഭാപ്രസംഗകൻ 9:18

## എഡിറ്റോറിയൽ

### വിദ്യാഭ്യാസപരിഷ്കാരം

# വിദ്യാർത്ഥിശബ്ദം അവഗണിക്കരുത്

ഹയർ സെക്കൻഡറിതലം വരെയുള്ള പൊതുവിദ്യാഭ്യാസം മെച്ചപ്പെട്ട സാഹചര്യത്തിൽ സർക്കാരിന്റെ തുടർന്നുള്ള ശ്രദ്ധ ഉന്നതവിദ്യാഭ്യാസത്തിലായിരിക്കുമെന്നും ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബായി കേരളത്തെ മാറ്റുമെന്നും മറ്റുമുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവന, വിദ്യാഭ്യാസരംഗത്ത് വികസനം കാത്തിരിക്കുന്നവർക്ക് വിപ്ലവകരമായ വാർത്തയായി മാറി. പുതിയ കോഴ്സുകളും സൗകര്യങ്ങളും വരുന്നതോടെ വിദ്യാഭ്യാസാർത്ഥം വിദ്യാർത്ഥികൾ കേരളംവിട്ടു പുറത്തുപോകുന്ന രീതി മാറുമെന്നു മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിലുള്ളവർ പഠനത്തിനും ഗവേഷണത്തിനുമായി കേരളത്തിലേക്കു വരുന്ന അവസ്ഥയുണ്ടാകുമെന്നുവരെ തുറന്നു പറഞ്ഞു മുഖ്യമന്ത്രി കയ്യടി നേടി.

കണ്ണൂർ സർവകലാശാലയിൽ 'നവകേരളം യുവകേരളം' എന്ന പേരിൽ മുഖ്യമന്ത്രി വിദ്യാർത്ഥികളുമായി നടത്തിയ സംവാദത്തിലാണ് വിദ്യാഭ്യാസകേരളത്തിലെ വികസനപദ്ധതികൾ വിളംബരം ചെയ്തത്. പക്ഷേ, ഭരണകാലാവധി തീരാൻ നാളുകളെണ്ണിക്കഴിയുന്ന സർക്കാരിന്റെ വൻവാഗ്ദാനങ്ങൾക്കും പ്രതീക്ഷകൾക്കും ആയുസ്സെത്രയെന്ന ഒരൊറ്റ ചോദ്യത്തിനൊട്ട് ഉത്തരവുമില്ല. അല്ല, അതു പറയാറായില്ല എന്നു മാത്രം.

കേരള സർക്കാരിന്റെ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് പരസ്യം ചെയ്യുന്നതനുസരിച്ച്, നമ്മുടെ പൊതുവിദ്യാലയങ്ങളെല്ലാം അന്താരാഷ്ട്രനിലവാരത്തിലാണത്രേ. സ്കൂൾ വിദ്യാഭ്യാസരംഗത്ത് കേരളം ആദ്യ ഡിജിറ്റൽ സംസ്ഥാനമാണ്. 45,000 ഹൈടെക് ക്ലാസ് മുറികളാണ് സംസ്ഥാനത്തുള്ളത്. കഴിഞ്ഞ നാലു വർഷങ്ങളിലായി 6.8 ലക്ഷം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിലെത്തി. നീതി ആയോഗ് സ്കൂൾ വിദ്യാഭ്യാസനിലവാരസൂചികയിൽ കേരളം ഒന്നാമത്. ഭാരതസർക്കാരിന്റെ പെർഫോർമൻസ് ഗ്രേഡിങ് ഇൻക്സിലും കേരളം ഒന്നാമത്. ഭൗതികസൗകര്യവികസനമുൾപ്പെടെയുള്ള കാര്യങ്ങളിൽ ഇതുവരെയില്ലാത്ത മുന്നേറ്റത്തിന്റെ കഥകളാണ് അക്കങ്ങളിലൂടെയും അക്ഷരങ്ങളിലൂടെയും സർക്കാർ പരസ്യപ്പെടുത്തിയിരിക്കുന്നത്. ഭരണകാലാവധിയുടെ അന്ത്യനാളുകളിൽ, അതും തിരഞ്ഞെടുപ്പിന് അടുത്തെത്തി നില്ക്കുന്ന വേളയിൽ, സർക്കാർ ലക്ഷങ്ങൾ മുടക്കി ഭരണനേട്ടങ്ങൾ വിളംബരം ചെയ്യുന്നതും വീരവാഗ്ദാനങ്ങൾ വിളമ്പുന്നതുമൊന്നും പുതിയ വാർത്തയല്ലല്ലോ.

വിദ്യാർത്ഥികളെ ക്ഷണിച്ചുവരുത്തി ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി സംവാദത്തിനു മുതിർന്നത് വിദ്യാഭ്യാസകേരളം സശ്രദ്ധം വീക്ഷിച്ചു. മാത്രമല്ല വളരെ പ്രശംസനീയമായ കാര്യമായിത്തന്നെ അതു ചർച്ച ചെയ്യപ്പെടുകയുമുണ്ടായി. ചോദ്യങ്ങൾ മുൻകൂട്ടി വാങ്ങി അതിൽ തിരഞ്ഞെടുത്തവ മാത്രമാണ് അവതരിപ്പിക്കാൻ അനുവദിച്ചത്. അല്ലാതെയുള്ള ചോദ്യങ്ങൾക്ക് അവസരം കൊടുത്തില്ല. വിദ്യാർത്ഥികൾക്ക് അവരുടെ മനസ്സു തുറന്നുള്ള ഒരു സ്വാഭാവികസംവേദനത്തിനു സാധ്യതയില്ലായിരുന്നുവെന്നു ചുരുക്കം. മുന്നൊരുക്കങ്ങളൊന്നുമില്ലാതെ, നിശ്ചിതസമയപരിധിക്കുള്ളിൽത്തന്നെ, രാഷ്ട്രീയനിറം ഒട്ടും കലരാതെ, വിദ്യാർത്ഥികളും മുഖ്യമന്ത്രിയുമായി ഒരു തുറന്ന സംവാദത്തിന് അവസരമൊരുക്കിയിരുന്നെങ്കിൽ അതു ഭാവികേരളത്തിന് പരിവർത്തനത്തിന്റെ കാലമാകുമായിരുന്നു.

നമ്മുടെ വിദ്യാഭ്യാസരംഗം ഇന്നും 'മുതിർന്നവർ' കയ്യടക്കിവച്ചിരിക്കുകയാണ്. അധ്യാപകർ സംസാരിക്കുകയും വിദ്യാർത്ഥികൾ കേൾക്കുകയും മാത്രം ചെയ്യുന്ന വിദ്യാഭ്യാസരീതിക്കു മാറ്റം വരേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികേന്ദ്രിതവിദ്യാഭ്യാസം (student centred education) എന്നത് താത്ത്വികാടിത്തറയിൽ ഭദ്രമായി ഫയലുകളിലുറങ്ങുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ഒരുമിച്ചിരുന്ന് അവരുടെ ഭാവിസ്വപ്നങ്ങളെക്കുറിച്ചും പ്രതീക്ഷകളെക്കുറിച്ചും ചിന്തിക്കാനോ പറയാനോ സ്കൂൾ/കോളജ് അങ്കണങ്ങളിൽ തുറന്ന വേദികൾ ഒരുക്കാൻ മടിക്കുന്നതെന്താണ്? വിദ്യാഭ്യാസത്തിൽ കാലോചിതമായ പരിവർത്തനങ്ങൾക്കും, പരീക്ഷ/സിലബസ് തുടങ്ങിയവയുടെ പരിഷ്കരണങ്ങൾക്കും വിദ്യാർത്ഥികളുടെ അഭിപ്രായങ്ങളെയുംകൂടി പരിഗണിക്കാൻ മടിക്കുന്നതെന്തിനാണ്? കുട്ടികൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസത്തിന് അവരുടെ ചിന്തയ്ക്കും സ്വരസാന്നിദ്ധ്യത്തിനും ക്രിയാപരതയ്ക്കും അർഹിക്കുന്ന പ്രാധാന്യവും പങ്കാളിത്തവുമുണ്ടാകുമെന്നു വിചാരിക്കുന്നപക്ഷം വിദ്യാഭ്യാസത്തെയും പരിഷ്കാരങ്ങളെയുമൊക്കെ അവർ ഇഷ്ടപ്പെടും. അവരുടെ അഭിരുചികളും ആഭിമുഖ്യങ്ങളും അന്വേഷിച്ചറിയാനുള്ള പ്രതിബദ്ധതയും അതിനുള്ള താത്പര്യവും മുതിർന്ന തലമുറയ്ക്കുണ്ടാകണം. കുട്ടികളെയുംകൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള വിദ്യാഭ്യാസപരിഷ്കരണങ്ങൾക്കു വിദ്യാഭ്യാസവകുപ്പും വിചക്ഷണരും തുടക്കം കുറിക്കുന്നപക്ഷം, അധ്യയനരംഗത്ത് അഭൂതപൂർവമായ വികസനവും വെളിച്ചവും ഉണ്ടാകുമെന്നതിൽ സംശയമില്ല. □

# പി. വത്സലയ്ക്കും എൻ.വി.പി. ഉണിത്തിരിക്കും സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം


പി. വത്സല


എൻ.വി.പി. ഉണിത്തിരി


ദലിത് ബന്ധു എൻ.കെ. ജോസ്


യു കലാനാഥൻ


സിപി അബൂബക്കർ


റോസ് മേരി


പാലക്കീഴ് നാരായണൻ


പി.അപ്പുക്കുട്ടൻ

2019 ലെ കേരളസാഹിത്യ അക്കാദമി അവാർഡുകൾ പ്രഖ്യാപിച്ചു. നോവലിസ്റ്റ് പി. വത്സലയ്ക്കും ഭാഷാപണ്ഡിതൻ എൻ.വി.പി. ഉണിത്തിരിക്കും സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം.


സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം ദലിത് ബന്ധു എൻ.കെ. ജോസ്, യു. കലാനാഥൻ, സി.പി. അബൂബക്കർ, റോസ് മേരി, പാലക്കീഴ് നാരായണൻ, പി. അപ്പുക്കുട്ടൻ എന്നിവർക്കു ലഭിച്ചു.


**അവാർഡുകൾ:** പി. രാമൻ (കവിത), എം. ആർ. രേണുകുമാർ (കവിത), എസ്. ഹരീഷ് (നോവൽ), വിനോയ് തോമസ് (കഥ), അരുൺ എഴുത്തച്ഛൻ (യാത്രാവിവരണം), സജിത മഠത്തിൽ, ജിഷ അഭിനയ (നാടകം), ഡോ. കെ. എം. അനിൽ (സാഹിത്യവിമർശനം), ജി. മധുസൂദനൻ, ഡോ. ആർ.വി.ജി. മേനോൻ (വൈജ്ഞാനിക സാഹിത്യം), എം.ജി.എസ്. നാരായണൻ (ആത്മകഥ), കെ. അരവിന്ദാക്ഷൻ (വിവർത്തനം), കെ.ആർ. വിശ്വനാഥൻ (ബാലസാഹിത്യം), സത്യൻ അന്തിക്കാട് (ഹാസസാഹിത്യം).


പി. രാമൻ


എം.ആർ. രേണുകുമാർ


എസ്. ഹരീഷ്


വിനോയ് തോമസ്


അരുൺ എഴുത്തച്ഛൻ


സജിത മഠത്തിൽ



ജിഷ അഭിനയ


ഡോ. കെ.എം. അനിൽ


ജി. മധുസൂദനൻ


ഡോ. ആർ.വി.ജി മേനോൻ


എം.ജി.എസ്. നാരായണൻ


കെ.അരവിന്ദാക്ഷൻ


കെ.ആർ. വിശ്വനാഥൻ


സത്യൻ അന്തിക്കാട്

**എൻഡോവ്മെന്റുകൾ:** ഐ.സി. ചാക്കോ അവാർഡ് - പ്രഫ. പി. മാധവൻ, സി.ബി. കുമാർ അവാർഡ് - ഫാ. ബോബി ജോസ് കട്ടികാട്, കെ.ആർ. നമ്പൂതിരി അവാർഡ് - സന്ദീപാനന്ദഗിരി, കനകശ്രീ അവാർഡ് - ഡി. അനിൽകുമാർ, ഗീതാഹിരണ്യൻ അവാർഡ് - അമൽ, ജി.എൻ. പിള്ള അവാർഡ് - സി.എസ്. മീനാക്ഷി, തുഞ്ചൻ സ്മാരക പ്രബന്ധമത്സരത്തിന് ഒന്നാം സമ്മാനം ഇ.എം. സൂരജ.

# റേഷൻകാർഡ്

കഥ



മിനി സുരേഷ്

റേഷൻകാർഡിൽ പഞ്ചിങ് നിർബന്ധമാക്കുന്നതിനുമുൻപുള്ള കാലം. തങ്ങളൊക്കെ വലിയ കുടുംബക്കാരാണെന്നും, റേഷൻ കടയിലൊക്കെ പോകുന്നത് കുറച്ചിലാണെന്നും കരുതുന്ന ചില മനുഷ്യർ ഉണ്ടായിരുന്നു. തകർന്നു പോയ ജന്മിത്വത്തിന്റെയും പൊള്ളയായ ജാടകളുടെയും, പൊങ്ങച്ചത്തിന്റെയും മുഖംമൂടിയണിഞ്ഞ് മേലാളന്മാരെന്നു സ്വയം അഭിമാനിക്കുന്ന കൂട്ടർ. അത്തരത്തിലൊരു കുടുംബത്തിലെ കണ്ണിയായിരുന്നു നമ്മുടെ ചന്ദ്രികയും.

"ഏതേലും ആപ്പീസുകാര്യത്തിനു ചെല്ലുമ്പോൾ മേൽവിലാസം അറിയാനൊരു തെളിവു വേണമെന്നു പിള്ളേരുടെ അച്ഛൻ പറയുന്നതുകൊണ്ടാണ് ഈ റേഷൻ കാർഡ് സൂക്ഷിച്ചുവച്ചിരിക്കുന്നത്. റേഷൻ കടയിലെ പുഴുപിടിച്ച അരി മേടിക്കേണ്ട ഗതികേടൊന്നും ഏതായാലും ഇവിടില്ല. ആവശ്യത്തിലും അതിൽകൂടുതലും നെല്ല് ഇവിടെ പത്തായത്തിലുണ്ട്. റേഷൻ കടയിൽനിന്നു കിട്ടുന്ന സാധനങ്ങളൊക്കെ പണിക്കാരി രാജമ്മ വാങ്ങിക്കുവാണ്. പിന്നെ വല്லപ്പോഴും ഇത്തിരി മണ്ണെണ്ണ വല്ലോം വാങ്ങിച്ചെങ്കിലായി. കരിയില കൂട്ടിയിട്ട് കത്തിക്കുമ്പം തീ പെട്ടെന്ന് പിടിക്കുവാൻ നല്ലതാ. അത്രേയുള്ളൂ അതു കൊണ്ടിവിടെ പ്രയോജനം!"

അടുക്കളത്തളത്തിൽ ഉച്ചയൂണും കഴിഞ്ഞ് പതിവായി കൂടാറുള്ള പരദൂഷണസദസ്സുകളിൽ ഒരിക്കൽ അമ്മൂമ്മ കൂട്ടുകാരികളായ അമ്മൂമ്മാസിന്റെ മുൻപിൽ പൊങ്ങച്ച സഞ്ചി അഴിച്ചിടുന്നതു കേട്ടതു മുതലാണെന്നു തോന്നുന്നു ചന്ദ്രികയുടെ മനസ്സിലും റേഷൻ കട എന്നു കേൾക്കുമ്പോൾ ഒരു ഒരു വിമ്മിട്ടം തോന്നിത്തുടങ്ങിയത്. കാരണമൊന്നുമില്ല പറയാൻ. വിശപ്പിന്റെ വിളി അറിഞ്ഞിട്ടില്ല, അത്രതന്നെ.

ഫെബ്രുവരിമാസമാകുമ്പോൾ അച്ഛൻ വയലിലേക്കു കൊയ്ത്തിനായി പോകുമെന്നും ആ ഒരാഴ്ചക്കാലം ആരെയും പേടിക്കാതെയും പഠിക്കാതെയും കളിച്ചുതിമിർത്തു നടക്കാമെന്നുള്ളതുകൊണ്ടു കൊയ്ത്തുകാലമെന്നു കേൾക്കുമ്പോൾ അവളുടെ മനസ്സിൽ സന്തോഷമായിരുന്നു. ഇതിനിടയിൽ 'ബ്ലോക്കിൽനിന്നു വളം സംഘടിപ്പിക്കാൻപോകണം' എന്നൊക്കെ അച്ഛൻ അമ്മയോടു പറയുന്നതൊക്കെ കേൾക്കാറുണ്ടെങ്കിലും കൃഷിയുടെ ഗൗരവമോ എത്രയോ തൊഴിലാളികളുടെ എല്ലുമുറിയെയുള്ള അദ്ധ്വാനമാണ് തങ്ങളുടെ പത്തായം നിറയ്ക്കുന്നതെന്നും മറ്റുമുള്ള ചിന്തകളോ അവളെ ഗ്രസിച്ചിരുന്നേയില്ല.

കോലായിൽ അട്ടിയായി അടുക്കിവയ്ക്കുന്ന നെല്ലിൻ ചാക്കുകളിൽ ചാടിക്കളിക്കുന്ന കളിയായിരുന്നു അക്കാലങ്ങളിൽ അവളുടെയും സഹോദരങ്ങളുടെയും പ്രധാന വിനോദം.

ഇന്നത്തെ കുട്ടികളോട്, 'അരി എവിടെ നിന്നുകിട്ടുന്നു' എന്നു ചോദിച്ചാൽ ഒരുപക്ഷേ, 'സൂപ്പർ മാർക്കറ്റിൽനിന്നാണ്' എന്നാവും ഉത്തരം. പക്ഷേ, അങ്ങനെ തന്റെ കുഞ്ഞുങ്ങൾ പറയാതിരിക്കുവാൻ ചന്ദ്രിക, പണ്ട് വട്ടച്ചെമ്പിൽ നെല്ലു പുഴുങ്ങി, ഉരലിൽ നെല്ലു കുത്തിയെടുത്തിരുന്ന കഥയൊക്കെ മക്കൾക്കു പറഞ്ഞു കൊടുത്തിട്ടുണ്ട്. പണ്ടത്തെ ഉരലിൽ പത്തുമണിച്ചെടി നട്ട് വീട്ടുമുറ്റത്തുതന്നെ സ്ഥാപിച്ചിരിക്കുന്നതുകൊണ്ട് ഭാഗ്യത്തിന് ഉരൽ ഏതാണെന്ന് അവർക്കറിയാം. ആ കഥകളിലും അമ്മയുടെ കുറെ തറവാട്ടുമഹിമകൂടി നിറയ്ക്കുമെന്നു മാത്രം.

ഇരുട്ടുവീഴാൻ തുടങ്ങുന്ന സന്ധ്യകളിൽ ചുവന്നുതുടുത്ത മാനത്തെക്കാൾ പ്രഭയോടെ വിറകടുപ്പിലെ അഗ്നി ആളിപ്പടർന്നു ജ്വലിക്കുമ്പോൾ വലിയ വട്ടച്ചെമ്പിൽ നെല്ലു പൊട്ടിയടർന്നു പിറവിയെടുക്കുന്ന അരിമണികളുടെ കഥകൾ മക്കളോടു പറയുമ്പോൾ കുറെ പൊങ്ങച്ചങ്ങളും പണ്ട് വീട്ടിൽ സഹായത്തിന് ഒരുപാട് പേരുണ്ടായിരുന്നെന്നുമൊക്കെ ഊന്നൽ കൊടുക്കാൻ മറക്കാറില്ല.

അപ്പോളവളുടെ മനസ്സിൽ വലിയ കണ്ണാപ്പകൊണ്ട് കുട്ടയിലേക്ക് പുഴുങ്ങിയ നെല്ല് കോരിയിടുന്നതും പിറ്റേദിവസം വെള്ളം വാർന്ന നെല്ല് നീളം കൂടിയ ചിക്കുപായയിൽ ഉണക്കാനിടുന്നതുമൊക്കെയായിരിക്കും. കാക്കയും കോഴിയും കൊത്താതെ പായയിലെ നെല്ലിനു കാവലിരിക്കുവാനും അന്നൊക്കെ വലിയ ഉത്സാഹമായിരുന്നു. നെല്ലുണങ്ങി വന്നാലും കുത്തി അരിയാക്കി എടുക്കുന്നതുതൊട്ട് ഉമി തെള്ളി തവിട് കളഞ്ഞെടുത്ത് ഉമിക്കരിയാക്കുന്നതുവരെ എത്രയെത്ര പരിപാടികൾ.

കാലം ചെന്നതോടെ വയലുകളെല്ലാം വിറ്റു. സഹോദരങ്ങളെല്ലാം ഗൾഫിലും മറ്റും ഉദ്യോഗം തേടിപ്പോയപ്പോൾ വയലുകളിലൊന്നും കൃഷിയിറക്കാനാളില്ലാതായി. വിറ്റുപോയ വയലുകളൊക്കെ നികത്തി അവിടെയെല്ലാം നിറയെ കെട്ടിടങ്ങളുമായി. സഹോദരങ്ങൾക്കെല്ലാം അവരവരുടെ കാര്യങ്ങളുമായി. കച്ചവടം തീരെ കുറഞ്ഞുപോയിട്ടും വസ്ത്രവ്യാപാരമുതലാളി എന്ന പേരു മാഞ്ഞുപോകാതിരിക്കുവാൻവേണ്ടി മാത്രം ചെറിയൊരു തുണിക്കടയും തുറന്നുവച്ചിരിക്കുന്ന 'രാഘവൻ മുതലാളി'യുടെ ഭാര്യയായി ചന്ദ്രിക മാത്രം നാട്ടിലുണ്ട്.

''അദ്ധ്വാനത്തിന്റെയോ മണ്ണിന്റെയോ വില അറിയാതെ എല്ലാം വിറ്റുനശിപ്പിച്ചിട്ടുള്ളവർക്ക് ഇങ്ങനെയൊക്കെയേ ജീവിക്കുവാൻ പറഞ്ഞിട്ടുള്ളൂ. ചന്ദ്രികയ്ക്ക് ആ കൃഷിയൊക്കെ നോക്കി നടത്താൻമേലായിരുന്നോ?'' ഒരിക്കൽ മകൾക്കു ഫീസടയ്ക്കുവാനായി ലോണിനപേക്ഷിക്കുവാൻ ചെന്നപ്പോൾ ബാങ്ക് മാനേജർ ചോദിക്കുകയുണ്ടായി. അന്നും അവളിലെ തറവാടി തലകുനിച്ചില്ല.

"പിന്നേ, ഞങ്ങടെ കുടുമ്മത്ത് പെണ്ണുങ്ങളാരും അതൊന്നും ചെയ്തിട്ടില്ല." ദേഷ്യത്തിൽതന്നെയങ്ങ് അന്ന് മറുപടി കൊടുത്തിരുന്നു. എങ്കിലും റേഷൻ കാർഡ് പുതുക്കുവാനായി അടുത്തുള്ള സ്കൂളിൽ ക്യൂവിൽ നിൽക്കുമ്പോൾ ചന്ദ്രികയുടെ ഉള്ളിലുറങ്ങിക്കിടന്നിരുന്ന പഴയ ദുരഭിമാനം തലപൊക്കി. താനിതിലൊന്നും വന്നു നിൽക്കേണ്ടവളല്ലെന്ന വലിയ ഭാവം ഉള്ളിൽ നുരയിടുന്നതിനാലാവാം,

"എത്ര നേരമായി ഇവിടെ കാത്തുനിൽക്കുന്നു, വീട്ടിലെ പെണ്ണുങ്ങളുടെ പേരുതന്നെ കാർഡിൽ വരുത്തണമെന്ന് നിങ്ങൾക്കിത്ര നിർബന്ധമെന്താ. ഞങ്ങളൊന്നും സാധനം വാങ്ങുന്നവരല്ല, മേൽവിലാസത്തിനു തെളിവായാണ് കാർഡ് എടുക്കുന്നത്. ഒന്നു വേഗം വിട്ടാലെന്താ?"

അതിലേ വന്ന ഉദ്യോഗസ്ഥന്റെ നേരേ ചുറ്റുമുള്ളവരെ കേൾപ്പിക്കാനെന്നവണ്ണം അവൾ ചൊടിച്ചു.

പുറത്തുള്ള ജീപ്പിൽനിന്ന് ഏതോ ഫയലുമെടുത്ത് തിരക്കിട്ട് അകത്തേക്കുപോകുകയായിരുന്ന ഉദ്യോഗസ്ഥൻ തിരിഞ്ഞ് അവളെ സൂക്ഷിച്ചു നോക്കി പരിഹാസം ഒട്ടും കലർത്താതെ പറഞ്ഞു:

''ചേച്ചീ റേഷൻ വാങ്ങുവാനുള്ളതാണ് കാർഡ്. ഭാരതത്തിലെ ജനങ്ങളൊന്നും പട്ടിണി കിടക്കരുതെന്ന ആഗ്രഹത്തിൽ ഗവൺമെന്റ് തുടർന്നുകൊണ്ടുപോകുന്ന പദ്ധതി. വീടിന്റെ അകത്തളങ്ങളിൽ ഇരുണ്ട മൂലയിലായിപ്പോയ നിങ്ങളെപ്പോലെയുള്ള സ്ത്രീജനങ്ങളെ മുൻനിരയിലേക്കു കൊണ്ടുവരുവാനുള്ള സർക്കാരിന്റെ ശ്രമമാണ് കാർഡ് ഗൃഹനായികയുടെ പേരിലാക്കുന്നു എന്നുള്ളതും. പിന്നെ സാധനങ്ങൾ ആവശ്യമില്ലെങ്കിൽ സാധുക്കളായുള്ള ആർക്കെങ്കിലും സാധനങ്ങൾ വാങ്ങിച്ചു നൽകൂ. ഏതായാലും ഉള്ള കാർഡു കളയണ്ട. കുറച്ചു ക്ഷമിച്ചു നിൽക്കൂ."

ഇത്രയും പറഞ്ഞ് അയാളകത്തേക്കു പോയപ്പോൾ ചിരിയടക്കുന്ന ചുറ്റുമുള്ള പരിചയക്കാരെ നേരിടാനാവാതെ നേരിയ ചമ്മലോടെ അവൾ നിന്നു. എങ്കിലും ഒരിക്കലും റേഷൻകടയിലോട്ടു പോകില്ലെന്ന വാശിയിൽത്തന്നെയായിരുന്നു അവൾ. 'മൂന്നു മാസത്തിലൊരിക്കൽ ചെന്നു പഞ്ചിങ് നടത്തിയില്ലെങ്കിൽ കാർഡ് ക്യാൻസലാകും' എന്നൊക്കെയുള്ള ഭീഷണി ഉയർന്നപ്പോളാണ് റേഷൻ കടയിൽ പോകാതെ തരമില്ലെന്നു വന്നത്. കുറെ പ്രാവശ്യമൊക്കെ ഭർത്താവ് രാഘവക്കുറുപ്പിനോടു പറഞ്ഞുവെങ്കിലും അവളെക്കാൾ കുടുംബമഹിമയിൽ അള്ളിപ്പിടിച്ചുകിടക്കുന്ന ആളായതിനാൽ അയാളതു കേട്ടില്ലെന്നങ്ങ് നടിച്ചു.



അലമാരയിൽ മടക്കിവച്ചിരിക്കുന്ന മുന്തിയൊരു സാരിയുമുടുത്ത് റേഷൻ കടയിൽചെന്ന് 'പഞ്ചിങ്' നടത്തി ക്യൂവിൽ നിൽക്കുന്നവരെയൊന്നും ശ്രദ്ധിക്കാതെ ജാടയിൽത്തന്നെയാണ് വീട്ടിലേക്കു മടങ്ങിപ്പോന്നതും.

കൊറോണ ശക്തമായി. അടച്ചുപൂട്ടലിന്റെ നാളുകളിലാണ് നാടെങ്ങും ക്ഷാമത്തെക്കുറിച്ചുള്ള ഭീതി പടർന്നത്. "വടക്കേലെ വീട്ടുകാര് രണ്ടു ചാക്ക് അരിയൊക്കെ വാങ്ങിവച്ചിട്ടുണ്ട്." ചന്ദ്രിക ഭർത്താവിനോടു പറഞ്ഞു.

"ഓ, കൊറോണ!" അതൊക്കെ ഇപ്പഴങ്ങ് മാറും. വെറുതേ കൂടുതൽ സാധനങ്ങൾ വാങ്ങി പൂപ്പൽ പിടിപ്പിച്ച് കളയണ്ട."

രണ്ടു ചാക്ക് അരി ഒന്നിച്ചു വാങ്ങുവാനുള്ള പണം കൈയിലില്ലെന്ന സത്യം മറച്ചുപിടിച്ചുകൊണ്ട് അയാൾ മറുപടി പറഞ്ഞു.

അടച്ചുപൂട്ടലിന്റെ നാളുകൾ അങ്ങനെയങ്ങു നീണ്ടുപോയി. വരുമാനം തീരെ കുറഞ്ഞ കടയിൽനിന്ന് ഒന്നുംതന്നെ ലഭിക്കാതായപ്പോൾ വിശപ്പിന്റെ വിളിയെക്കുറിച്ച് ആദ്യമായി ചന്ദ്രിക ബോധവതിയായി. നാട്ടിലൊക്കെ പാവങ്ങൾക്കായി കമ്യൂണിറ്റി കിച്ചണുകൾ ഉയരുന്നതറിഞ്ഞിട്ടും സ്വന്തം കാര്യത്തെക്കുറിച്ചു മാത്രം ഓർത്ത് അവൾ ദുഃഖിച്ചു കൊണ്ടിരുന്നു. നാട്ടിൽ കൊറോണ പടർന്നുപിടിക്കുന്ന വാർത്തകളൊന്നും അവളെ അലട്ടിയതേയില്ല.

"ഇത്തിരി അരി കരുതിവച്ചാൽ ഒരു സമാധാനമുണ്ടായിരുന്നു. തേങ്ങ പറമ്പിലുള്ളതുകൊണ്ട് ചമ്മന്തിയരച്ചാണേലും കഞ്ഞി കുടിക്കാമല്ലോ." ഇടയ്ക്കിടയ്ക്ക് അവൾ ഭർത്താവിനോട് ഉരുവിട്ടുകൊണ്ടിരുന്നു.

"റേഷൻകടവഴി പതിനഞ്ചു കിലോ അരി സൗജന്യമായി കൊടുക്കുന്നുണ്ടെന്നു കേട്ടു. നീയാ സഞ്ചി ഇങ്ങെടുക്ക്. ഞാൻ പോയി വാങ്ങിയിട്ടു വരാം. പലവ്യഞ്ജസാധനങ്ങളുടെ കിറ്റും ഉണ്ട്. അതുകൊണ്ടൊക്കെ തള്ളി വിട് ഈ മാസം. അല്ലാതെ നിവൃത്തിയില്ല. പട്ടിണികിടന്ന് മരിക്കണ്ടല്ലോ.'' അയാൾ പറഞ്ഞതുകേട്ട് അവൾക്കദ്ഭുതം തോന്നി. ഇരുന്നിടത്തുനിന്ന് അനങ്ങാത്ത മനുഷ്യനാണ്.

''എന്നാൽ, ഞാനുംകൂടെ വരാം. ഒന്നിച്ചത്രയും സാധനങ്ങൾ ഒറ്റയ്ക്കു നിങ്ങൾ എങ്ങനെ ചുമന്നുകൊണ്ടു വരും.'' മാസ്ക് മുഖത്തേക്കു വലിച്ചിട്ട് അവളും കൂടെയിറങ്ങി.

''അതേയ്, പരിചയക്കാരാരെയെങ്കിലും കണ്ടാൽ കമ്യൂണിറ്റി കിച്ചണിൽ സംഭാവന കൊടുക്കാനാണെന്നു പറഞ്ഞാൽ മതി കേട്ടോ. ആ, പിന്നെ മാസ്കുള്ളതുകൊണ്ട് പെട്ടെന്നാരും തിരിച്ചറിയത്തുമില്ല."

നടക്കുന്നതിനിടയിൽ അവൾ പിറുപിറുത്തു കൊണ്ടേയിരുന്നു. "എല്ലാവരും സാമൂഹിക അകലം പാലിച്ചു നിൽക്കണം." കടക്കാരൻ ഇടയ്ക്കിടയ്ക്ക് വിളിച്ചു പറയുന്നുമുണ്ട്.

അറിയാവുന്നവർ ഒരുപാടു പേർ ക്യൂവിലുണ്ട്.

"നോക്കിക്കേ എല്ലാവരുമുണ്ട് നമ്മൾ മാത്രമേ ഇത്രയുംകാലം ദുരഭിമാനവും കെട്ടിപ്പിടിച്ചു നടന്നിട്ടുള്ളൂ." അയാൾ പറഞ്ഞു.

സഞ്ചിയിലേക്കു പകർന്നു കിട്ടിയ അരി കണ്ടപ്പോൾ ചന്ദ്രിക അമ്പരന്നുപോയി. എന്തു നല്ല അരി!

ഈ അരിയെയാണോ ഇത്രയും നാളും പുച്ഛിച്ചിരുന്നത്. കടയിൽനിന്നു വലിയ വില കൊടുത്തു വാങ്ങുമ്പോൾ എല്ലാം കേമം എന്നു തോന്നും. ഇനി ഇടയ്ക്ക് ഇവിടെ വന്ന് തങ്ങളുടെ കാർഡിനു ലഭിക്കുന്ന സാധനങ്ങളൊക്കെ വാങ്ങണം.

വീട്ടിൽ തിരിച്ചെത്തിയ ചന്ദ്രിക റേഷൻ കാർഡ് വളരെ ഭദ്രമായി അലമാരയിൽ എടുത്തുവച്ചു ഐശ്വര്യത്തിന്റെ അവതാരമായി പട്ടിണി മാറ്റാനെത്തിയ അന്നലക്ഷ്മിയെ അന്നാദ്യമായി അവൾ ബഹുമാനപുരസ്സരം വീക്ഷിച്ചു.

■



ചുറ്റുവട്ടം




# മഞ്ഞണിഞ്ഞു മനോഹരിയായി മൂന്നാർ

**കെ.ജി. രഞ്ജിത്ത്**

മഞ്ഞിൽ കുളിച്ചുനിൽക്കുന്ന മലനിരകൾ, പച്ച വിരിച്ച പുൽമേടുകൾ, കണ്ണെത്താദൂരത്തോളം നീണ്ടുകിടക്കുന്ന തേയിലത്തോട്ടങ്ങൾ, കരിമ്പാറക്കൂട്ടങ്ങൾക്കിടയിലൂടെ വെള്ളിയാഭരണങ്ങൾ പോലൊഴുകുന്ന നീർച്ചാലുകൾ... അതെ, കൊടും ചൂടിലും മഞ്ഞു പെയ്യുന്ന, കേരളത്തിന്റെ കാശ്മീർ എന്നറിയപ്പെടുന്ന മൂന്നാറിന്റെ മനോഹാരിത ഒന്നു വേറേതന്നെയാണ്.

ഇടുക്കിജില്ലയിൽ സ്ഥിതിചെയ്യുന്ന സുന്ദരമായ പർവതപ്രദേശമാണ് മുന്നാർ. എത്ര കണ്ടാലും മതിവരാത്ത സ്ഥലം. ദൈവം മനുഷ്യനായി കാഴ്ചകൾ സൂക്ഷിച്ചുവച്ചിരിക്കുന്ന സുന്ദരഭൂമി. അതിശൈത്യമെത്തിയതോടെ മൂന്നാറിന്റെ മനോഹാരിതയ്ക്കു മാറ്റു കൂടി. മൈനസ് ഡിഗ്രിയിൽ തണുത്തുറഞ്ഞ മഞ്ഞുകട്ടകൾ ഇളവെയിലിൽ ഉരുകിവീഴും. പുഴകളിൽനിന്നു പുകപോലെ മഞ്ഞുയരും. പുൽനാമ്പുകളിലെ മഞ്ഞിൻ കണങ്ങൾ സൂര്യകിരണങ്ങളേറ്റ് വൈരക്കല്ലുകൾ പോലെ വെട്ടിത്തിളങ്ങും.

ഫെബ്രുവരിയിലും മഞ്ഞിൽ മുങ്ങിക്കുളിച്ചു നിൽക്കുകയാണ് മൂന്നാർ. തെക്കിന്റെ കാശ്മീരിനെ തേടിയെത്തുന്നവരുടെ മനസ്സിൽപ്പോലും മഞ്ഞു പെയ്യുന്നത്ര തണുപ്പ്. വിനോദസഞ്ചാരമേഖലകളിൽ ഇളവു പ്രഖ്യാപിച്ചതോടെ മൂന്നാറിന്റെ കുളിര് ആസ്വദിക്കാൻ സഞ്ചാരികളുടെ തിരക്കേറി. ഒക്ടോബറിൽ തുടങ്ങി ഡിസംബറിൽ മൂർധന്യത്തിലെത്തി ജനുവരിയിൽ അവസാനിക്കുന്നതായിരുന്നു ഇവിടുത്തെ ശീതകാലം. ഇക്കുറി



ചീയപ്പാറ വെള്ളച്ചാട്ടം

ഫെബ്രുവരി പകുതിയായിട്ടും ആ കുളിരിനു കുറവില്ല. എവിടെ നോക്കിയാലും പച്ചപ്പു നിറഞ്ഞുനിൽക്കുന്നു.

**തേയിലത്തോട്ടങ്ങൾ**

മൂന്നാറിന്റെ സൗന്ദര്യത്തിനു മാറ്റുകൂട്ടുന്നത് നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന തേയിലത്തോട്ടങ്ങൾതന്നെയാണ്. തേയിലക്കാടുകൾക്കിടയിലൂടെ സഞ്ചരിക്കാനും, ഫോട്ടോയ്ക്കു പോസു ചെയ്യാനുമൊക്കെ സഞ്ചാരികളുടെ തിരക്കാണ്. ക്യാമറയിൽ, ഏതു രീതിയിൽ പകർത്തിയാലും, മനോഹരചിത്രങ്ങൾ മാത്രം സമ്മാനിക്കുന്നവയാണ് തേയിലത്തോട്ടങ്ങൾ.

**സുഗന്ധവ്യഞ്ജനങ്ങളുടെ പറുദീസ**

സുഗന്ധവ്യഞ്ജനങ്ങളുടെയും തേയിലയുടെയും പറുദീസയാണ് മൂന്നാർ. സുഗന്ധവ്യഞ്ജനത്തോട്ടങ്ങൾ മൂന്നാർ സന്ദർശകരുടെ പ്രധാന ആകർഷണകേന്ദ്രമാണ്. തോട്ടങ്ങൾക്കെല്ലാം മരുന്നുവില്പനശാലകളുമുണ്ട്. ആവശ്യക്കാർക്ക് സുഗന്ധവ്യഞ്ജനങ്ങൾ വാങ്ങുകയും ചെയ്യാം.

**മൂന്നാറിലെ ഷോപ്പിങ്**

പ്രധാന ടൂറിസ്റ്റുകേന്ദ്രമാണെങ്കിലും മൂന്നാർ വളരെ ചെറിയ ഒരു നഗരമാണ്. മൂന്നാറിൽ പ്രധാനമായും ഹോംമെയ്ഡ് ചോക്ലേറ്റുകളും വ്യത്യസ്തരുചിയിലുള്ള തേയിലപ്പൊടികളും ഹെർബൽ ഉത്പന്നങ്ങളുമാണ് വില്പനയ്ക്കുള്ളത്. ഇവിടെയെത്തുന്നവർ മൂന്നാറിന്റെ മണമുള്ള തേയിലപ്പൊടി വാങ്ങാതെ മടങ്ങുകയില്ല.

**ടോപ് സ്റ്റേഷൻ**

മൂന്നാറിലെ ഏറ്റവും ഉയരമേറിയ പ്രദേശമാണ് ടോപ് സ്റ്റേഷൻ. തമിഴ്നാടിന്റെ അതിർത്തിയിലുള്ള ടോപ് സ്റ്റേഷനിൽ സഞ്ചാരികളെ സ്വീകരിക്കാൻ ഒരു റസ്റ്റോറന്റുണ്ട്. മൂന്നാറിന്റെ അതിർത്തിയിലുള്ള മലഞ്ചെരിവുകൾ കണ്ടാസ്വദിക്കാവുന്ന സ്ഥലമാണു ടോപ്സ്റ്റേഷൻ. അന്യഭാഷാചിത്രങ്ങളടക്കം നിരവധി സിനിമകൾ ഷൂട്ടു ചെയ്ത ഈ സ്ഥലത്തിന് ഷൂട്ടിങ് പോയിന്റ് എന്നൊരു പേരുമുണ്ട്. മൂന്നാറിൽനിന്ന് 36 കി.മീ അകലെയാണ് ടോപ് സ്റ്റേഷൻ (മൂന്നാർ - കൊടൈക്കനാൽ റോഡ്).

**ചീയപ്പാറ വെള്ളച്ചാട്ടം**

നേര്യമംഗലത്തിനും അടിമാലിക്കും ഇടയിൽ റോഡരികിലാണ് ചീയപ്പാറ വെള്ളച്ചാട്ടം. ഏഴു തട്ടുകളിലായി പാറപ്പുറത്തുകൂടി ഒഴുകിയിറങ്ങുന്ന ചീയപ്പാറ വെള്ളച്ചാട്ടം നേര്യമംഗലം - മൂന്നാർ റോഡിലൂടെ താഴേക്ക് ഒഴുകുന്നു. ഇരവികുളം ദേശീയോദ്യാനത്തിലെ ഒരു മലയാണ് നീലക്കുറിഞ്ഞി പൂക്കുന്ന രാജമല. വരയാടുകളുടെ ആവാസകേന്ദ്രമായ രാജമലയിലേക്ക് വനംവകുപ്പ് സഫാരി നടത്തുന്നുണ്ട്. അടിവാരത്തുനിന്ന് നാലു കിലോമീറ്റർ വാഹനയാത്ര. അവിടെനിന്ന് ഒരു കിലോമീറ്റർ നടത്തം. ഇതിനിടയിൽ 10 ഹെയർപിൻ വളവുകൾ. രാജമലയുടെ അടിവാരത്തേക്കു മൂന്നാറിൽനിന്ന് 14 കി.മീ. പ്രവേശനത്തിനു ടിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

**ചിന്നക്കനാൽ**

തേയിലത്തോട്ടങ്ങൾക്കു നടുവിലൂടെ ദേവികുളംവഴി ചിന്നാർ യാത്ര രസകരമായ റോഡ് ട്രിപ്പാണ്. ആനയിറങ്കൽ അണക്കെട്ടിൽ ബോട്ടുസവാരിയുണ്ട്. വ്യൂപോയിന്റാണ് ചിന്നക്കനാലിലെ മറ്റൊരു ഡെസ്റ്റിനേഷൻ.

**മാട്ടുപ്പെട്ടി അണക്കെട്ട്**

മൂന്നാർ സഞ്ചാരികളുടെ ബോട്ടിങ് പോയിന്റാണ് മാട്ടുപ്പെട്ടി അണക്കെട്ട്. സിനിമക്കാരുടെ ഇഷ്ടപ്രദേശമാണ് ഇവിടം. താഴ്‌വരയുടെ സൗന്ദര്യം ക്യാമറയിൽ പകർത്താൻ അണക്കെട്ടിനു സമീപത്ത് ഇക്കോ പോയിന്റുണ്ട്. മൂന്നാറിൽനിന്ന് 15 കി.മീ. അകലെയാണ്. കുണ്ടള അണക്കെട്ട്. ടോപ് സ്റ്റേഷൻ യാത്രയ്ക്കിടെ രണ്ടാമത്തെ അണക്കെട്ടാണ് കുണ്ടള. അണക്കെട്ടിൽ ബോട്ട് സവാരിയുണ്ട്. അണക്കെട്ടിനു സമീപത്തുള്ള ചെറിപ്പൂക്കൾ വിടരുന്ന പൂന്തോട്ടവും നയനമനോഹരമാണ്.

**ചരിത്രരേഖകളും കാണാം**

മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള എന്നീ മൂന്ന് 'ആറുകൾ' ചേരുന്ന സ്ഥലം എന്ന വിശേഷണത്തിൽനിന്നാണ് 'മൂന്നാർ' എന്ന പേരുണ്ടായത്. പള്ളിവാസൽ, ദേവികുളം, മളയൂർ, മാങ്കുളം, കുട്ടമ്പുഴ പഞ്ചായത്തുകൾക്കു നടുവിലാണ് മൂന്നാർ. പല ചരിത്രകാഴ്ചകളും പുതുതലമുറയ്ക്കായി സൂക്ഷിച്ചുവച്ചിട്ടുണ്ട് മൂന്നാർ. അതിലൊന്നാണ് ബ്രിട്ടീഷുകാർ മൂന്നാർ പട്ടണത്തിനരികെ നിർമിച്ച ആദ്യത്തെ ടൂറിസ്റ്റ് ബംഗ്ലാവ്. പഴയ മൂന്നാറിലുള്ള സിഎസ്ഐ ദേവാലയവും സെമിത്തേരിയും ബ്രിട്ടീഷ് ഭരണകാലത്താണ് നിർമിച്ചത്. ഈ സെമിത്തേരിയുടെ ഏറ്റവും മുകളിലാണ് എലെയ്നർ ഇസബെൽ മെയ് എന്ന ബ്രിട്ടീഷുകാരിയുടെ കല്ലറ.

---

**ശ്രേഷ്ഠമലയാളം** / **ഡോ. ഡേവിസ് സേവ്യർ**

## ആകെമൊത്തം

ഒരേ അർത്ഥമുള്ള പദങ്ങൾ ആവർത്തിച്ചുപയോഗിച്ചാൽ പൗനരുക്ത്യമാകും. ആവശ്യമില്ലാത്ത വീണ്ടുംപറച്ചിലാണത്. ഇതുമൂലം കണക്കില്ലാതെ തെറ്റുകൾ പെരുകുന്നു. പൗനരുക്ത്യം സർവ്വത്ര ഒഴിവാക്കപ്പെടേണ്ട ഒരു ദോഷമാണ്. എന്നാൽ, ഒറ്റ നോട്ടത്തിൽ പുനരുക്തിദോഷമെന്നു തോന്നിയാലും അങ്ങനെയല്ലാതെയുള്ള പ്രയോഗങ്ങളും ഭാഷയിലുണ്ട്. അവയിൽ ഒന്നാണ് 'ആകെമൊത്തം' എന്നത്. അപവാദരൂപം എന്നു വേണമെങ്കിൽ പറയാം.

'ആക' എന്ന അവ്യയത്തിന്റെ രൂപഭേദമാണ് ആകെ എന്ന ശബ്ദം. മുഴുവനും അഥവാ ആകെപ്പാടെ (ആകെക്കൂടി) എന്നർത്ഥം. "മുടിമുടിയയടിപ്പല്ലവം തുടക്കവു'മാക' നോക്കി" എന്നു രാമചരിതം* (പടലം 112, പാട്ട് 10). ആകെപ്പാടെ എന്ന അർത്ഥംതന്നെയാണു മൊത്തം എന്ന വാക്കിനും. ചരക്കുകൾ ആകെക്കൂടി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന കച്ചവടം, മൊത്തക്കച്ചവടം. മൊത്തം + കച്ചവടം = മൊത്തക്കച്ചവടം. (അനുസ്വാരലോപം, ക കാരദ്വിത്വം).

സമാനാർത്ഥപദങ്ങൾ അടുത്തടുത്തു വരുന്നതാണ് പൗനരുക്ത്യമെന്നു സൂചിപ്പിച്ചല്ലോ. അങ്ങനെയെങ്കിൽ ആകെമൊത്തം പൗനരുക്ത്യമല്ലേ എന്നു ചോദിക്കാം? പ്രഥമദൃഷ്ട്യാ അങ്ങനെ തോന്നുകയും ചെയ്യും. ചില പ്രയോഗങ്ങളുടെ കാര്യത്തിൽ സന്ദർഭമാണ് അർത്ഥത്തെ നിർണ്ണയിക്കുന്നത്. ആ ഗണത്തിൽപ്പെടുത്താവുന്ന ഒരു 'വിചിത്ര' സമസ്തപദമാണ് ആകെ മൊത്തം. പല മൊത്തങ്ങളുടെ ആകെത്തുക എന്നു വേണ്ടിടത്ത് ആകെയും മൊത്തവും സമാസിച്ച് ആകെമൊത്തം എന്നു പ്രയോഗിക്കാം. പല 'ആകെ'കൾ കൂടുന്നത് ആകെ മൊത്തം. മുഴുവൻ സംഖ്യ(Sumtotal) എന്നു വിവക്ഷിതം. ഉദാ: സ്വരങ്ങൾ 13, വർഗ്ഗാക്ഷരങ്ങൾ 25. ഇതരവ്യഞ്ജനങ്ങൾ 11. ആകെമൊത്തം 49. പന്മന രാമചന്ദ്രൻനായർ വ്യക്തമാക്കുന്നു: "ആകെമൊത്തം - രണ്ടിനും ഒരേ അർത്ഥമാണെങ്കിലും പല മൊത്തങ്ങളുടെ ആകെത്തുക (ഗ്രാൻഡ് ടോട്ടൽ) എന്ന അർത്ഥത്തിലാണ് രണ്ടും ചേർത്തു പ്രയോഗിച്ചുവരുന്നത്." **എല്ലാംകൂടി ചേർത്താണ് ആകെ. അതിന്റെ മാനം (അളവ്) ആകെമാനം എന്നൊരു നിരീക്ഷണം വി.കെ. നാരായണൻ നടത്തിയിട്ടുണ്ട്.***

* ഡേവിസ്, സേവ്യർ, ഡോ; പ്രാചീനകവിത (വ്യാഖ്യാനം), അസെൻഡ് പബ്ലിക്കേഷൻസ്, കോട്ടയം, 2012, പുറം: 36)

** രാമചന്ദ്രൻനായർ, പന്മന, പ്രൊഫ., നല്ല ഭാഷ, ഡി.സി. ബുക്സ്, കോട്ടയം, 2014, പുറം: 531.

*** നാരായണൻ, വി.കെ., ഭാഷയുടെ നേർവഴി, ഉൺമ പബ്ലിക്കേഷൻസ്, നൂറനാട്, 2006, പുറം: 40

# കുടുംബവർഷാചരണം പ്രഖ്യാപിച്ച് ഫ്രാൻസിസ് മാർപാപ്പ

## 2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 വരെ

കൊച്ചി: കൊവിഡ് കാലം ആശങ്കകളുടെയും ഭയപ്പാടുകളുടെയും സമയമായിരുന്നെങ്കിലും ഇക്കഴിഞ്ഞ വർഷക്കാലം വിലയിരുത്തിയാൽ ചില നന്മകളും നമുക്കു കണ്ടെത്താൻ കഴിയും. അതിൽ പ്രധാനമാണു കുടുംബബന്ധങ്ങളുടെ ആഴം വർദ്ധിച്ചത്. കുടുംബങ്ങളിലെയും ഹൃദയങ്ങളിലെയും സ്നേഹവും സന്തോഷവും ആനന്ദവുമെല്ലാം എന്നും പ്രബോധന വിഷയങ്ങളാക്കിയ പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഇനിവരുന്ന കാലം കൂടുതലായി കുടുംബബന്ധങ്ങൾ ആഴപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഒരിക്കൽക്കൂടി നമ്മെ ഉദ്ബോധിപ്പിക്കുകയാണ്.

കത്തോലിക്കാസഭ, ഗൃഹനാഥന്മാരുടെ ഉത്തമമാതൃകയായി എന്നും ഉയർത്തിക്കാണിക്കുന്ന യൗസേപ്പിതാവിന്റെ വർഷത്തിൽത്തന്നെ ഒരു കുടുംബവർഷാചരണംകൂടി പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. 'സ്നേഹത്തിന്റെ സന്തോഷം' എന്ന ചാക്രികലേഖനത്തിന്റെ അഞ്ചാം വാർഷികം പ്രമാണിച്ച് 2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 വരെയായിരിക്കും കുടുംബവർഷമായി ആചരിക്കപ്പെടുക. സ്നേഹത്തിന്റെ സന്തോഷം (*Amoris Laetitia*) എന്ന ചാക്രികലേഖനം ലോകത്തിനു നല്കിയ സ്നേഹത്തിന്റെ സാക്ഷികളായി കുടുംബങ്ങൾ മാറണം എന്ന മഹത്തായ ആഹ്വാനം കുടുംബവർഷ പ്രഖ്യാപനത്തിലൂടെ പാപ്പ അടിവരയിട്ടുറപ്പിക്കുന്നു. അമോറിസ് ലെത്തീസിയയിലെ കുടുംബദർശനം പ്രാവർത്തികമാക്കാനുള്ള പരിശുദ്ധപിതാവിന്റെ പരിശ്രമമായി ഈ കുടുംബവർഷാചരണത്തെ കാണാവുന്നതാണ്.

സ്നേഹത്തിന്റെയും ബന്ധങ്ങളുടെയും പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഫ്രാൻസിസ്പാപ്പായുടെ നിലപാടുകൾക്കു വലിയ പ്രസക്തിയുണ്ട്. ലോകം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന എണ്ണമറ്റ പ്രതിസന്ധികൾക്കു പരിഹാരം കുടുംബത്തിൽ കണ്ടെത്താൻ കഴിയുമെന്നു തന്റെ ഓരോരോ നിലപാടുകളിലൂടെയും പ്രബോധനങ്ങളിലൂടെയും പാപ്പാ ഈ ലോകത്തെ ഓർമിപ്പിക്കുന്നു. ഈ വർഷാചരണത്തിലൂടെ സ്നേഹം ആഴത്തിൽ പങ്കുവയ്ക്കുന്ന ബലിവേദികളായി ഓരോ കുടുംബവും മാറണമെന്നു സഭ ആഗ്രഹിക്കുന്നു.

2020 ഡിസംബർ എട്ടിന് ആരംഭിച്ച് 2021 ഡിസംബർ എട്ടിന് അവസാനിക്കുന്ന വിശുദ്ധയൗസേപ്പിതാവിന്റെ വർഷത്തോടു ചേർത്താണ് മാർപാപ്പാ കുടുംബവർഷം പ്രഖ്യാപിച്ചിരിക്കുന്നത്. തിരുക്കുടുംബത്തിന്റെ നാഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ പേരിലുള്ള വർഷാചരണത്തോടു കുടുംബവർഷാചരണവും ചേർന്നുപോകുന്നത് ഉചിതമാണെന്നു മാർപാപ്പാ ചിന്തിക്കുന്നു. അതുപോലെതന്നെ, പ്രായമായവർക്കും വൃദ്ധമാതാപിതാക്കൾക്കും വേണ്ടി ആഗോളസഭയിൽ ഒരു ദിവസം ആചരിക്കുവാനും മാർപാപ്പാ തീരുമാനിച്ചിട്ടുണ്ട്. എല്ലാവർഷവും ജൂലൈ മാസത്തിലെ നാലാമത്തെ ഞായറാഴ്ചയായിരിക്കും ഈ പ്രത്യേക ദിനാചരണം.



# ജീവിതവിജയത്തിന് പോസിറ്റീവ് ചിന്തകൾ



**സി. മേരി ജയിൻ എസ്.ഡി.**

നമ്മുടെ സങ്കല്പങ്ങൾക്കു നമ്മുടെ ശരീരത്തിൽ നേരിട്ടു പ്രവർത്തിക്കാൻ കഴിയും. ഞാൻ വളരെ ക്ഷീണിതനാണ് എന്നു ചിന്തിക്കുമ്പോൾത്തന്നെ ആ ആവേഗം ശരീരമാസകലം വ്യാപിച്ചു നമുക്കു തളർച്ച അനുഭവപ്പെടുന്നു. അതുപോലെതന്നെയാണ് സന്തോഷകരമായ ചിന്തകൾ നമ്മെ ഉണർത്തുന്നതും.

എന്താണീ പോസിറ്റീവ് ചിന്തകൾ? വിശ്വാസവും ധൈര്യവും പ്രതീക്ഷയും നല്കുന്ന ചിന്തകളാണവ. പോസിറ്റീവ് ചിന്താധാര പ്രബലപ്പെടുമ്പോൾ നമ്മിലെ പരമാത്മാവ് ജീവസുറ്റതായിത്തീരുന്നു.

സർവശക്തികളുടെയും ഉറവിടം ദൈവമാണ്. ആദിപിതാവും സ്രഷ്ടാവുമായവനിൽനിന്ന് നമ്മിലേക്ക് ആന്തരികമായി പ്രവഹിക്കുന്ന ദൈവികോർജമാണ് നാം ക്ഷീണിതരാകുമ്പോൾ നമ്മെ ഊർജസ്വലരാക്കുന്നത്. നാം രോഗിയാകുമ്പോൾ അവൻ നമ്മെ ശക്തീകരിക്കുന്നു. നാം കഷ്ടതയുടെ ഭാരം വഹിക്കുമ്പോൾ അവൻ നമ്മെ ആശ്വസിപ്പിക്കുന്നു. നമ്മുടെ വിചാരവികാരങ്ങളും പ്രവൃത്തിയും എത്രമാത്രം അവന്റെ ഹിതങ്ങളുമായി ചേർച്ചയിലാകുന്നുവോ, നാം എത്രമാത്രം അവന്റെ കൈകളിലേക്കു സമർപ്പിക്കപ്പെടുന്നുവോ, അതനുസരിച്ചുള്ള ആശ്വാസവും കരുത്തും അവൻ നമുക്കു പകർന്നുതരുന്നു.

എല്ലാ നന്മയും എല്ലാ മഹത്ത്വവും എല്ലാവിധ സാത്വിക ശക്തികളും നമ്മുടെ അന്തരാത്മാവിന്റെ അഗാധതകളിൽനിന്ന് സർവ്വത്തിനും അതീതവും എന്നേക്കും നിലനില്ക്കുന്നതുമായ ദൈവതേജസ്സിൽ നിന്നുവരുന്നു.

പോസിറ്റീവായ ഒരു മനുഷ്യാത്മാവിന് വിഷാദാത്മകചിന്തകളാൽ ഭാരപ്പെടുന്ന ഒരു ആത്മാവിനെ അപേക്ഷിച്ച് വളരെയധികം ആത്മീയോർജവും ശക്തിയും സംഭരിക്കാൻ കഴിയുന്നു.

നമ്മുടെ ചുറ്റുപാടുകൾ എത്രയോ പ്രശ്നസങ്കീർണ്ണമാണ്. ടി.വി. ചാനലുകൾ തുറന്നാൽ സമാധാനം ഉള്ളതുപോലും നഷ്ടപ്പെടും.

സമാധാനത്തോടെ, സന്തോഷത്തോടെ നന്മ ചെയ്തുപോകുന്ന മനുഷ്യരുടെ പോസിറ്റീവ് ശക്തിതരംഗങ്ങളെ ദൂഷിതമാക്കാൻ ചില ചാനൽപരിപാടികൾക്കു കഴിയും. അവരുടെ അധാർമികവികാരവിചാരങ്ങളും സംസാരവുംവഴി എല്ലാവരുടെയും ചിന്താഗതികൾ മലീമസപ്പെടുന്നു. കൊവിഡ് 19 നെക്കാൾ ഭീകരമാണ് ഈ നെഗറ്റീവ് ശക്തിതരംഗങ്ങൾ. അവ നമ്മുടെ അന്തരാത്മാവിനെയും ശരീരത്തെയും പീഡിപ്പിക്കുകയും ശല്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

വായ്ക്കുവരുന്നതു കോതയ്ക്കു പാട്ട്. അത്രതന്നെ. ആരോഗ്യമുള്ള ഒരു സമൂഹം ഇവിടെ ഉണ്ടാകണമെങ്കിൽ കളങ്കത്തിന്റെ, പാപത്തിന്റെ ഊർജം വഹിക്കുന്ന രോഗബീജങ്ങൾ ഇല്ലായ്മ ചെയ്യണം. ദൈവത്തിന്റെ സ്വന്തം നാട്ടിൽ അത് നിറഞ്ഞുകവിയുന്നുണ്ട്. രോഗം നമ്മുടെ ആന്തരികസത്തയുടെ ഭാഗമല്ല. അതു പുറത്തുനിന്നു വരുന്നതാണ്. ആരോഗ്യമാണ് നമ്മുടെ ആന്തരികസത്ത.

പ്രണയപാഠാവലി (71)



**ഡോ. ആന്റണി ജോസ്**

# കാർക്കശ്യവും പ്രണയനീതിയും

സൂക്ഷ്മദൃക്കുകളും കൃത്യനിഷ്ഠ പുലർത്തുന്നവരുമാണ് ഇനിയൊരു കൂട്ടർ. ഇവർക്ക് ജീവിതത്തെക്കുറിച്ചും നേടിയെടുക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയുണ്ടാകും. അതിനായി സ്പഷ്ടമായ ഒരു മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നു. ആ ലക്ഷ്യം കരസ്ഥമാക്കുന്നതുവരെ പിന്നെ വിശ്രമമില്ല.

സമയബന്ധിതമായി അവർ കഠിനാധ്വാനം തുടങ്ങുന്നു. എല്ലാ കാര്യങ്ങളിലും അടുക്കും ചിട്ടയുമുണ്ട്. അശ്രദ്ധകൊണ്ടുള്ള വീഴ്ച അത്യപൂർവമായിരിക്കും.

നിയമത്തെ ഇവർ വളരെയധികം മാനിക്കുന്നു. അതു വിട്ടൊരു നടപടിയുമില്ല. സ്വന്തം കടമകളെക്കുറിച്ചു നല്ല ബോധ്യമുണ്ട്. അച്ചടക്കത്തിന്റെ വഴിവിട്ടൊരു ജീവിതം ചിന്തിക്കാനേ വയ്യ. വിശ്വസ്തരും ഉത്തരവാദിത്വബോധമുള്ളവരുമായി ഇവർ കണക്കാക്കപ്പെടുന്നു.

തീർച്ചയായും വിലമതിക്കപ്പെടേണ്ട ഒന്നാണിത്. ഇങ്ങനെയൊക്കെ ആയിത്തീരാനല്ലേ ഭൂരിപക്ഷം പേരും സ്വപ്നം കാണുന്നതുപോലും! ഇത്തരക്കാരെ മേലുദ്യോഗസ്ഥരും മാനേജ്മെന്റുമൊക്കെ നന്നായി പ്രയോജനപ്പെടുത്തും. ഇവരുടെ വിട്ടുവീഴ്ചയില്ലാത്ത, വിശ്രമമില്ലാത്ത നിലപാടുകൾ കമ്പനികൾക്കു ലാഭവും സംഘടനകൾക്കു നേട്ടങ്ങളുമുണ്ടാകുന്നു.

കുടുംബജീവിതത്തിലേക്കു കടക്കുമ്പോൾ സ്ഥിതി അല്പം മാറുന്നു. അവിടെ വിട്ടുവീഴ്ചകൾ ന്യായമായും വേണ്ടിവരും. കർക്കശനിലപാടുകൾക്കു സ്വീകാര്യതയില്ല. പങ്കാളി സ്വന്തം അസ്തിത്വത്തിന്റെ ഭാഗമാണല്ലോ. കാർക്കശ്യം വച്ചു പുലർത്തണമെങ്കിൽ, ആ വ്യക്തിയെ രണ്ടാമതൊരാളായി കണക്കാക്കേണ്ടിവരും. അത് പ്രണയനീതിയുമല്ല. അതേ സമയം ഇരുവരും ഒരേ തൂവൽപ്പക്ഷികളാണെങ്കിലോ? അനായാസം അവർ വിജയം നേടും. മറിച്ചാണെങ്കിൽ പ്രൊഫഷണിൽ വിജയവും ഫാമിലിയിൽ പരാജയവും ആയിരിക്കും സംഭവിക്കുക.



പ്രണയത്തിൽ പട്ടാളച്ചിട്ടകൾക്കിടംകൊടുക്കാതിരിക്കുക. അത് ആത്മഹത്യാപരമല്ലാതെ മറ്റെന്താണ്?

വിട്ടുവീഴ്ചയില്ലായ്മയും കൃത്യനിഷ്ഠയുമൊക്കെ, ഒന്നായി നിന്ന്, പൊതുലക്ഷ്യങ്ങളിലേക്കു സന്നിവേശിപ്പിക്കേണ്ടവയാണ്. ■

**കവിത**
**അനുജി**

# മകന്...

(1)

മകനേ,
കിനാവലത്തുമ്പിലായ്
പണ്ടുനിൻ
മധുരമാംനാദം
മുഴങ്ങവേ, പുഞ്ചിരി
കടമായ് ചോദിച്ചു നിൻ
അച്ഛൻ! മലർമിഴി
വിടരുന്നതുംനോക്കി
രാവിൻതടങ്ങളിൽ...

(2)

അരിയും പരിപ്പും
പുഴുങ്ങിയ മുട്ടയും
അവിലും മുറുക്കാൻ
ചവച്ച ചെഞ്ചുണ്ടുമായ്
ഒരു നാളിലൊരുപാട്
കാത്തിരുന്നിട്ടുണ്ട്
ഹൃദയമാമെന്നച്ഛൻ
എത്തുന്നതുംനോക്കി;
പഴകിയ സഞ്ചിമടക്കി
അരിമണി
പൊഴിയാതെ
അമ്മയിടുന്നതും
നോക്കി
ഒരുപാടിരുന്നു; നീർ-
കഞ്ഞിയിലായിരം
മിഴിനീരു വീണു
കുതിർന്ന നട്ടുച്ചകൾ...

(3)

മനസാണു യന്ത്രം,
മനുഷ്യനാണെന്നുള്ള
മനസേ നിനക്കുള്ളൂ
സ്വന്തം!
മകനേ,
കരപുടം
നീട്ടിക്കൊടുക്കണം
പലതില്ല
പലതിലൊന്നില്ല!

വിളക്കുമരം

# കേരളസിംഹം സി. കേശവൻ



ഡോ. സിറിയക് തോമസ്

**തി**രുവിതാംകൂർ രാഷ്ട്രീയത്തിലെ ത്രിമൂർത്തികളെന്നറിയപ്പെട്ട പട്ടം-വർഗീസ്-കേശവന്മാരിൽ, നയതന്ത്രങ്ങളൊന്നും വശമില്ലാതിരുന്ന, തികഞ്ഞ സത്യസന്ധനും ശുദ്ധഹൃദയനുമായിരുന്നു സി. കേശവൻ. തലയെടുപ്പുകൊണ്ടും ആജ്ഞാശക്തികൊണ്ടും പട്ടം താണുപിള്ളയും ബുദ്ധിസാമർത്ഥ്യവും നയതന്ത്രജ്ഞതയുംകൊണ്ട് ടി.എം. വർഗീസും ശ്രദ്ധേയരായപ്പോൾ കേശവൻ ജനപ്രിയനായത് ധീരനും സാഹസികനും അഭിമാനിയും സത്യസന്ധനുമെന്ന നിലയ്ക്കാണ്. ഒരർത്ഥത്തിൽ ഒട്ടൊക്കെ ഒരു വികാരജീവിയായിരുന്നു കേശവൻ.


തനിക്കു ശരിയെന്നു തോന്നുന്നതുമാത്രം ചെയ്യുകയും പറയുകയും ചെയ്തിരുന്ന കേശവൻ ജീവിതത്തിലുടനീളം തന്നോടും മറ്റുള്ളവരോടും ആത്മാർത്ഥത പുലർത്തിയ ജനനേതാവായിരുന്നു. വരുംവരായ്കകൾ നോക്കാതെ അഭിപ്രായപ്രകടനങ്ങൾ നടത്തിയിരുന്ന അദ്ദേഹം മനഃസാക്ഷിയെ മാത്രമേ എന്തിനും മാനദണ്ഡമാക്കിയിരുന്നുള്ളൂ. മുഖ്യമന്ത്രിയായിരിക്കേ ശബരിമലക്ഷേത്രത്തിൽ തീപ്പിടുത്തമുണ്ടായപ്പോൾ 'ഒരമ്പലം പോയാൽ നാട്ടിൽ അത്രയും അന്ധവിശ്വാസം കുറയുമെന്ന്' കേശവൻ പറഞ്ഞത് അക്കാലത്ത് വൻവിവാദമായിരുന്നു. അതിന്റെ പേരിൽ കടുത്ത വിമർശനങ്ങൾ കേശവൻ കേട്ടു. എന്നാൽ, പറയുന്ന കാര്യങ്ങൾ പിന്നീടു മാറ്റിപ്പറയുന്ന ശീലവും ശൈലിയും കേശവന് അജ്ഞാതമായിരുന്നു. യാഥാസ്ഥിതിക മാനദണ്ഡങ്ങൾ വച്ച് അദ്ദേഹം ഒരു ഈശ്വരവിശ്വാസിയായിരുന്നുവെന്നു പറഞ്ഞുകൂടാ.

യുക്തിവാദമായിരുന്നു ശ്രീനാരായണഭക്തനായിരുന്ന കേശവന്റെ സഹജസ്വഭാവം. പില്ക്കാലത്ത് തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രത്തിൽ ഒരു ഇതിഹാസമായിത്തീർന്ന സി.കേശവൻ തന്റെ പ്രസിദ്ധമായ കോഴഞ്ചേരി പ്രസംഗത്തിലൂടെയാണ് രാഷ്ട്രീയഖ്യാതി നേടിയത്. ദിവാൻ സർ. സി.പി. രാമസ്വാമി അയ്യർ രാജ്യദ്രോഹക്കുറ്റത്തിന് കേശവനെ തുറുങ്കിലടച്ചു. മൂന്നുവർഷത്തെ കാലാവധി പൂർത്തിയാക്കി പുറത്തുവന്ന കേശവന് ആലപ്പുഴ കിടങ്ങാമ്പറമ്പു മൈതാനിയിൽ നല്കിയ സ്വീകരണത്തിലാണ്, തിരുവിതാംകൂറിന്റെ 'കിരീടം വയ്ക്കാത്ത രാജാവ്' എന്ന് സ്വാഗതപ്രസംഗമധ്യേ ടി.എം. വർഗീസ് അദ്ദേഹത്തെ വിശേഷിപ്പിച്ചത്. അതിന് ടി.എം. വർഗീസിനോട് ദിവാൻ തന്റെ വാശി തീർത്തത് നിയമസഭാ ഡപ്യൂട്ടി പ്രസിഡന്റ് പദത്തിൽനിന്ന് അവിശ്വാസത്തിലൂടെ അദ്ദേഹത്തെ പുറത്താക്കിക്കൊണ്ടായിരുന്നു.

സർക്കാർജോലിയുപേക്ഷിച്ച് വക്കീലായ കേശവൻ രാഷ്ട്രീയത്തിൽ പ്രവേശിച്ചതു മുൻകൂട്ടി നിശ്ചയിച്ച അജണ്ടപ്രകാരമൊന്നുമായിരുന്നില്ല. എസ്.എൻ.ഡി.പിയിലൂടെ സാമുദായിക-സാമൂഹികപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കിക്കൊണ്ടാണ് കേശവൻ ആദ്യം ജനശ്രദ്ധയാകർഷിച്ചത്. നന്നായി പ്രസംഗിക്കാനും നന്നായി പാടാനും കേശവനു പ്രത്യേകമായ ഒരു സിദ്ധിയുണ്ടായിരുന്നു. ശബ്ദത്തിന്റെ പ്രൗഢിയും സൗന്ദര്യവും ഒന്നുപോലെ അദ്ദേഹത്തെ അനുഗ്രഹിച്ചു. മണിക്കൂറുകളോളം ജനങ്ങളെ ആവേശം കൊള്ളിച്ചു പ്രസംഗിച്ചിരുന്ന കേശവന് ആ രംഗത്ത് വെല്ലുവിളി ഉയർത്താൻ കഴിഞ്ഞിരുന്നത് അക്കാലത്ത് സ്വന്തം ശ്വശുരനായ സി.വി. കുഞ്ഞിരാമനും പില്ക്കാലത്ത് സ്വപുത്രൻ കെ. ബാലകൃഷ്ണനും മാത്രമായിരുന്നു. വിദ്യാർത്ഥിനേതാവായിരുന്ന ബാലകൃഷ്ണന്റെ പ്രസംഗം ഒരിക്കൽ സാന്ദർഭികമായി കേൾക്കനിടയായ കോൺഗ്രസ് നേതാവ് കുമ്പളത്ത് ശങ്കുപ്പിള്ള ജയിലിൽ ചെന്നു കേശവനോടു പറഞ്ഞത്, പ്രസംഗിക്കുന്നതെങ്ങനെയെന്നു നിങ്ങളുടെ മകനോടു പോയി പഠിക്കാനായിരുന്നത്രേ.

ഉത്തരവാദഭരണപ്രക്ഷോഭണത്തോടനുബന്ധിച്ച് ഏറ്റവുമേറെക്കാലം തടവുശിക്ഷ അനുഭവിക്കേണ്ടിവന്ന കോൺഗ്രസ് നേതാവും സി. കേശവനായിരുന്നു. അക്ഷരാർത്ഥത്തിൽ ത്യാഗിയായിരുന്നു അദ്ദേഹം, ചെറിയൊരു കാലം മുഖ്യമന്ത്രിയായി എന്നതൊഴിച്ചാൽ,. സ്വാതന്ത്ര്യലബ്ധിക്കുശേഷവും കേശവന് അർഹിച്ച അംഗീകാരമൊന്നും ലഭിച്ചതുമില്ല.

തിരുവിതാംകൂറിൽ പട്ടത്തിന്റെ പ്രഥമമന്ത്രിസഭയിൽ അംഗങ്ങളായത് സി. കേശവനും ടി.എം. വർഗീസുമായിരുന്നല്ലോ. കേശവനു ലഭിച്ചത് തൊഴിൽവകുപ്പാണ്. മറ്റു പ്രധാനവകുപ്പുകൾ എല്ലാം പട്ടംതന്നെ കൈവശം വച്ചു. ഒരു കാര്യവും മന്ത്രിസഭയിലാലോചിക്കുന്ന ശൈലിയും മുഖ്യമന്ത്രിക്കുണ്ടായിരുന്നില്ല. പലപ്പോഴും പാർട്ടി എം.എൽ.എ.മാർക്കുപോലും മുഖ്യമന്ത്രി പട്ടത്തിനെ കാണുവാനും കഴിഞ്ഞിരുന്നില്ല. ദിവാൻ ഭരണപ്രതാപത്തിൽക്കഴിഞ്ഞ മുഖ്യമന്ത്രിയെ കോൺഗ്രസുകാർതന്നെ 'താണുപിള്ള ദളവ' എന്നു വിമർശിച്ചു വിളിച്ചുതുടങ്ങുന്നതുവരെ കാര്യങ്ങളെത്തി. മന്ത്രിമാരും മുഖ്യമന്ത്രിയുമായി ഇടഞ്ഞതോടെ സർക്കാരിന്റെ ഭദ്രതയ്ക്കും ഉലച്ചിലായി. പട്ടത്തിനെതിരേ പാർട്ടിക്കുള്ളിലും എതിർപ്പു വർദ്ധിച്ചപ്പോൾ ഒരാൾതന്നെ മുഖ്യമന്ത്രിയും പാർട്ടിപ്രസിഡന്റുമെന്ന സ്ഥിതി ശരിയല്ലെന്ന അഭിപ്രായത്തിനു പിൻതുണയേറുകയായിരുന്നു. കോൺഗ്രസ് നിയമസഭാ കക്ഷിയോഗത്തിൽ ഒരാൾതന്നെ രണ്ടു പദവിയും വഹിക്കുന്നതിനെതിരേ പ്രമേയത്തിനു നോട്ടീസ് നല്കിയതോടെ പട്ടം ക്ഷുബിതനായി. രണ്ടു പദവികൾക്കുംകൂടി യോഗ്യനല്ലെങ്കിൽ ഒരു പദവിയും വേണ്ടെന്നു പ്രഖ്യാപിച്ച് പട്ടം മുഖ്യമന്ത്രിപദവി രാജിവെക്കുകയും പാർട്ടി പദവി ഒഴിയുകയും ചെയ്യുകയാണുണ്ടായത്. കോൺഗ്രസിൽനിന്നുള്ള പട്ടത്തിന്റെ രാജി തിരുവിതാംകൂർ രാഷ്ട്രീയത്തിൽ വലിയ കോളിളക്കമുണ്ടാക്കി.



സി. കേശവൻ

സ്വാഭാവികമായും പട്ടത്തിനു പകരം മുഖ്യമന്ത്രിയാകേണ്ടിയിരുന്നത് സി. കേശവനോ ടി.എം. വർഗീസോ ആയിരുന്നു. സി. കേശവനായിരുന്നു സീനിയോറിട്ടി. പക്ഷേ, പാർട്ടിക്കുള്ളിലെ ബുദ്ധിരാക്ഷസന്മാർ കേശവനെ തന്ത്രപൂർവ്വം ഒഴിവാക്കിക്കൊണ്ട് പറവൂർ ടി.കെ. നാരായണപിള്ളയെയാണ് നേതൃനിരയിലെത്തിച്ചത്. അതിനവർ പറഞ്ഞ യുക്തി പട്ടത്തിനു പകരം നായർസമുദായത്തിൽപ്പെട്ടയാൾ വരുന്നില്ലെങ്കിൽ പാർട്ടിക്ക് അത് രാഷ്ട്രീയമായി പ്രശ്നങ്ങളുണ്ടാക്കുമെന്നായിരുന്നു. ഇ.ജോൺ ഫിലിപ്പോസിന്റെ യുക്തിയോട്, എ.ജെ. ജോണും, ടി.എം. വർഗീസും യോജിച്ചതോടെ മറ്റു മാർഗമില്ലാതെ വന്നപ്പോഴാണ് കേശവനു വഴങ്ങേണ്ടിവന്നത്. വർഗീസിന്റെ വിശ്വസ്തസുഹൃത്ത് കുമ്പളത്ത് ശങ്കുപ്പിള്ള കോൺഗ്രസ് സംഘടനയിൽ അനിഷേധ്യനായും തീർന്നു. അതോടെ സി. കേശവൻ സമർത്ഥമായി തഴയപ്പെടുകയായിരുന്നു. ഇതെല്ലാം അദ്ദേഹത്തെ ഒട്ടൊന്നുമല്ല മുറിപ്പെടുത്തിയത്. വർഗീസ് - കേശവൻ ബന്ധത്തെയും അത് അല്പമൊന്ന് ഉലച്ചു. പക്ഷേ, താണുപിള്ളവിരുദ്ധർക്ക് തത്ക്കാലം യോജിച്ചുനില്ക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. പുറമേക്ക് എല്ലാം ശാന്തമായിത്തന്നെ തൽക്കാലം മുന്നോട്ടുപോയി.

പറവൂർ ടി.കെ. നാരായണപിള്ള വലിയ കുഴപ്പങ്ങളില്ലാതെ മുഖ്യമന്ത്രിപദത്തിൽ തുടർന്നു. തിരുവിതാംകൂർ - കൊച്ചി സംയോജനത്തോടെ ടി.കെ. തിരു - കൊച്ചി മുഖ്യമന്ത്രിയുമായി.

മന്ത്രിസഭയിലും പാർട്ടിയിലും പനമ്പിള്ളിയുടെ സാന്നിധ്യം തിരുവിതാംകൂർ ലോബിയെ കുറച്ചൊന്ന് അസ്വസ്ഥമാക്കാതിരുന്നില്ല. ബുദ്ധിരാക്ഷസന്മാരായിരുന്ന പനമ്പിള്ളിയും ഇ. ജോൺ ഫിലിപ്പോസും തമ്മിലായി കോൺഗ്രസിലെ രാഷ്ട്രീയപ്പോര്. കാലാവധി തികയ്ക്കാതെ തന്നെ പറവൂർ ടി.കെ.യ്ക്കും അധികാരമൊഴിയേണ്ടിവന്നു.

ഇത്തവണയും സി.കേശവനെ ഒഴിവാക്കാനുള്ള ശ്രമം ഉണ്ടായെങ്കിലും അതു വേണ്ടത്ര ഫലിച്ചില്ല. കേശവൻ മുഖ്യമന്ത്രിയായ മന്ത്രിസഭയിൽ ടി.കെ. നാരായണപിള്ളയും എ.ജെ.ജോണും കെ.എം. കോരയും എൽ.എം. പൈലിയും ഉൾപ്പെട്ടു. ജി. ചന്ദ്രശേഖരപിള്ളയും മന്ത്രിയായി. താൻ ദിവാനു തുല്യനായി എന്ന ചിന്ത കേശവനെ ഒട്ടൊന്നു വികാരവിക്ഷുബ്ധനാക്കി. ഒരാഴ്ച കന്യാകുമാരിയിൽ ഡോക്ടർമാരുടെ ഉപദേശപ്രകാരം വിശ്രമിക്കേണ്ടിവന്ന കേശവനെ മറ്റൊരു ഷോക്കും കാത്തിരിപ്പുണ്ടായിരുന്നു. മകൻ ഭദ്രൻ ബാംഗ്ലൂരിൽനിന്നു വിമാനത്തിൽ വരുമ്പോൾ നീലഗിരിമലകളിലൊന്നിൽ തട്ടിയുണ്ടായ വിമാനാപകടത്തിൽ മരിച്ചത് കടുത്ത ആഘാതമായി. 1951-52 ലെ പൊതുതിരഞ്ഞെടുപ്പുവരെയേ കേശവൻ അധികാരരാഷ്ട്രീയത്തിൽ തുടർന്നുള്ളൂ. തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് തനിച്ചു ഭൂരിപക്ഷവും ലഭിച്ചില്ല. നേതൃത്വമത്സരത്തിൽ പനമ്പിള്ളിയെ കേവലം ഒരു വോട്ടിന് തോല്പിച്ചാണ് എ.ജെ. ജോൺ കഷ്ടിച്ചു ജയിച്ചു കയറിയത്. നേശമണിയുടെ നേതൃത്വത്തിലുണ്ടായിരുന്ന തമിഴ്നാട് കോൺഗ്രസിന്റെ പിന്തുണയോടെയായിരുന്നു ജോണിന് മന്ത്രിസഭയുണ്ടാക്കുവാൻ കഴിഞ്ഞത്. ജോൺമന്ത്രിസഭയിൽ പനമ്പിള്ളിയും ടി.എം. വർഗീസും ചേർന്നെങ്കിലും സി. കേശവൻ അപ്പോഴേക്കും പാർട്ടിയിൽ ഏതാണ്ട് നിശ്ശബ്ദനായിക്കഴിഞ്ഞിരുന്നു. പിന്നീട് കൊല്ലത്ത് മയ്യനാട്ടേക്കു താമസം മാറ്റി.

തിരുവിതാംകൂർരാഷ്ട്രീയത്തിലെ യഥാർത്ഥ സിംഹംതന്നെയായിരുന്നു കേശവൻ. ആരെയും അദ്ദേഹത്തിനു ഭയമുണ്ടായിരുന്നില്ല. സ്വന്തം അഭിപ്രായങ്ങൾ ആരുടെയും മുഖം നോക്കാതെ പറയുവാനും സി. കേശവൻ ധൈര്യപ്പെട്ടു. ആരോടും പകയോ വിദ്വേഷമോ പുലർത്തിയിരുന്നില്ലെങ്കിലും ആരെയും പ്രീതിപ്പെടുത്തുവാൻ അദ്ദേഹം ഒന്നും ചെയ്തിരുന്നില്ല. സാമൂഹികനീതിയായിരുന്നു കേശവന്റെ പ്രത്യയശാസ്ത്രം. തൊഴിലാളികളോടു തികഞ്ഞ അനുഭാവം പുലർത്തിയിരുന്ന അദ്ദേഹത്തിന് ഉള്ളിന്റെയുള്ളിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തോടും കുറച്ചൊരു ചായ്വൊക്കെ തോന്നിയിരുന്നു. നിരീശ്വരനാണെന്ന പ്രതിച്ഛായയും കേശവനെ കോൺഗ്രസിനോടു ചേർന്നുനിന്ന സമുദായാംഗങ്ങൾക്ക് അല്പമൊന്ന് അനഭിമതനാക്കിയെന്നു പറയാം. എന്നാൽ, അശേഷം അഴിമതി തീണ്ടാത്ത ഭരണകർത്താവായിരുന്നു സി. കേശവൻ. പൊതുജീവിതത്തിലെ സംശുദ്ധിയുടെ മറ്റൊരു പര്യായം. മയ്യനാട്ടെ വസതിയിൽ പരിമിതമായ സൗകര്യങ്ങളിലാണദ്ദേഹം ശിഷ്ടകാലം കഴിച്ചത്, ആരോടും പ്രത്യേക പിണക്കമോ പരിഭവമോ ഒന്നുമില്ലാതെതന്നെ. ഇടയ്ക്കൊരിക്കൽ ശങ്കർ മുഖ്യമന്ത്രിയായിരിക്കേ മയ്യനാട്ടെ സ്കൂളിന്റെ ഒരു നിവേദകസംഘത്തോടൊപ്പം സെക്രട്ടറിയേറ്റിൽ ചെന്ന കേശവൻ മുഖ്യമന്ത്രിയുടെ ഓഫീസിനു മുമ്പിൽ സാധാരണ സന്ദർശകരോടൊപ്പം കാത്തുനിന്നാണത്രേ മുഖ്യമന്ത്രിയെ കണ്ടത്. കണ്ടവർക്കതൊരു അദ്ഭുതക്കാഴ്ചയായി. അതായിരുന്നു സി. കേശവൻ. ആരുടെ മുമ്പിലും തലകുനിക്കാത്ത ഒരു യഥാർത്ഥ രാഷ്ട്രീയസിംഹം. പക്ഷേ, അവസാനമായപ്പോഴേക്കും സി. കേശവനും ആഴത്തിൽ മുറിവേറ്റ ഒരു സിംഹമായിക്കഴിഞ്ഞിരുന്നു. അന്ത്യവും അങ്ങനെതന്നെ.

■




*കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി*




ജോയിഷ് ജോസ്

# വാർദ്ധക്യത്തിന്റെ ഉണർത്തുപാട്ട്

**അ**യാളുടെ പേര് സാന്റിയാഗോ... എഴുപത്തിയഞ്ചു വയസ്സുള്ള വൃദ്ധൻ. പക്ഷേ, ആ പ്രായത്തിലെത്തിയ മറ്റേതൊരാളെയുംപോലെ ജീവിതത്തെ നിഷ്ക്രിയമായല്ല അയാൾ സമീപിക്കുന്നത്. കടന്നുപോയ ജീവിതത്തിൽ താൻ ചെയ്ത വീരസാഹസകൃത്യങ്ങൾ സ്വപ്നമായി വന്ന് അയാളിൽ പുനർജനിക്കുന്നുണ്ട്.

ഈ പ്രായത്തിലെത്തിയ ഒരു സാധാരണക്കാരൻ സ്വാഭാവികമായും കണ്ടേക്കാവുന്ന സ്വപ്നങ്ങൾ ദുസ്സ്വപ്നങ്ങളോ മരണമോ ജീവിതത്തിലെ നിരാശ നിറഞ്ഞ സംഭവങ്ങളോ ആകാമെങ്കിൽ, ഇവിടെ സാന്റിയാഗോയുടെ സ്വപ്നങ്ങളിൽ അതൊന്നുമല്ല എന്നതും ശ്രദ്ധേയം. കഴിഞ്ഞ എഴുപതിലേറെ ദിവസങ്ങളായി ഒരു ചെറിയ പായ്‌വഞ്ചിയിൽ കയറി കടലിൽ പോയി മീൻ പിടിക്കുകയാണ് അയാളുടെ ജോലി. നിർഭാഗ്യകരമെന്നു പറയട്ടെ, ഈ ദിവസങ്ങളിലൊന്നിലും ഒരു പൊടിമീൻപോലും അയാളുടെ ചൂണ്ടയിൽ കൊത്തിയിട്ടില്ല. പക്ഷേ, അയാൾക്കതിൽ നിരാശയോ അതുകൊണ്ട് ദിനേനയുള്ള ആ കൃത്യത്തിൽനിന്നുള്ള പിൻവാങ്ങലോ സംഭവിച്ചിട്ടില്ല എന്നതാണ് ശ്രദ്ധേയം.

വലിയൊരു മീൻ തന്റെ ചൂണ്ടയിൽ കൊത്തുമെന്നുതന്നെയാണ് അയാളുടെ വിശ്വാസം. ആ വിശ്വാസം ഒരുദിനം അയാൾക്കു തുണയാവുകതന്നെ ചെയ്തു. പതിവുപോലെയുള്ള ആ കടൽയാത്രയിൽ അയാളുടെ ചൂണ്ടയിൽ ഒരു മീൻ കൊത്തി. മുന്നൂറാൾ താഴ്ചയിൽ ചൂണ്ടയെറിഞ്ഞപ്പോഴായിരുന്നു അത്. ചൂണ്ട വലിക്കാൻ നോക്കിയപ്പോഴാണ് മീൻ പോരാട്ടം തുടങ്ങിയിരിക്കുന്നതായി അയാൾ മനസ്സിലാക്കിയത്. അതുകൊണ്ട് പോരാടാൻ മത്സ്യത്തെ അനുവദിച്ച് കാത്തിരിക്കാൻ അയാൾ തയ്യാറായി. അങ്ങനെ, വള്ളവും വലിച്ച് മീൻ മൂന്നു ദിവസം കടലിൽ അലഞ്ഞു. വള്ളത്തെക്കാൾ വലിയ മീനായിരുന്നു അത്. ഒടുവിൽ, മീനിനെ




കീഴടക്കി കടലിൽനിന്നു കരയിലേക്കുള്ള യാത്രയിൽ സ്രാവുകൾ അതിനെ തിന്നുതീർത്തു എന്നത് സങ്കടകരമായ വസ്തുത.

തീരത്ത് അയാളെ കാത്തുനിന്നത് ഗ്രാമം മുഴുവനുമായിരുന്നു. ആ ഗ്രാമത്തിൽ ആരും ഇതുവരെ അത്രയും വലുപ്പമുള്ള മത്സ്യത്തെ പിടികൂടിയിട്ടില്ല എന്നാണ് അതിന്റെ എല്ലുകണ്ട് എല്ലാവരും അഭിപ്രായപ്പെട്ടത്.

ഇത് 'കിഴവനും കടലും' എന്ന പ്രശസ്തമായ ഹെമിങ് വേ കൃതിയുടെ ഇതിവൃത്തമാണ്. ഏതൊരാളെയും ഏതു പ്രായത്തിലും പ്രചോദിപ്പിക്കുന്നതാണിത്. പക്ഷേ, മറ്റൊരു തരത്തിൽ ഈ കൃതിയെ കാണുന്നതും നല്ലതാകുമെന്നു കരുതുന്നു. അത് പ്രസാദപൂർണമായ വാർദ്ധക്യത്തിന്റെ കഥയാണ്. നിഷ്ക്രിയരായിരിക്കുന്ന നമ്മുടെ അനേകം വാർദ്ധക്യങ്ങളെ ക്രിയാത്മകമാക്കാൻ സഹായിക്കുന്നുണ്ട് സാന്റിയാഗോ. പ്രായം ജീവിതത്തിലെ മികച്ച നേട്ടങ്ങൾ നേടുന്നതിൽനിന്ന് നമ്മെ പിന്തിരിപ്പിക്കേണ്ടതില്ലെന്നാണ് അയാൾ പറയുന്നത്.

നമ്മുടെ പ്രിയപ്പെട്ട അബ്ദുൾ കലാം പറഞ്ഞതുപോലെ, സ്വപ്നം കാണുന്നവരാകാനും സാന്റിയാഗോ പറയുന്നു. സാന്റിയാഗോ കാണുന്ന സ്വപ്നങ്ങളെത്തന്നെ നോക്കൂ: എത്ര ജീവസ്സുറ്റവയാണവ. സ്വപ്നങ്ങളിൽ ചെറുപ്പം സൂക്ഷിക്കുക. മനോഭാവങ്ങളിൽ യുവത്വമുണ്ടായിരിക്കുക. സാന്റിയാഗോയുടെ ജീവിതം നല്കുന്ന സന്ദേശം അതാണ്. പലവിധത്തിലുള്ള പോരാട്ടങ്ങൾ ഓരോരുത്തരുടെയും ജീവിതത്തിലുണ്ടാകും. പിടി വിടാതെ പോരാടുക. എഴുപത്തിയഞ്ചു വയസ്സുള്ള ഒരു വൃദ്ധൻ കരക്കാണാകടലിൽ ഒറ്റയ്ക്കു നിന്ന് മത്സ്യവുമായി പോരാടാൻ തയ്യാറാകുമ്പോൾ അയാളെ അതിനു പ്രേരിപ്പിക്കുന്നത് തോറ്റുകൊടുക്കാനുള്ള സന്നദ്ധതയില്ലായ്മയാണ്. ഒരു കാറ്റിനും കടലിനും അയാളിലെ പോരാട്ടവീര്യത്തെ കെടുത്താനാവില്ല. ചൂണ്ടയിൽ കുരുങ്ങിയ ഒരു മത്സ്യത്തിനും കീഴടങ്ങിക്കൊടുക്കാൻ അയാൾ തയ്യാറുമല്ല.

വാർദ്ധക്യം ഒരാളുടെ സ്വപ്നങ്ങൾക്ക് അതിരുവരയ്ക്കുന്നില്ല എന്നുകൂടി ഈ കഥ നമ്മോടു പറയുന്നുണ്ട്. വാർദ്ധക്യം ജീവിതത്തിൽനിന്നുള്ള എക്സിറ്റല്ല, അത് ജീവിതത്തിലെ, തുറക്കുകയും അടയ്ക്കപ്പെടുകയും ചെയ്യുന്ന അനേകം വാതിലുകളിൽ ഒന്നുമാത്രം.

പ്രായമെത്തിയതിന്റെ പേരിലോ പ്രായമേറിപ്പോയതിന്റെ പേരിലോ നമ്മുടെയുള്ളിലുള്ളതിനെയൊന്നും ഇല്ലാതാക്കാൻ നോക്കരുത്. ഒരു സ്വപ്നത്തിനും പകരംവയ്ക്കാൻ കഴിയുന്നതല്ല പ്രായം. ഒരു പ്രായവും നമ്മുടെ ഒരു സ്വപ്നത്തെയും ഹനിക്കാനും പാടില്ല. അങ്ങനെ ഊർജ്ജസ്വലവും പ്രസാദഭരിതവുമായ ഒരു വാർദ്ധക്യകാലത്തിന്റെ ഉണർത്തുപാട്ടായി കിഴവനും കടലും മാറുന്നു. □

*1-ാം പേജ് തുടർച്ച*

# മർമരം പൊഴിച്ച മണിദീപം

വൈദികജീവിതത്തിന്റെ പത്താം വർഷത്തിൽ, 1955 ജൂലൈ മൂന്നിന് ഊട്ടി രൂപതയുടെ മെത്രാനായി മാർപാപ്പ അദ്ദേഹത്തെ നിയമിച്ചു. ആ വർഷം ഒക്ടോബർ 16 ന് മെത്രാഭിഷേകം നടക്കുമ്പോൾ അദ്ദേഹം ഭാരതകത്തോലിക്കാസഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രായംകുറഞ്ഞ ബിഷപ്പാവുകയായിരുന്നു, തന്റെ 34-ാം വയസിൽ. ഒന്നരപ്പതിറ്റാണ്ട് അവിടെ അജപാലനം നിർവഹിച്ച ബിഷപ് ആന്റണി പടിയറ 1970 ജൂൺ 14 ന് ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിതനായി. അങ്ങനെ, ലത്തീൻസഭയുടെ കീഴിൽ വൈദികവിദ്യാർത്ഥിയായും വൈദികനായും മെത്രാനായും സംവത്സരങ്ങൾ ചെലവഴിച്ച അദ്ദേഹം തന്റെ മാതൃസഭയിലേക്കും മാതൃരൂപതയിലേക്കും തിരിച്ചെത്തി. അടുത്ത ഒന്നരപ്പതിറ്റാണ്ട് ചങ്ങനാശേരിയായിരുന്നു അദ്ദേഹത്തിന്റെ കർമ്മഭൂമി.

1985 ഏപ്രിൽ 23 ന് മാർ ആന്റണി പടിയറ എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി ചുമതലയേറ്റു. അപ്പോൾ കർദിനാൾ ജോസഫ് പാറേക്കാട്ടിൽ സ്ഥാനത്യാഗം ചെയ്തിട്ട് ഒരു വർഷം കഴിഞ്ഞിരുന്നു. 1923 ഡിസംബർ 21 ന് മാർപാപ്പ സീറോ മലബാർ ഹൈരാർക്കി സ്ഥാപിച്ചതോടെ പ്രഥമ അതിരൂപതയായി ഉയർത്തപ്പെട്ട എറണാകുളത്തേക്ക് എത്തിയ മാർ പടിയറ സൗമ്യമായ പെരുമാറ്റംമൂലം ഏവരുടെയും സ്നേഹാദരവുകൾ ഏറ്റുവാങ്ങി. 1988 ജൂൺ 28 ന് അദ്ദേഹം കർദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ടു. 1992 ഡിസംബർ 16 ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ സീറോമലബാർസഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും എറണാകുളം അതിരൂപത മേജർ ആർച്ചുബിഷപ്പിന്റെ ഭദ്രാസനമായി നിശ്ചയിക്കുകയും ചെയ്തു. അതേ രേഖയിൽത്തന്നെ അതിരൂപതയുടെ പേര് എറണാകുളം അങ്കമാലി എന്നാക്കി മാറ്റി. അങ്ങനെ പടിയറപ്പിതാവ് സീറോ മലബാർസഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായിത്തീർന്നു.

സുഹൃദ്ബന്ധങ്ങളാൽ സമ്പന്നനായിരുന്ന അദ്ദേഹത്തിന്റെ, നർമത്തിൽ പൊതിഞ്ഞ വാക്കും പ്രവൃത്തിയും ഏവരെയും ആകർഷിച്ചിരുന്നു. സെമിനാരി അധ്യാപകനും ധ്യാനഗുരുവുമൊക്കെയായി ശോഭിച്ചിട്ടുള്ള അദ്ദേഹം ആത്മീയതയുടെ ആർദ്രഭാവങ്ങൾ പ്രകടിപ്പിച്ചിരുന്നു. വാർദ്ധക്യത്തിൽ രോഗബാധിതനായ അദ്ദേഹം 1996 നവംബർ 11 ന് സ്ഥാനത്യാഗം ചെയ്ത് കാക്കനാട്ടുള്ള പ്രകൃതിചികിത്സാകേന്ദ്രത്തിൽ വിശ്രമജീവിതം നയിച്ചു. 2000 മാർച്ച് 23 ന് ആയിരുന്നു ദേഹവിയോഗം. പിറ്റേന്ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അദ്ദേഹത്തെ സംസ്കരിച്ചു.

എക്കാലവും ഗാന്ധിയൻമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച, പത്തു ഭാഷകളിൽ പ്രാവീണ്യമുള്ള പണ്ഡിതനായ കർദിനാൾ പടിയറയെ 1998 ൽ പത്മശ്രീപുരസ്കാരം നൽകി രാഷ്ട്രം ആദരിച്ചു. അദ്ദേഹത്തിന്റെ ഫലിതസമ്പന്നതയെ ഉദാഹരിച്ചുകൊണ്ട് 'പടിയറഫലിതങ്ങൾ' എന്ന പേരിൽ ഒരു പുസ്തകം എഴുതപ്പെട്ടിട്ടുണ്ട്. ഫലിതസമ്രാട്ടായ ക്രിസോസ്തം തിരുമേനിയെക്കുറിച്ചുള്ള ഒരു ആദരലിഖിതത്തിൽ യശഃശരീരനായ ഡോ. ഡി. ബാബുപോൾ, കർദിനാൾ പടിയറയെക്കുറിച്ചു നടത്തുന്ന ഒരു പരാമർശം ഇവിടെ ഉദ്ധരിക്കാം:

"അന്തസ്സുറ്റതും സന്ദേശം ഉൾക്കൊള്ളുന്നതും സ്വാഭാവികവുമായ ഫലിതം വേറേ കേട്ടിട്ടുള്ളത് കർദ്ദിനാൾ പടിയറ തിരുമേനിയുടെ മുഖത്തുനിന്നുമാത്രമാണ്."

പാർക്കിൻസോണിസത്തിന്റെ പ്രാരബ്ധങ്ങൾ സമ്മാനിച്ച നിസ്സഹായതയിൽപ്പോലും ആ പിതാവിന്റെ നർമബോധത്തിന് അടങ്ങിക്കഴിയാനായില്ല. കാതുകൂർപ്പിച്ചിരുന്നാലേ ഗ്രഹിക്കാമായിരുന്നുള്ളൂ എങ്കിലും എല്ലാവരും കാതുകൂർപ്പിക്കുമായിരുന്നു. ആ പരേതാത്മാവിന്റെ നർമബോധത്തിന് ആദരാഞ്ജലി എന്ന രൂപത്തിൽ ഒരു കഥ കുറിച്ചുകൊള്ളട്ടെ:

ഇടവകസന്ദർശനത്തിനെത്തുന്ന മെത്രാനെ അനാവശ്യമായ ആർഭാടങ്ങളോടെ സ്വീകരിക്കുന്ന രീതി കത്തോലിക്കാസഭയിലുള്ളത് അവസാനിപ്പിക്കണമെന്നു മോഹിച്ച ആളായിരുന്നു കർദിനാൾ. അദ്ദേഹം പറഞ്ഞു: "ഞാൻ ഇടവകസന്ദർശനം നിർത്താൻ പോവുകയാണ്. കഴിഞ്ഞ കൊല്ലം എന്നെ ആഘോഷമായി വരവേറ്റ ഒരു ഇടവകയുടെ കണക്ക് പരിശോധിച്ചതോടെയാണ് ഈ ചിന്ത ഉദിച്ചിട്ടുള്ളത്. അവരുടെ കണക്കിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നത്, കർദിനാളിനെ വെടിവച്ചു കൊണ്ടുവരാൻ ചെലവ് രൂപ രണ്ടായിരം എന്നാണ്!"

ഭാരതസഭയിൽ ഏറ്റവും ചെറിയ പ്രായത്തിൽ മെത്രാൻപദവിയിലേക്കുയർന്ന മാർ പടിയറ, രണ്ടു സഭകളിൽ മേൽപ്പട്ടശുശ്രൂഷ ചെയ്തു. സീറോ മലബാർസഭയിലാകട്ടെ, അന്നുണ്ടായിരുന്ന രണ്ട് അതിരൂപതകളുടെയും സാരഥ്യം വഹിച്ചു. കേരളസഭയിലെ രണ്ടാമത്തെ കർദിനാളായി ഉയർത്തപ്പെട്ട അദ്ദേഹം, സീറോ മലബാർസഭയുടെ അമരക്കാരനാവുകയും ചെയ്തു. ആരാധനക്രമവിവാദങ്ങൾ കൊടുമ്പിരിക്കൊണ്ടിരുന്ന അക്കാലത്ത് പുതിയ കുർബാനക്രമം നടപ്പിലാക്കുന്നതിൽ അദ്ദേഹത്തിന്റെ മുമ്പിലുണ്ടായിരുന്ന ക്ലേശങ്ങൾ ഒട്ടും ചെറുതായിരുന്നില്ല. എന്നാൽ, നർമഭാഷിയും ബുദ്ധിശാലിയുമായിരുന്ന സ്മര്യപുരുഷൻ ഈ സിദ്ധിവിശേഷങ്ങൾ കർമരംഗത്ത് ഫലപ്രദമായി വിനിയോഗിച്ചു. അങ്ങനെ, സംഘർഷഭരിതമായി മാറുമായിരുന്ന പല സന്ദർഭങ്ങളുടെയും ഗതിമാറ്റിവിടാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഒരിക്കൽ, വൈദികസമ്മേളനത്തിൽ ഉയർന്ന തീക്ഷ്ണമായ വിമർശനങ്ങളെല്ലാം ശാന്തതയോടെ കേട്ടിരുന്ന അദ്ദേഹം ഒടുവിൽ മറുപടി പറഞ്ഞതിങ്ങനെ: "നിങ്ങൾ പലതും വിളിച്ചുപറഞ്ഞു. പക്ഷേ, ഞാൻ സ്പീക്കറിനു പിന്നിലായതിനാൽ എനിക്കൊന്നും വ്യക്തമായില്ല." പറഞ്ഞ ആളുകളോടു താൻ നേരിട്ടു ചോദിച്ചു മനസ്സിലാക്കിക്കൊള്ളാം എന്നുകൂടി പറഞ്ഞതോടെ എല്ലാവരും തകർത്തുചിരിക്കുകയാണു ചെയ്തത്.

പടിയറപ്പിതാവിന്റെ കാലത്ത് കേരളത്തിൽ ഒരേയൊരു കർദിനാളേയുള്ളൂ. അദ്ദേഹം സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പുമാണ്. ആ നിലയ്ക്ക് കേരളത്തിലുടനീളം സഞ്ചരിച്ച് നാനാതരം പരിപാടികളിൽ പങ്കെടുക്കാൻ പിതാവ് ഉത്സാഹം കാണിച്ചിരുന്നു. എറണാകുളം - അങ്കമാലി അതിരൂപത സ്ഥാനികരൂപതയായി ഉള്ളപ്പോഴും സഭയെയും നാടിനെയും സമഗ്രതയോടെ സമീപിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. 'ഇദം ന മമ' എന്ന ഭാരതീയദർശനം സ്വജീവിതത്തിൽ പാലിച്ചുപോന്നതിനാൽ മാന്യതയും സൗമ്യതയും കൈവിടാതെ സദാപിചരിക്കുവാൻ ഈ ആത്മീയാചാര്യനു കഴിഞ്ഞു.

മർമരംപോലെ മനുഷ്യരോടു സംസാരിച്ച മഹാനുഭാവനാണ് മാർ ആന്റണി പടിയറ. പതിയെപ്പറയുന്നതിന്റെ ശക്തിയും യുക്തിയും തിരിച്ചറിഞ്ഞ ഋഷിതുല്യനാണ് പടിയറപ്പിതാവ്. നൂറ്റാണ്ടുമുമ്പ് മണിമലയിൽ പിറന്ന് കത്തോലിക്കാസഭയുടെ മണിമുത്തായി മാറിയ മഹാനാണ് കർദിനാൾ മാർ ആന്റണി പടിയറ. □




## അധ്യായം 25

തറവാട്ടുവീടിന്റെ ഉമ്മറത്തിണ്ണയിൽ ചിത്രപ്പണികളോടെ തീർത്ത ഈട്ടിക്കസേരയിൽ കിഴക്കേമലനിരകളിലേക്ക് അലസം നോക്കിയിരിക്കുകയാണ് വക്കച്ചൻ. ഫിലോമിന അയാളുടെയടുത്തേക്കു വന്നുനിന്നു. അയാൾ അതറിഞ്ഞതായിപ്പോലും ഭാവിച്ചില്ല.

"ഇച്ചായാ..." ഫിലോമിന വിളിച്ചു.

"ങും." വക്കച്ചൻ വിളികേട്ടു.

"ഈ വീട്ടിൽ വന്നിട്ട് ഇച്ചായനൊട്ടും സന്തോഷമില്ലല്ലോ? ജനിച്ച വീടല്ലേ? ഓടിക്കളിച്ചു വളർന്ന ചുറ്റുപാടുകളല്ലേ? ആർക്കായാലും അതിനോടൊരു സ്നേഹം എന്നും കാണും."

"സ്നേഹമൊക്കെ എനിക്കുമുണ്ട്. ഇത് വല്യപ്പനുണ്ടാക്കിയ വീടാ. എന്റപ്പനെക്കൊണ്ട് ഇതിനൊരു പരിഷ്കാരോം വരുത്താൻ അങ്ങേര് സമ്മതിക്കുകേലായിരുന്നു. ഞാനും ജീവിതത്തിൽ ഒരു വീടേ ഉണ്ടാക്കിയിട്ടുള്ളൂ. അതിനെ ഒത്തിരി ഇഷ്ടപ്പെട്ടു. അതിടിച്ചുനിരത്തിക്കളഞ്ഞതിന്റെ ദണ്ഡം മരിക്കുവോളം എനിക്കു മാറില്ലെടീ.' വക്കച്ചൻ പറഞ്ഞു.

"അതങ്ങനെയങ്ങു സംഭവിച്ചു. ഇനിയെപ്പഴും അതോർത്ത് വെഷമിച്ചിട്ടു കാര്യമുണ്ടോ? മറക്കണം. വേറേ എന്തെല്ലാം കാര്യങ്ങൾ ഓർക്കാനും ചിന്തിക്കാനുമുണ്ട്. ഞാനും മീരമോളും പെട്ടെന്ന് ഈ വീടിനോടിണങ്ങി."

"നിങ്ങൾക്ക് ഇണങ്ങുകയോ പിണങ്ങുകയോ ഒക്കെ ചെയ്യാം. കോടികൾ മുടക്കി ഞാൻ മോഹിച്ചു പണിതീർത്ത എന്റെ വീടിന്റെ വിചാരം നെഞ്ചിടിപ്പുപോലെ എപ്പഴുമുണ്ടാകും. അതു പൊളിപ്പിക്കാൻ കേസുമായിട്ടു നടന്നവനിപ്പം മണ്ണിനടിയിലായി. അവന്റെ ഒടുക്കത്തെയൊരു പ്രകൃതിസ്നേഹം! ഒരുത്തികൂടിയുണ്ടനുഭവിക്കാൻ! കളക്ടർ സലോമി! കാലൻ മാത്തന്റെ മകൾ! അവളെ കുഴീലോട്ടു വയ്ക്കുന്നതുകൂടെ എനിക്കു കാണണം. എന്റെ നെഞ്ചിലെ തീ അന്നേ അണയുകയുള്ളൂ." വക്കച്ചൻ വികാരാധീനനായി.

അപ്പോൾ മുറ്റത്തേക്ക് കറുത്ത ബെൻസ് കാർ വന്നുനിന്നു. വക്കച്ചന്റെയും ഫിലോമിനയുടെയും ശ്രദ്ധ അങ്ങോട്ടായി. കാറിൽനിന്നിറങ്ങിവന്നത് ആജാനുബാഹുവായ അബ്കാരി ചാക്കപ്പനാണ്. സിൽക്ക് ജൂബയും മുണ്ടുമായിരുന്നു വേഷം.

"അല്ലാ. ആരിത്... ഇങ്ങോട്ടൊക്കെയുള്ള വഴിയറിയുമോ ചാക്കപ്പാ തനിക്ക്?" വക്കച്ചൻ എഴുന്നേറ്റുചെന്ന് ആത്മമിത്രത്തെ ആലിംഗനം ചെയ്ത് വീട്ടിലേക്കു സ്വീകരിച്ചു.

"വക്കച്ചാ, വിവരങ്ങളൊക്കെ ഞാൻ ചാനലിൽക്കൂടെയും പത്രത്തിൽക്കൂടെയും അറിയുന്നുണ്ടായിരുന്നു. ഒന്നു വരാനോ വിളിക്കാനോ പറ്റിയില്ല." ചാക്കപ്പൻ പറഞ്ഞു.

"ആരു വിളിച്ചെന്നും, ആരു വിളിച്ചില്ലെന്നുമൊക്കെ ഞാൻ ചിന്തിക്കാറേയില്ല. ആകെ ഒരു വല്ലാത്ത അവസ്ഥയിൽ അങ്ങു ജീവിക്കുകാ ഞാൻ." വക്കച്ചൻ പ്രതികരിച്ചു. അയാൾ കൂട്ടുകാരനഭിമുഖമായി കസേര വലിച്ചിട്ടിരുന്നു. ഫിലോമിന ചാക്കപ്പനോടു കുശലം പറഞ്ഞിട്ട് ചായയെടുക്കാനായി അകത്തേക്കു പോയി.

"വക്കച്ചാ, നിന്റെ വെഷമം എനിക്കറിയാ. നമ്മടെയൊക്കെ ജീവിതത്തിൽ ചെറുതും വലുതമായ സങ്കടങ്ങളും നിരാശകളും ഉണ്ടായിക്കൊണ്ടിരിക്കും. പ്രതിസന്ധികളും ദുരന്തങ്ങളും മറികടന്നല്ലേടോ നമ്മളു രണ്ടും ഈ നെലേലെത്തിയത്? എന്റെ ചാരായക്കടേന്ന് പട്ടച്ചാരായം കഴിച്ചു പത്തെണ്ണം ഒരുമിച്ചു ചത്തപ്പം എന്തായിരുന്നു പുകില്. സകലരും ചാക്കപ്പന്റെ എടപാടു തീർക്കാൻ നോക്കിയില്ലേ? നടന്നോ? പണിതോനിട്ടെല്ലാം തിരിച്ചു പണികൊടുക്കുകേം ചെയ്തു, ഈ ചാക്കപ്പൻ."

"എന്റെ വീടു തകർക്കാൻ കേസും പുക്കാറുമായിട്ടു നടന്നോനെ ഒരാഴ്ചയ്ക്കകം ദൈവം കർത്താവ് മുകളിലോട്ടെടുത്തു. ഇനിയൊരുത്തിയുണ്ട്. കളക്ടർ. എന്റെ ഉപ്പും ചോറും തിന്നു ജീവിച്ച കാലൻ മാത്തന്റെ മകൾ. എനിക്കു തീരാത്ത പകയവളോടാ. ആണ്ടു തെകയ്ക്കുകേലടോ ഞാനവളെ. അതിനു പറ്റിയ ഒരാളെ തപ്പുകാ ഞാൻ. ബുദ്ധിയുള്ള, ധൈര്യമുള്ള, കരുത്തുള്ള ഒരാളെ കിട്ടണം." ലക്ഷങ്ങളെറിയാമതിന്. നിന്റെയറിവിലിങ്ങനെ ഏതവനെങ്കിലുമുണ്ടോ?"

"കളക്ടറെ തീർക്കണോന്നുള്ള പൂതി തത്കാലം കളയടാ. അതൊന്നുമത്രയെളുപ്പമല്ല. അവർക്കൊക്കെ വലിയ സെക്യൂരിറ്റിയുണ്ട്. ഇത്തരം കേസുകൾ സാധാരണക്കാരൊന്നും പിടിക്കുകേല. നിന്റെ കൈയിൽ പണമിഷ്ടംപോലെയുണ്ടല്ലോ. ഈ പഴയ വീട് പൊളിച്ചുകളഞ്ഞ് നല്ല ഫാഷനിൽ പുതിയതൊന്നങ്ങു തീർക്ക്. കായലിനു പകരം ഒന്നാന്തരം മലനെരകള് കിഴക്കോട്ടു നോക്കിയാൽ കാണാമല്ലോ."

"അവളെ തീർക്കാൻ ഞാൻ തീരുമാനിച്ചുകഴിഞ്ഞതാ. ആരു പറഞ്ഞാലും അതീന്നു മാറുകേല. കൊള്ളാവുന്ന ഒരുത്തനേം കിട്ടിയില്ലെങ്കിൽ ഞാൻതന്നെയിറങ്ങും.'' വക്കച്ചൻ തീർത്തു പറഞ്ഞു.

"നെനക്ക് അത്രയ്ക്കു വാശിയാണോ?"

"അതെ. എന്റെ പൊളിച്ചുകളഞ്ഞ വീട്ടുമുറ്റത്തുനിന്ന് ഒരു പിടിമണ്ണ് ഞാൻ വാരിയെടുത്ത് കിഴികെട്ടി ഈ വീട്ടിൽ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. അതവളുടെ ശവക്കുഴിയിൽ വിതറണമെനിക്ക്. അതു കഴിഞ്ഞേ ഞാനൊന്നു ചിരിക്കുകയുള്ളൂ."

അബ്കാരി ചാക്കപ്പൻ അതു കേട്ട് നിശ്ശബ്ദനായി. കൂട്ടുകാരന്റെ നെഞ്ചിലെ പകയുടെ നീറിപ്പുകയുന്ന കനലുകൾ അയാൾ മനസ്സിൽ കണ്ടു.

"പറ്റിയ ഒരാളുമില്ലേ തന്റെ കസ്റ്റഡിയിൽ. പണം അതെത്രയായാലും എനിക്കു പ്രശ്നമില്ല. രാത്രി ഒരു മണിക്ക് എന്റെ വീട് ശാസ്ത്രീയമായി തകർക്കുന്നത് കൈകെട്ടി നോക്കിനിന്ന് അവള് രസിച്ചു. അപ്പന്റെ ചോരയ്ക്ക് കണക്കു തീർത്തു. പലരും നോക്കീട്ടു നടക്കാത്ത വീരകൃത്യം ചെയ്തവളെന്നു ഖ്യാതി നേടി."

"വക്കച്ചാ, ശിക്ഷ പിടിക്കാൻ തയ്യാറുള്ളവനേ ഈ കേസുപിടിക്കൂ. പ്രവൃത്തി ചെയ്തവൻ മാത്രമല്ല ഗൂഢാലോചനക്കാരനും കുടുങ്ങും. വേണോ അത്?"

"ഈ ഭൂമിയിലെ ജീവിതത്തിൽ എനിക്കിനി അങ്ങനെയൊരാഗ്രഹം മാത്രമേയുള്ളൂ ചാക്കപ്പാ."

ചാക്കപ്പൻ പിന്നെയും ആലോചനയിൽ മുഴുകി.

''ഒരാളുണ്ട്. ഏർപ്പാടാക്കണോ?" ചാക്കപ്പൻ ചോദിച്ചു.

"വേണം. ആരാണ്? എവിടെയുള്ളവനാ?" വക്കച്ചൻ ഉദ്വേഗത്തിലായി.

"രമണി ഷാജി."

"പെണ്ണാണോ?"



"അല്ല. ഒന്നാംതരം ആണു തന്നെ. ഞങ്ങടെ പാലക്കാട്ടുള്ളതാ. ഒരു കാര്യം ഏറ്റാൽ കൃത്യമായി ചെയ്തിരിക്കും. ഒരു മുപ്പതുലക്ഷം കളയുമോ താൻ?"

"കളയും. എന്നിലേക്കെത്തരുതെന്നു മാത്രം."

"അവൻ ആള് ഒരു തന്തയില്ലാത്തവനാ. ചായക്കടക്കാരി രമണിക്ക് പെഴച്ചുണ്ടായ സന്തതി. അമ്മയെന്നു വച്ചാൽ ജീവനാ അവന്. രമണിക്കിപ്പോൾ ഗുരുതരരോഗം ബാധിച്ച് ചാകാറായിരിക്കുവാ. കരള് മാറ്റിവച്ചെങ്കിലേ ജീവിക്കുകയുള്ളൂ. സ്വന്തപ്പെട്ടൊരു പെണ്ണ് കരളു കൊടുക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. മാറ്റിവയ്ക്കൽ ചെലവിനുള്ള പണത്തിന് അവൻ വെഷമിക്കുകാ. പണം മുൻകൂറ് കൊടുക്കണം."

''ഹൊ! ഇങ്ങനെയൊരുത്തനെ എങ്ങനെ വിശ്വസിക്കും?"

"അമ്മേടെ ഓപ്പറേഷൻ നടത്തിക്കഴിഞ്ഞാലുടനെ അവൻ തന്റെ കാര്യം നടത്തിത്തരും. സംശയിക്കണ്ട."

"ചാക്കപ്പന് അത്ര വിശ്വാസമാണോ?"

"അതേ. സമ്മതമാണെങ്കിൽ അവൻ നാളെ രാത്രിയിൽ തന്നെ വന്നു കാണും. ഡീറ്റെയിൽസ് കൊടുക്കണം. പേടിക്കാതെ പണം കൊടുക്കാം. ചതിക്കുകേല. പോലീസുപിടിച്ച് തന്നെയിടിക്കുമ്പം ചാക്കപ്പനാ ഏർപ്പാടുചെയ്തുതന്നതെന്ന് പറഞ്ഞേക്കരുത്."

''ഇല്ല ചാക്കപ്പാ. ഉപകാരം ചെയ്തവനെ വക്കച്ചൻ വഞ്ചിക്കുകേല.'' അയാൾ ഉറപ്പുകൊടുത്തു.

അപ്പോൾ ട്രേയിൽ ചായക്കപ്പുകളും പൂവൻപഴവുമായി ഫിലോമിന കയറി വന്നു. ട്രേ ടീപ്പോയിൽവച്ചിട്ട് ചായക്കപ്പെടുത്ത് ചാക്കപ്പനും വക്കച്ചനും കൊടുത്തു.

''ഫിലോ മധുരം ഇട്ടിട്ടില്ലല്ലോ?'' ചാക്കപ്പൻ എടുത്തു ചോദിച്ചു.

"ഇല്ല. രണ്ടാൾക്കും മധുരം വേണ്ടെന്നെനിക്കറിയാം." ഫിലോമിന പറഞ്ഞു.

''ചാക്കപ്പാ, പൂവൻപഴവും കഴിക്കണം. നമ്മുടെ പറമ്പിൽ രാസവളവും കീടനാശിനിയും പ്രയോഗിക്കാത്ത പൂവൻവാഴയിലുണ്ടായ കുല പഴുത്തതാ." വക്കച്ചൻ ഓർമിപ്പിച്ചു. ചാക്കപ്പൻ ഒരു പഴമെടുത്ത് ആകെയൊന്നു നോക്കിയിട്ട് തൊലി നീക്കിക്കഴിച്ചു. ഫിലോമിന അടുക്കളയിലേക്കു മടങ്ങി.

''വക്കച്ചാ, ഞാൻ വന്നത് വെറുതെ തന്നെ കണ്ടു വാചകമടിച്ചു പോകാനല്ല. എന്റെ പുതിയ വീടിന്റെ പാലുകാച്ചലിനു ക്ഷണിക്കാനാ. ഈ മാസം പതിനെട്ടാം തീയതിയാ ചടങ്ങ്." ചാക്കപ്പൻ പറഞ്ഞു.

"തീർച്ചയായും വരും. ഞാൻ തന്ന എന്റെ വീടിന്റെ അതേ പ്ലാനിൽ പണിത വീടല്ലേ?"

"അതെ. പ്ലാനിൽ ഒരു മാറ്റവും വരുത്തീട്ടില്ല."

വക്കച്ചൻ ഒരു ദീർഘശ്വാസമെടുത്തു.

''എടോ, വീടിന്റെ പ്ലാൻ മറ്റാർക്കും കൊടുക്കരുതെന്ന് പലരും എന്നോടു പറഞ്ഞതാ. അത് ആദ്യം പണിത വീടിനു ദോഷം വരുത്തുമെന്ന്. ഞാനതു വകവെച്ചില്ല. നിനക്കു പ്ലാൻ തന്നു. എന്റെ വീട് നശിക്കുകയും ചെയ്തു."

'നീ പറയുന്നത് വെറും അന്ധവിശ്വാസമാ. ഈ കാലഘട്ടത്തിൽ ജീവിക്കുന്ന ഒരാളിങ്ങനെ പറയരുത്."

''പറയുന്നില്ല. പറഞ്ഞിട്ടു കാര്യവുമില്ല." വക്കച്ചൻ പറഞ്ഞു.

കുറെനേരംകൂടി വർത്തമാനം പറഞ്ഞിരുന്നിട്ടാണ് ചാക്കപ്പൻ സ്ഥലംവിട്ടത്.

പിറ്റേന്നു വ്യാഴാഴ്ച. രാത്രി പതിനൊന്നുമണിക്ക് പുഴക്കരവക്കച്ചന്റെ ബംഗ്ലാവിലെ കോളിങ് ബെൽ ശബ്ദിച്ചു. വക്കച്ചൻ ഉറങ്ങിയിരുന്നില്ല. അയാൾ രമണി ഷാജിയെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ബെല്ലുകേട്ടതേ ഏഴുന്നേറ്റ് വാതിൽക്കലേക്കു ചെന്നു. ശ്രദ്ധയോടെ വാതിൽ തുറന്നു. മുമ്പിൽ നിൽക്കുന്ന ആറടി ഉയരക്കാരനെക്കണ്ട് വക്കച്ചൻ അമ്പരന്നു. കാലൻ മാത്തന്റെ തനിരൂപം!

"ഞാൻ രമണി ഷാജി." മുഴക്കമുള്ള ശബ്ദത്തിൽ ആഗതൻ പറഞ്ഞു.

(തുടരും)


1-ാം പേജ് തുടർച്ച

# ഇന്ധനവിലക്കയറ്റം
# '100' തികച്ച് ആഘോഷമാക്കാനോ?

കോൺഗ്രസിന്റെ ഭരണകാലത്ത് ക്രൂഡിന്റെ വില 150 ഡോളറിൽ എത്തുകയും, ഇവിടെ പെട്രോൾവില 70 രൂപയ്ക്കു മുകളിലേക്കു കയറുകയും ചെയ്തപ്പോൾ ബിജെപി നടത്തിയ ശക്തമായ പ്രതിഷേധപ്രകടനങ്ങളും സമരങ്ങളും അവർ സൗകര്യപൂർവം മറക്കുകയാണ്. പക്ഷേ, ജനം മറന്നിട്ടില്ല. നഗരവീഥികളിലൂടെ കാളവണ്ടിയോടിച്ചും, അന്നത്തെ ഡൽഹി മുഖ്യമന്ത്രിയുടെ വീട്ടിലേക്കു ജാഥയായി ബൈക്കുകൾ ഓടിച്ചുകയറ്റിയതും വിലക്കയറ്റം ആരെയും വേദനിപ്പിക്കുന്നില്ലേ? എന്തുകൊണ്ട് ഈ ശ്മശാനമൂകത?

മാധ്യമങ്ങളോടു ചോദിച്ചു നോക്കൂ; അവർ പറയും, "പ്രതിപക്ഷം ഒന്നും ചെയ്യുന്നില്ല. ശക്തമായ പ്രതികരണവും ഇടപെടലും അവരുടെ ഭാഗത്തു കാണുന്നില്ല. വാർത്തകൾ നുള്ള തന്ത്രങ്ങൾ വിജയകരമായി ബിജെപി പയറ്റുന്നു."

ഏതായാലും, കഷ്ടപ്പെടുന്നത് പാവങ്ങളെക്കാൾ, മദ്ധ്യതരക്കാരാണ്. 'മിഡിൽ ക്ലാസ്' എന്നു വിവരിക്കപ്പെടുന്ന ഇക്കൂട്ടർക്ക് ഒരു ചെറിയ കാറോ ടൂവീലറുകളോ സ്വന്തമായി ഉണ്ടായിരിക്കും; പരിമിതമായ വരുമാനം



ഓർക്കുന്നവരുണ്ട്. ഇന്ന്, ക്രൂഡിന്റെ വില അന്നത്തെ 150 ഡോളറിന്റെ മൂന്നിലൊരു ഭാഗം മാത്രമായി നിൽക്കുമ്പോഴാണ് നാം 90 രൂപയ്ക്ക് പെട്രോൾ വാങ്ങേണ്ടിവന്നിരിക്കുന്നത്. അന്നു ബിജെപിയുടെ സമരപരിപാടികൾക്ക് ആഘോഷപൂർവമായ പ്രചരണം നൽകിയ മാധ്യമങ്ങൾക്കും ഇന്ന്, ഇത് ഒരു വലിയ വിഷയമല്ല. നമ്മുടെ നഗരങ്ങളിലും ഗ്രാമാന്തരങ്ങളിലും പ്രതിഷേധക്കാരുടെ ബഹളവുമില്ല. ഈ കഠിനമായ സൃഷ്ടിക്കുന്ന പ്രകടനങ്ങളുമില്ല. അപ്പോൾ ഞങ്ങൾ എന്തു റിപ്പോർട്ടു ചെയ്യാനാണ്?"

പ്രതിപക്ഷത്തോടു ചോദിച്ചാൽ അവർ പറയും, "ഞങ്ങളുടെ പ്രതിഷേധം ശക്തമായി പ്രകടിപ്പിക്കുന്നുണ്ട്. പക്ഷേ, മാധ്യമങ്ങളൊന്നും സ്വതന്ത്രമായി പ്രവർത്തിക്കുന്നില്ല. അവരെല്ലാം സർക്കാരിന് ഒരു അനിഷ്ടവും വരാതെ സൂക്ഷിച്ചു പ്രവർത്തിക്കുന്ന സ്ഥിതിയിൽ ആയിക്കഴിഞ്ഞിരിക്കുന്നു. അവരെ വരുതിയിൽ നിറുത്താ കൊണ്ട് ബുദ്ധിമുട്ടി, രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ എക്കാലവും പാടുപെടുന്ന ഇവർക്ക് പെട്രോൾ വിലക്കയറ്റം കനത്ത പ്രഹരംതന്നെയാണ്. പക്ഷേ, ഉത്തരേന്ത്യയിൽ ഈ മദ്ധ്യവിഭാഗം ബഹുഭൂരിപക്ഷവും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഭക്തരാണ്. അതുകൊണ്ട് അദ്ദേഹത്തിന് ഏതു കഠിനനടപടിയെടുക്കാനും ഭയമില്ല; തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ അവരുടെ വോട്ടു നേടാനുള്ള 'വിഭാഗീയ വികാരം ഉണർത്തൽ' എന്ന പഴയ ആയുധവും കൈവശമുണ്ടല്ലോ. അവരിൽനിന്നു വലിയ പ്രതിഷേധപ്രകടനമൊന്നും ഉണ്ടാകുമെന്ന് ബിജെപിക്കു ഭയപ്പെടാനില്ല, എന്നർത്ഥം.

കോൺഗ്രസ് പാർട്ടിയാണെങ്കിൽ, അന്താരാഷ്ട്ര എണ്ണവില അവരുടെ ഭരണകാലത്ത് 150 ഡോളറിൽ എത്തിയപ്പോഴത്തെ സ്ഥിതിയും, അത് 50 ഡോളർ മാത്രമായി നിൽക്കുന്ന ഇന്നത്തെ സ്ഥിതിയും താരതമ്യം ചെയ്ത് ജനങ്ങൾക്കു കാര്യം എളുപ്പം മനസ്സിലാകുന്ന വിധത്തിൽ വിഷയം അവതരിപ്പിക്കാൻ ശ്രമിക്കുന്നില്ല; മാദ്ധ്യമങ്ങൾക്ക് പടംപിടിച്ച് കാണിക്കാൻ സഹായകമായ നിറപ്പകിട്ടുള്ള കാളവണ്ടിജാഥകളോ സൈക്കിൾ യാത്രകളോ സംഘടിപ്പിക്കുന്നുമില്ല.

ഇതിനിടയ്ക്ക് മറ്റൊരു തമാശ: നമ്മുടെ എണ്ണശുദ്ധീകരണശാലകളിൽ ഇറക്കുമതി ചെയ്യുന്ന ക്രൂഡ്, സംസ്കരിച്ച് നാം ഉത്പാദിപ്പിക്കുന്ന പെട്രോൾ, ഡീസൽ എന്നിവ വിദേശരാജ്യങ്ങളിലേക്കു കയറ്റുമതി ചെയ്യുന്നു. എന്തുവിലയ്ക്ക്? വെറും 34 രൂപയ്ക്ക് പെട്രോളും 37 രൂപയ്ക്ക് ഡീസലും!

തീപിടിക്കുന്ന വിലയായ 90 രൂപയ്ക്ക് ജനങ്ങൾക്കു പെട്രോൾ നൽകുന്ന സർക്കാർ 15 വിദേശരാജ്യങ്ങളിലേക്ക് പെട്രോൾ കയറ്റിയയയ്ക്കുന്നത് തുച്ഛമായ വിലയ്ക്ക്. വിവരാവകാശനിയമപ്രകാരം ഈയിടെ മാംഗ്ളൂർ റിഫൈനറീസ് പെട്രോകെമിക്കൽസ് എന്ന പൊതുമേഖലാസ്ഥാപനത്തിൽനിന്നു ലഭിച്ച വിവരമാണിത്.

ഇന്നു ലോകത്തിൽ ഏറ്റവുമധികം ക്രൂഡ് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. അതേ സമയം ഏറ്റവുമധികം പെട്രോളും ഡീസലും മറ്റു റിഫൈനറി ഉത്പന്നങ്ങളും കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളുടെ ലിസ്റ്റിലും നാമുണ്ട് (ഈ ലിസ്റ്റിൽ നാം പത്താംസ്ഥാനത്ത്.)

ഇന്ന് ഇന്ത്യയ്ക്കു വിദേശനാണ്യത്തിന്റെ കാര്യത്തിൽ പഞ്ഞമില്ല. റിക്കാർഡുതലത്തിലാണ്, നമ്മുടെ വിദേശനാണ്യ നീക്കിയിരുപ്പിന്റെ കണക്ക്. 540 ബില്യൻ ഡോളർ! ഒരു ബില്യൻ ഡോളർ, 7500 കോടി രൂപ എന്നു കണക്കാക്കുക. ഈ സാഹചര്യത്തിൽ 34 രൂപയ്ക്കും, 37 രൂപയ്ക്കും മറ്റും എന്തിനുവേണ്ടിയാണ് നാം പെട്രോളും ഡീസലും കയറ്റുമതി ചെയ്യുന്നത്? ആ കയറ്റുമതി നിർത്തി ആ ഉത്പന്നം കൂടി നമ്മുടെ ആഭ്യന്തരവിപണിയിൽ വില്പന നടത്തിയാൽ, ജനങ്ങൾക്ക് പെട്രോളും ഡീസലും പത്തോ പതിനഞ്ചോ രൂപകണ്ട് വില കുറച്ച് ലഭ്യമാക്കാൻ കഴിയും. അതേ സമയം സർക്കാരിന് പെട്രോളിയം മേഖലയിൽനിന്നു ലഭിക്കുന്ന നികുതിവരുമാനം കുറയാതെ സൂക്ഷിക്കാൻ കഴിയും; മൂന്നാമതായി, റിഫൈനറിയുടെ വരുമാനവും, ലാഭവും ഉയരുകയും ചെയ്യും. ഒരു വെടിക്ക് മൂന്നു പക്ഷികൾ!

ഇതോടൊപ്പം സർക്കാരിന്റെ അനാവശ്യച്ചെലവുകൾ കുറയ്ക്കുകയും അഴിമതി കർശനമായി നിയന്ത്രിക്കുകയും ചെയ്താൽ പെട്രോൾവില വീണ്ടും കുറച്ചുകൊണ്ടുവരാൻ കഴിയും. ജനങ്ങളുടെ നടുവ് ഒടിക്കാതെ സർക്കാരിന് ആവശ്യമായ നികുതി വരുമാനം ലഭിക്കുകയും ചെയ്യും. പക്ഷേ, ദന്ത ഗോപുരത്തിൽനിന്നിറങ്ങി, കഷ്ടപ്പെടുന്ന ജനങ്ങളുടെ ദീനരോദനം കേൾക്കാൻ സർക്കാർ തയ്യാറാകണം. അതോ, ഞങ്ങൾ എന്തു ചെയ്താലും, തിരഞ്ഞെടുപ്പു വരുമ്പോൾ അവരുടെ വോട്ടു നേടാനുള്ള വേറേ ആയുധം കൈയിലുണ്ട്, എന്നു കരുതി അഹങ്കാരപൂർവ്വം മുന്നോട്ടു പോകുമോ? ■

## പാലാ സെന്റ് തോമസ് കോളജിന് നാക് റീ-അക്രഡിറ്റേഷനിൽ എ++ ഗ്രേഡ്



പാലാ: പാലാ സെന്റ് തോമസ് കോളജ് നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ ഏറ്റവും ഉയർന്ന ഗ്രേഡായ എ++ ന് യോഗ്യത നേടി. കഴിഞ്ഞ ദിവസം കോളജിൽ നാക് പീയർ ടീം സന്ദർശനം നടത്തിയിരുന്നു. 3.56 സിജിപിഎയോടുകൂടിയാണ് എ++ ഗ്രേഡ് നേടിയത്. കോളജ് സ്ഥാപനത്തിന്റെ 70-ാം വർഷം ഇത്രയും ഉയർന്ന സ്കോറിൽ എത്തുന്നത് കോളജിന്റെ മികവ് എടുത്തുകാണിക്കുന്നു.

യുജിസി സെന്റ് തോമസ് കോളജിനെ മികവിന്റെ സാധ്യതാകേന്ദ്രമായി (സിപിഇ) തിരഞ്ഞെടുത്തിരുന്നു. പരാമർശ് സ്കീമിലൂടെ കോളജുകളെ നാക് അക്രഡിറ്റേഷന് ഒരുക്കുന്ന മെന്റർ കോളജായും, രണ്ടു കോടി രൂപയുടെ റൂസാ പദ്ധതിയിലും സെന്റ് തോമസ് കോളജ് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

2020 ജനുവരിയിൽ നിലവിൽ വന്ന ഏറ്റവും പുതിയ നാക് അക്രഡിറ്റേഷൻ ഫ്രെയിംവർക്കിൽ ആദ്യ വിലയിരുത്തൽ ഫലം വരുന്നത് പാലാ സെന്റ് തോമസ് കോളജിനാണ്. ഇത് കോളജിന്റെ റി-അക്രഡിറ്റേഷന്റെ നാലാം സൈക്കിളാണ്. പാലാ സെന്റ് തോമസ് കോളജ് എത്രയും വേഗം കല്പിത സർവകലാശാലാപദവി നേടണമെന്ന് നാക് പീയർ ടീം സംഘം നിർദ്ദേശിച്ചു.

നിങ്ങളുടെ പാതി ഇവിടെയുണ്ട്
KCBC മലബാർ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വൈദികരുടെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യൻ മാട്രിമോണിയൽ സർവീസ്
● വിധവകൾ/വിഭാര്യർ, വിവാഹമോചനം നേടിയവർ, അംഗപരിമിതർ, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകൾ എന്നിവർക്കായി പ്രത്യേക വിഭാഗം.
● നിങ്ങൾ തരുന്ന വിവരങ്ങൾ ശേഖരിച്ച് ഉചിതമായ പങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്നു. (വ്യക്തി വിവരങ്ങൾ സുരക്ഷിതമായിരിക്കും)
നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം: മൊബൈൽ ആപ് /വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുകയോ 85909 90889 ഈ നമ്പറിൽ വിളിക്കുകയോ ചെയ്യുക
● സ്ത്രീകൾക്ക് തികച്ചും സൗജന്യം, പുരുഷന്മാർക്ക് 4 മാസത്തേക്ക് 500 രൂപ മാത്രം. മറ്റു ഫീസുകളില്ല.
● ProLifeMarryയിൽ നിന്ന് പങ്കാളിയെ കണ്ടെത്തുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് സാമ്പത്തിക സഹായം.
വിവാഹപ്രായമായ എല്ലാവർക്കും സേവനം ലഭ്യം
ProLifeMarry.com A venture of KCBC Malabar Prolife
www.ProlifeMarry.com
6235445544 | 85909 90889
Download Mobile App: tinyurl.com/prolifemarry



സാംസൺ പാലാ

യാത്ര

# ആഡംബരക്കപ്പലിലെ അതിശയക്കാഴ്ചകൾ

**ലോ**കത്തിലെ ഏറ്റവും വലിയ ജലവാഹനമായ കപ്പലിൽ ഒന്നു യാത്രചെയ്യാൻ സ്വപ്നം കാണാത്ത വരുണ്ടോ? അതും ഒരു ആഡംബരക്കപ്പലിലായാലോ? യാത്ര അതിലും ഗംഭീരം. സിംഗപ്പൂരിൽനിന്നു യാത്ര ആരംഭിച്ച് മലേഷ്യാ, തായ്‌ലന്റ്, ഫുക്കറ്റ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് നാലുദിവസത്തെ യാത്ര കഴിഞ്ഞ് തിരിച്ച് സിംഗപ്പൂരിൽ എത്തുന്ന ഒരു ആഡംബര ക്കപ്പലിലെ ഏതാനും കാഴ്ചാനുഭവങ്ങളുടെ ചില വിശേഷങ്ങൾ പങ്കുവയ്ക്കട്ടെ.

1969 ൽ സ്ഥാപിതമായ അമേരിക്കയിലെ റോയൽ കരീബിയൻ ഇന്റർനാഷണൽ കമ്പനിയുടെ ഉടമസ്ഥ തയിലുള്ള 'ക്വാന്റം ഓഫ് ദി സീ' എന്ന വിനോ ദയാത്രയ്ക്കുവേണ്ടി നിർമിച്ച പടുകൂറ്റൻ ആഡംബര ക്കപ്പലിലെ യാത്ര അവിസ്മരണീയമാണ്. വിമാനത്തിൽ കയറുന്നതിനാവശ്യമായ മതിയായ എല്ലാ രേഖകളും കപ്പൽയാത്രയ്ക്കും അത്യാവശ്യ മാണ്. കപ്പലിൽ കയറുന്നതിനു മുമ്പായി നമ്മുടെ ലഗേജ് അതിനുള്ള പ്രത്യേക കൗണ്ടറിൽ ഏല്പിക്കണം. ലഹരിവസ്തു ക്കളോ ഏതെങ്കിലും തരത്തിലു ള്ള ആയുധങ്ങളോ ലഗേജിൽ അനുവദനീയമല്ല. ചെക്കിങ് കഴിഞ്ഞ് എമിഗ്രേഷനിൽ പോയി കപ്പലിലേക്കു കയറാം. യാത്ര യുടെ അവസാനംവരെ നമ്മുടെ പാസ്പോർട്ട് അവരുടെ കൈ വശമായിരിക്കും. പകരം എല്ലാവർ ക്കും ഓരോ സീ പാസ്സ് തരും. ഇതുപയോഗിച്ച് കപ്പലിന്റെ അനുവദനീയമായ എല്ലാ സ്ഥല ങ്ങളിലും ചുറ്റിക്കറങ്ങാം.

2014ൽ പണിപൂർത്തിയായ ഈ കപ്പലിന് 347.08 മീറ്റർ നീളവും (1139 അടി) 41 മീറ്റർ (136 അടി) വീതിയുമുണ്ട്. പതിനാറു നിലകളോടുകൂടി ആകാശം മുട്ടെ ഉയർന്നുനിൽക്കുന്ന ഈ ഭീമാകാരൻ കപ്പലിന്റെ മുകൾഭാഗം കാണണമെങ്കിൽ ശരിക്കും തല ഉയർത്തിത്തന്നെ നോക്കണം. ജലനിരപ്പിൽ നിന്നു കപ്പലിന്റെ അടിഭാഗംവരെ 8.5 മീറ്റർ (25 അടി) ആഴമുണ്ട്. കപ്പലിനുള്ളിലേക്കു കടന്നാൽ പിന്നെ യൊരദ്ഭുത ലോകത്തിലകപ്പെട്ട പ്രതീതിയാണ്. നമ്മൾ കപ്പലിലാണെന്നുള്ള കാര്യം മറക്കും. ആദ്യനിലയിൽ ത്തന്നെ വിശാലമായ ഷോപ്പിങ് സെന്റർ കാണാം. എന്തു വേണമെങ്കിലും വാങ്ങാം. പൊരിഞ്ഞ വിലയാണെന്നു മാത്രം. ആറിൽപ്പരം ലിഫ്റ്റുകൾ സദാസമയവും ആളുകളെ കയറ്റിയിറക്കുന്നു. കൂടാതെ, ഏറ്റവും മുകൾ ഭാഗംവരെ നടന്നുകയറാനുള്ള സ്റ്റെയർകെയ്സുമുണ്ട്. ഇവയുടെയൊക്കെ ശില്പഭംഗി കാണേണ്ടതുതന്നെ. ചായയും കോഫിയും നമ്മെത്തേടി പലപ്പോഴുമെത്തും. അതിനു പുരുഷന്മാരും അല്പവസ്ത്രധാരികളായ സ്ത്രീകളും എപ്പോഴും തയ്യാർ.

കപ്പലിന്റെ ഉൾവശത്തെപ്പറ്റിയുള്ള വിശദമായ ഒരു പ്ലാൻ കയറിവരുമ്പോൾത്തന്നെ പ്രദർശിപ്പിച്ചിട്ടുണ്ട്. അതിൽ നോക്കി അത്യാവശ്യകാര്യങ്ങൾ മനസ്സിലാക്കാം. കാഴ്ച കാണാൻ ഓരോ നിലയിലേക്കു കയറുമ്പോഴും വ്യത്യസ്തമായി രൂപകല്പന ചെയ്തിരിക്കുന്ന ഷോപ്പിങ് മാളുകളും റെസ്റ്റോറന്റുകളും, എല്ലാത്തരം മദ്യശാലകളും കച്ചവടസ്ഥാപനങ്ങളും നിരനിരയായി കാണാം. ചൈനീസ് ടൂറിസ്റ്റുകളെ മുന്നിൽക്കണ്ടുകൊണ്ടാണ് പ്രധാനമായും ഈ കപ്പൽ നിർമിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ചൈനയിൽകൂടി നടക്കുന്ന ഒരനുഭവം. സ്ത്രീകൾ നടത്തുന്ന മസാജിങ് പാർലർ ഇഷ്ടംപോലെ കപ്പലിലുണ്ട്. മിക്ക നിലകളിലും ഭക്ഷണത്തിനുള്ള വലിയ ഹാളുകളും. ജർമനി, ഇംഗ്ലണ്ട്, അമേരിക്ക, ചൈന റഷ്യ, എന്നിങ്ങനെ വിവിധ രാജ്യങ്ങളിലെ ഭക്ഷണക്രമീകരണങ്ങളും ഇവിടെ സുലഭം. ഓരോരുത്തരുടെയും അഭിരുചിക്കനുസരിച്ച് ഏതുതരം ഭക്ഷണവും ഇഷ്ടംപോലെ ഏതു സമയത്തും കഴിക്കാം.

കപ്പലിനുള്ളിലെ ഓരോ ഇഞ്ച് സ്ഥലവും തികഞ്ഞ കലാവൈഭവത്തോടെയാണു നിർമിച്ചിരിക്കുന്നത്. ഇതെല്ലാം നന്നായി ചുറ്റിക്കറങ്ങി ആസ്വദിക്കണമെങ്കിൽ കുറച്ചു ദിവസങ്ങൾ കപ്പലിൽ കഴിയേണ്ടിവരും, സ്വർണാഭരണങ്ങൾ, നിരവധിയിനം വജ്രമാലകൾ, കണ്ണഞ്ചിപ്പിക്കുന്ന വജ്രക്കല്ലുകൾ, തുണിത്തരങ്ങൾ, മറ്റനവധി വിദേശവസ്തുക്കൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെയെല്ലാം ഷോറൂമുകളുടെ നിർമാണവൈദഗ്ദ്ധ്യവും വൈവിധ്യവും ഒന്നു വേറേതന്നെ. ദീപാലങ്കാരത്തിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന കപ്പൽ ഒരു കാഴ്ചബംഗ്ലാവ് തന്നെയാണ്. നിരവധി ചിത്രകാരന്മാർ വരച്ച മനോഹരമായ എണ്ണച്ചായച്ചിത്രങ്ങൾ വില്പനയ്ക്കു പ്രദർശിപ്പിച്ചിട്ടുണ്ട്. ഇറ്റാലിയൻ ചിത്രകാരൻ വരച്ച ഒരു ചിത്രത്തിന് 3500 ഡോളറാണ് വില (രണ്ടുലക്ഷത്തിനാല്പതിനായിരം രൂപ). കപ്പലിലെ എല്ലാ പണമിടപാടുകളും യു.എസ്. ഡോളർ മുഖേനയാണ്. ഏഴാമത്തെ നിലയിലാണ് ഞങ്ങളുടെ താമസം. ഒരു മുറിയിൽ രണ്ടുപേർക്കു താമസിക്കാം. എല്ലാം എയർ കണ്ടീഷൻ ചെയ്ത്




വെടിപ്പും വൃത്തിയുമുള്ള നല്ല മുറികൾ. പ്രത്യേകമായി രൂപകല്പന ചെയ്തിരിക്കുന്ന ടോയ്‌ലറ്റ്. മുറിക്കുള്ളിൽ നിന്നു നോക്കിയാൽ ഗ്ലാസിട്ട ചെറിയ ജനാലയിലൂടെ കടൽക്കാഴ്ചകൾ കണ്ടാസ്വദിക്കാം. ഓരോ മുറിയിലും വലിയ ടി.വി. സംവിധാനവുമുണ്ട്.


അയ്യായിരത്തോളം മുറികളുള്ള ഈ കപ്പലിൽ 5000 യാത്രക്കാർക്കു പുറമേ 2000 ജീവനക്കാർക്കും താമ സിക്കാം. ഇതിൽ 2094 ഗസ്റ്റ് റൂമുകളും, കടൽക്കാഴ്ചകൾ നന്നായി ആസ്വദിക്കാവുന്ന 148 ഓഷ്യൻ റൂമുകളും, 1446 ബാൽക്കണിറൂമുകളും, വിശാലമായ 125 സ്യൂട്ട് റൂമുകളും, മറ്റാവശ്യങ്ങൾക്കുവേണ്ടി നിരവധി റൂമുകളുമുണ്ട്. മുകളിലത്തെ നിലയിലേക്കു കയറിയപ്പോൾ സുരക്ഷി തത്വത്തിനായുള്ള ലൈഫ് ബോട്ടുകളും ജാക്കറ്റുകളും നിരവധിയായി തൂക്കിയിട്ടിരിക്കുന്നു. ഏതു ഡക്കിൽ കയറിയാലും കടലിന്റെ അതിമനോഹരമായ കാഴ്ച നമുക്കാസ്വദിക്കാം. ഒരു വലിയ സ്റ്റാർ ഹോട്ടലിന്റെ ലോബിയിൽ കൂടി നടക്കുന്ന അനുഭവം. താമസിക്കുന്ന ഓരോ മുറിയുടെയും സിറ്റൗട്ടുകളിലിരുന്നാൽ കടൽക്കാഴ്ചകൾ ഓരോന്നായി മിന്നിമറയും. വലുതും ചെറുതുമായ എട്ടോളം നീന്തൽക്കുളങ്ങൾ ഈ കപ്പലിന്റെ ഒരു പ്രത്യേകതയാണ്. കുട്ടികൾക്കും മുതിർന്നവർക്കും സ്ത്രീകൾക്കുമെല്ലാം വെവ്വേറെ സ്വിമ്മിംഗ്പൂളുകളുണ്ട്. യുവമിഥുനങ്ങൾക്കുള്ള ഹണിമൂൺ പൂൾ വേറെയുമുണ്ട്. അവിടെ മറ്റാർക്കും പ്രവേശനമില്ല.

വലിയ നീന്തൽകുളത്തിനു ചുറ്റും ഗ്യാലറിപോലെ ഇരിപ്പിടങ്ങൾ കാണാം. സിനിമാസ്ക്രീനിന്റെ വലുപ്പത്തിലുള്ള വലിയ ടി.വിയും ഇവിടെ പ്രദർശിപ്പി ച്ചിരിക്കുന്നതിനാൽ കുളത്തിലും ഗ്യാലറിയിലും എപ്പോഴും തിരക്കാണ്. ചില ഏരിയകളിൽ വീഡിയോ ചിത്രീകരണത്തിനു വിലക്കേർപ്പെടുത്തിയിട്ടുണ്ട്. എട്ടാമത്തെ നിലയിൽ എ.സി. ചെയ്ത സ്വിമ്മിങ്പൂൾ കാണാം. ഇതിൽ ഒരു ലൈഫ് ഗാർഡ് വെള്ളത്തിലിറ ങ്ങുന്നവരുടെ സംരക്ഷണത്തിന് എപ്പോഴും തയ്യാർ. മെഡിക്കൽ സഹായം വേണ്ടവർക്ക് ഒരു മെഡിക്കൽ സെന്ററും കപ്പലിലുണ്ട്. ഒരു പ്രദേശം മുഴുവൻ ചൂതാട്ടത്തിനുള്ള കാസിനോ പ്രവർത്തിക്കുന്നു. താത്പര്യമുള്ളവർക്ക് അതിൽ പങ്കെടുക്കാം. കൂടാതെ പല ഭാഗങ്ങളിലും എ.ടി.എം. കൗണ്ടറുകളുമുണ്ട്. സൺബാത്തിനും വ്യായാമത്തിനുമുള്ള സൗകര്യങ്ങളു മുണ്ട്. രാത്രിയിൽ ഡാൻസും പാട്ടുമെല്ലാം ഓർക്കസ്ട്രാ സഹിതം റെഡി.

22 നോട്ടിക്കൽ മൈൽ (41 കിലോമീറ്റർ) വേഗത്തിലാണ് കപ്പൽ സഞ്ചരിക്കുന്നത്. കടലിലേക്കു നോക്കിനിന്നാൽ പലതരം കാഴ്ചകൾ നമുക്കു ദർശി ക്കാം പല വലുപ്പത്തിലും ആകൃതിയിലും നിറങ്ങളി ലുമുള്ള വിവിധയിനം കപ്പലുകൾ, മത്സ്യബന്ധന ബോട്ടുകൾ, ചെറുതരം വള്ളങ്ങൾ, മോട്ടോർ ബോട്ടുകൾ ഇവയെല്ലാം തലങ്ങും വിലങ്ങും സഞ്ചരി ക്കുന്നു. ജലത്തിൽ ലാന്റ് ചെയ്തുയരുന്ന ചെറുവി മാനങ്ങളും ആകാശത്തു പറക്കുന്ന വിമാനങ്ങളും കുറവല്ല. പല വലിപ്പത്തിലുള്ള ആയിരക്കണക്കിന് ഡോൾഫിനുകൾ കൂട്ടമായും അല്ലാതെയും ജലത്തിൽ ഉയർന്നു പൊങ്ങി താഴേക്കു പതിക്കുന്നു. ജലത്തിൽ അങ്ങിങ്ങായി കൂട്ടത്തോടെ പൊങ്ങിക്കിടക്കുന്ന കടൽപ്രാവുകൾ. ആഴക്കടലിലേക്കു നീങ്ങുംതോറും വെള്ളത്തിന്റെ നിറം കൂടുന്നതായി തോന്നും.

രണ്ടു ദിവസത്തെ യാത്രയ്ക്കുശേഷം മലനിരകളാൽ ചുറ്റപ്പെട്ട ഫുക്കറ്റിന്റെ സമീപമുള്ള മനോഹരമായ പത്തോം ബീച്ച് ദ്വീപിനു സമീപമെത്തി. കപ്പൽ ഫുക്കറ്റിലേക്ക് അടുക്കുകയില്ല. ഇവിടെനിന്നാൽ നൂറുകണക്കിനു റിസോർട്ടുകൾ കാണാം. പലതും വെള്ളത്താൽ ചുറ്റപ്പെട്ടാണ് പണിതിരിക്കുന്നത്. ചുറ്റും നൂറുകണക്കിന് കപ്പലുകൾ നങ്കൂരമിട്ടു കിടക്കുന്നു. വലിയ ബോട്ടുകളിൽ ക്രമനമ്പരനുസരിച്ച് ഓരോ ബാച്ചിലുള്ള ആൾക്കാരെയും കയറ്റി 15 മിനിറ്റുകൊണ്ട് പത്തോം ബീച്ചിലെത്തിക്കഴിഞ്ഞാൽ സൈറ്റ്സീയി ംഗിനുള്ള വാഹനത്തിൽ ഫുക്കറ്റ് ചുറ്റിക്കറങ്ങാം. ബൈക്കുകളും മറ്റു വാഹനങ്ങളും ഗൈഡുകളും എപ്പോഴും റെഡി. ഏഴു മണിക്കൂർകൊണ്ട് ഫുക്കറ്റ് ഓടിച്ചൊന്നുകണ്ട് കപ്പലിൽ കയറി തിരിച്ചു സിംഗപ്പൂരിലെത്തി. ഈ മനോഹര യാത്രയുടെ അനുഭവങ്ങൾ ഒരിക്കലും മനസ്സിൽ നിന്നു മായുകയില്ല. സിംഫണി ഓഫ് ദി സീ, (ഇതിൽ 6680 പേർക്കു യാത്ര ചെയ്യാം) സ്പെക്ട്രം ഓഫ് ദി സീ, ഒവേഷൻ ഓഫ് ദി സീ, ഹാർമണി ഓഫ് ദി സീ തുടങ്ങിയ മുപ്പതിലധികം ആഡംബരക്കപ്പലുകൾ റോയൽ കരീബിയൻ കമ്പനിയുടേതാണ്. തായ്‌ലന്റിന്റെ ഒരു ഭാഗമായ ഫുക്കറ്റ് സന്ദർശിക്കുവാൻ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഈ ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ആൾക്കാർ ഒഴുകുകയാണ്. ടൂറിസം വികസനത്തിൽ നമ്മുടെ രാജ്യം ഫുക്കറ്റിനെ കണ്ടു പഠിക്കേണ്ടതാണ് കാരണം, അതുപോലെ വികസന സാദ്ധ്യതയുള്ള സ്ഥലങ്ങൾ കേരളത്തിൽ ധാരാളമുണ്ട്.

■




**ഫെബ്രുവരി 28**
**നോമ്പുകാലം**
**മൂന്നാം ഞായർ**



**ഉത്പ 7:6 – 24**
**ജോഷ്വ 5:13 – 6:5**
**റോമ 7:14 – 25**
**മത്താ 20:17 – 28**


**ഡോ. ജോഷി മയ്യാറ്റിൽ**

# ശുശ്രൂഷയ്ക്കായി പതുങ്ങുക

**വ**ല്ലാത്ത എടുത്തുചാട്ടമായിപ്പോയി സെബദീപുത്രന്മാരുടേത്! പുര കത്തുമ്പോൾ വാഴ വെട്ടുന്ന ഏർപ്പാടല്ലേ അത്? തന്റെ പീഡാസഹന മരണോത്ഥാനങ്ങളെക്കുറിച്ച് ഗുരു പ്രവചിക്കുന്ന സമയത്തുതന്നെ സ്വന്തം കസേര ഉറപ്പാക്കാൻ തത്രപ്പെടുന്ന ശിഷ്യർ! ഏതായാലും, പന്ത്രണ്ടുപേരെമാത്രം കൂട്ടിക്കൊണ്ടുള്ള യാത്രയിൽ യാക്കോബിന്റെയും യോഹന്നാന്റെയും അമ്മയുടെ വരവ് അവിശ്വസനീയമാണ്. ആദ്യസുവിശേഷകനായ മർക്കോസിന്റെ വിവരണമായിരിക്കണം കൂടുതൽ ചരിത്രപരം.

**ശുശ്രൂഷയെന്ന അതിജീവനമന്ത്രം**

യേശുവിന്റെ ജറുസലേംയാത്ര പിതാവിന്റെ ഹിതപൂർത്തീകരണത്തിനായുള്ള പുത്രന്റെ മുന്നേറ്റമാണ്. അനുസരണത്തിന്റെ ജറുസലേം വഴിയാണത്. ദൈവഹിതം നിറവേറ്റുന്നതിനുള്ള ദാസസമമായ നിഷ്കർഷയാണ് പുത്രമനസ്സിന്റെ സവിശേഷത എന്നു കഴിഞ്ഞയാഴ്ച നാം കണ്ടതാണല്ലോ. യഥാർത്ഥത്തിൽ, മനുഷ്യ



ശുശ്രൂഷയ്ക്കായുള്ള യേശുവിന്റെ നിഷ്കർഷ തന്നെയാണത്. ഈശോയുടെ പീഡാസഹന മരണോത്ഥാനങ്ങൾ മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ളതാണല്ലോ. ജറുസലേംവഴിയിൽ പന്ത്രണ്ടുപേർക്കുമായി തന്റെ ഈ ശുശ്രൂഷയെക്കുറിച്ചു സൂചന നല്കുന്ന ഈശോ ശിഷ്യത്വത്തിന്റെ അഗാധാർത്ഥതലങ്ങളാണ് അവർക്കു വ്യക്തമാക്കിക്കൊടുക്കാൻ ശ്രമിക്കുന്നത്. സ്വർഗീയവും ഭൗതികവുമായ ദൈവികാധികാരത്തിന്റെ വേഷഭൂഷാദികൾ അഴിച്ചുവച്ച് കൈയിൽ താലമേന്തി, അരയിൽ കച്ചയണിഞ്ഞ്, ശിഷ്യരുടെ പാദം കഴുകാനായി കുനിഞ്ഞത് 'കർത്താവിന്റെ സഹനദാസ'ന്റെ ബദൽചിത്രമാണ്. കർത്ത്യദാസൻ മനുഷ്യരുടെ ദാസൻ കൂടിയാണ്! വെറുതെയല്ല, 'ഇതാ, കർത്താവിന്റെ ദാസി' എന്നു പറഞ്ഞയാൾ ഐൻകെരേമിലേക്കു തിടുക്കത്തിൽ യാത്ര പുറപ്പെട്ടത്!

ശുശ്രൂഷയാണ് ഏവർക്കും അതിജീവനഹേതുവാകുന്നത് എന്ന സ്വർഗത്തിന്റെ തത്ത്വമാണ് കാൽവരിക്കുരിശിലെ ദാസ്യവേല മുന്നോട്ടുവയ്ക്കുന്നത്. വ്യക്തികൾക്കുള്ള ഈ പ്രബോധനം കുടുംബത്തിന്റെയും സമൂഹത്തിന്റെയും സഭയുടെയും മനുഷ്യരാശിയുടെതന്നെയും അതിജീവനമന്ത്രമാണ്.

**അധികാരം ലഹരിയാകുമ്പോൾ**

പരാർത്ഥമുള്ള സ്വയംശൂന്യവത്കരണത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനനിമിഷങ്ങളിൽ ആ രണ്ടു ശിഷ്യരുടെ ഇടപെടലും അവരോടുള്ള മറ്റു പത്തുപേരുടെ പ്രതികരണവും തികച്ചും അമ്പരപ്പുളവാക്കുന്നതാണ്. വലത്തും ഇടത്തും ഇരിക്കുക എന്നാൽ ഏറ്റവും പ്രധാനപ്പെട്ടവരാകുക എന്നുതന്നെയർത്ഥം. കസേരകളി മനസ്സിൽ നിറഞ്ഞ ശിഷ്യത്വം എത്ര ശുഷ്കമാണ്! അധികാരകേന്ദ്രങ്ങളാകാനുള്ള പ്രലോഭനം ദൈവപുത്രത്വബോധ്യത്തിനുള്ള കനത്ത വെല്ലുവിളിതന്നെയാണ്. ഏതുവിധേനയും അധികാരം കൈയാളണം എന്ന ചിന്ത ആപത്കരമാണെന്നതിനു ചരിത്രം സാക്ഷി. അധികാരം ലഹരിയാകുമ്പോൾ നന്മകൾ വിദൂരത്താകുന്നു. സ്റ്റാലിനും പോൾപോട്ടും ഹിറ്റ്ലറും മുസോളിനിയും കടന്നുപോയിട്ട് അധികകാലമായിട്ടില്ലല്ലോ.

അധീശത്വമാണ് അതിജീവനം എന്ന കാടിന്റെ തത്ത്വം നാടിന്റെയും ഹൃദയമന്ത്രമായിത്തീർന്നിരിക്കുന്നോ? രാഷ്ട്രീയം, മതം, കുടുംബം, തൊഴിൽമേഖല, സംസ്കാരം, സാങ്കേതികവിദ്യ, മാധ്യമം, എന്നുവേണ്ട, ചിന്തിക്കാവുന്ന ഏതു മേഖലയിലും കോട്ടും സ്യൂട്ടും ടൈയുമണിഞ്ഞ് മേൽക്കോയ്മയുടെ ചാതുർവർണ്യ-ജിഹാദ്-കൊളോണിയൽ പ്രേതങ്ങൾ ആധുനികകാലത്തും കറങ്ങിനടക്കുന്നു എന്നത് ശരിക്കും ഒരു കോമഡിക്കാഴ്ചയല്ലേ! 'പാർലിമെന്റേറിയൻ' മോഹവുമായി ഇന്ന് കുടുംബയൂണിറ്റുകളിൽപോലും വ്യാപരിക്കുന്നവന്റെ പേരാണ് സെബദീപുത്രൻ!

**'മനുഷ്യപുത്ര' ശൈലിയിലേക്ക്...**

സെബദീപുത്രന്മാരുടെ കസേരകളിയൊക്കെ പിന്നീടുള്ള ശിഷ്യത്വപാതയിൽ പൂർണമായും അലിഞ്ഞില്ലാതായതും നാം ശ്രദ്ധിക്കേണ്ടതുണ്ട്. യേശുവിന്റെ പാനപാത്രം അവർ കുടിക്കുക തന്നെ ചെയ്തു. ക്രിസ്തുവിനെപ്രതിയും സഭയെപ്രതിയും രക്തസാക്ഷിയായിത്തീർന്ന ആദ്യത്തെ അപ്പസ്തോലൻ സെബദീപുത്രനായ യാക്കോബായിരുന്നെന്ന (അപ്പ 12,2) തിരിച്ചറിവ് ഏറെ പ്രചോദനാത്മകമാണ്. സ്നേഹമന്ത്രണം (1 യോഹ 4,8) ഹൃദയതാളമായി മാറിയതിനാൽ, എഫേസൂസിൽ ക്രിസ്തുവിനെപ്രതിയും സഭയെപ്രതിയും ബന്ദിയായി കഴിഞ്ഞപ്പോഴും വെളിപാടുദർശനങ്ങൾ സിദ്ധിച്ചത് സെബദീപുത്രനായ യോഹന്നാനാണെന്നതും നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്.

ആധിപത്യത്തിന്റെ വന്യപീഠങ്ങൾ വിട്ട് സ്വയംശൂന്യവത്കരണത്തിന്റെ മാന്ത്രികപ്പടവുകൾ കയറി കുരിശിന്റെ വിരിമാറിൽ പരാർത്ഥം മരിക്കാൻ എന്നിലെയും നിന്നിലെയും സെബദീപുത്രനും കെല്പുണ്ട്... വീട്ടിലും നാട്ടിലും ജോലിസ്ഥലത്തും നിന്റെ അധീശത്വശൈലികൾക്കു നോമ്പു പ്രഖ്യാപിക്കുക! യഥാർത്ഥശിഷ്യത്വത്തിനായി ക്രിസ്തുവിനൊപ്പം നന്നായി പതുങ്ങുക - ചുറ്റുമുള്ളവരുടെ പാദാന്തികത്തിലേക്ക്!! അധികാരമോഹങ്ങളുടെ 'സെബദീപുത്രശൈലി'യിൽനിന്നു ശുശ്രൂഷാമനസ്സിന്റെ 'മനുഷ്യപുത്രശൈലി'യിലേക്ക് മരുഭൂമികൾ തളിർക്കട്ടെ!!!

**കസേരകളി മനസ്സിൽ നിറഞ്ഞ ശിഷ്യത്വം എത്ര ശുഷ്കമാണ്! അധികാരകേന്ദ്രങ്ങളാകാനുള്ള പ്രലോഭനം ദൈവപുത്രത്വബോധ്യത്തിനുള്ള കനത്ത വെല്ലുവിളിതന്നെയാണ്. ഏതു വിധേനയും അധികാരം കൈയാളണം എന്ന ചിന്ത ആപത്കരമാണെന്നതിനു ചരിത്രം സാക്ഷി. അധികാരം ലഹരിയാകുമ്പോൾ നന്മകൾ വിദൂരത്താകുന്നു. അധീശത്വമാണ് അതിജീവനം എന്ന കാടിന്റെ തത്ത്വം നാടിന്റെയും ഹൃദയമന്ത്രമായിത്തീർന്നിരിക്കുന്നോ?**

# പുതിയ ഉപനിഷത്ത്

പ്രഫ. തോമസ് കണയംപ്ലാവൻ

ഉയരെ ഗിരിമേൽ ഗുരുവിരുന്നു;
ഉപവിഷ്ടരായ് ശിഷ്യരന്തികത്തിൽ
അവരുടെയാത്മാവിനിമ്പമേകും
വചനങ്ങളോതുന്നു ദൈവപുത്രൻ:
ഓർക്കുക, സ്നേഹമാകുന്നു ദൈവം!
പാർക്കുകിൽ, കാരുണ്യമാണു ദൈവം!
നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ;
നന്മകളന്യോന്യം കൈമാറുവിൻ!
നിസ്വരേ, നിങ്ങളനുഗൃഹീതർ;
നിങ്ങടേതാകുന്നു സ്വർഗ്ഗരാജ്യം!
കേഴുന്നോരൊക്കെയും ഭാഗ്യവാന്മാർ;
കേൾക്കുകാശ്വാസമവർക്കു കിട്ടും.
സൗമ്യതയാർന്നവർ ഭാഗ്യമുള്ളോർ;
ഭൂമിയവർക്കവകാശമത്രേ!
നിർമ്മലമാനസർ ഭാഗ്യവാന്മാർ;
നിർണ്ണയമീശനെക്കാണുമവർ.
നീതിക്കുവേണ്ടി വിശന്നിടുന്നോർ,
ദാഹിച്ചിടുന്നവർ, ഭാഗ്യവാന്മാർ.
സംതൃപ്തി നൂനമവർക്കു പാരിൽ
സംലബ്ധമായിടും, ശങ്കവേണ്ട.
ശാന്തി ജഗത്തിൽ വിതച്ചിടുന്നോർ
താന്തരാകില്ലവർ ദൈവമക്കൾ!
ധർമ്മത്തിനായ് പീഡയേറ്റിടുവോർ,
നിർമ്മലർ, സ്വർഗ്ഗത്തിൽച്ചെന്നുചേരും
കാരുണ്യം കാട്ടുവോർ ഭാഗ്യവാന്മാർ,
പാരിൽ നിരന്തരം ലോപമെന്യേ
കാരുണ്യം വർഷിച്ചിടുമവരിൽ
മാരിപോൽ നന്മസ്വരൂപനീശൻ!
നന്മയാൽ തിന്മയെ വെന്നിടുവിൽ
കൺമണിപോൽ സത്യം കാത്തിടുവിൻ
ശാപമരുതു, ശപിക്കുവോരെ
ശാന്തതയോടെയനുഗ്രഹിപ്പിൻ!
മിത്രങ്ങളെ മാത്രമല്ല നിങ്ങൾ
ശത്രുക്കളെപ്പോലും സ്നേഹിക്കുവിൻ
ഉപ്പാണു ഭൂമിക്കു; ലോകത്തിനു
സത്യവെളിച്ചവുമാണുനിങ്ങൾ
നിങ്ങളിലൂടെ ജഗൽപ്പിതാവിൻ
സന്നിധി പൂകണം മർത്ത്യരെല്ലാം!
വിദ്വേഷമാരോടും കാട്ടരുതേ,
വിസ്മരിച്ചാലുമുപദ്രവങ്ങൾ.
നീതിയും ശാന്തിയും സന്തോഷവും
ചേരും മനങ്ങളിൽ ദൈവരാജ്യം
വന്നുചേരുന്നതു സ്വന്തമാക്കാൻ
വിശ്രമമെന്യേ പരിശ്രമിപ്പിൻ.
സ്നേഹത്തിൻ വേദാന്തമിപ്രകാരം
ലോകത്തിനേകി മനുഷ്യപുത്രൻ!

# കൊറോണറി ആർട്ടറി ഡിസീസ് (CAD) ചെറുപ്പക്കാരിൽ

ആരോഗ്യവീഥി



ഡോ. കൃഷ്ണൻ സി.

**ലോ**കത്തേറ്റവും കൂടുതൽ മരണനിരക്കിനും രോഗാവസ്ഥയ്ക്കും കാരണം കൊറോണറി ആർട്ടറി രോഗമാണ്. സൗത്ത് ഏഷ്യക്കാരിൽ, പ്രത്യേകിച്ച്, ഇന്ത്യക്കാരിൽ ഇതിന്റെ വ്യാപനം 10% ൽ അധികമാണ്. ചെറുപ്പക്കാർക്ക് ഈ രോഗം വന്നാൽ ഭേദമാകാൻ താരതമ്യേന എളുപ്പമാണ്. സൗത്ത് ഏഷ്യാക്കാരിൽ CAD രോഗബാധിതരാകുന്നവരുടെ ശരാശരിപ്രായം 53 വയസ്സും, യൂറോപ്യൻരാജ്യങ്ങളിൽ 63 വയസ്സുമാണെന്നു പഠനങ്ങൾ തെളിയിക്കുന്നു. ഇന്ത്യക്കാരിൽ ഈ രോഗം വരാനുള്ള സാധ്യത ജീവിതശൈലി, ജനിതകഘടന എന്നിവയെ ആശ്രയിച്ചിരിക്കുന്നു. പുകവലി, അമിതവണ്ണം എന്നിവയുള്ളവരിൽ കൊറോണറി ആർട്ടറി ഡിസീസ് വന്നാൽ അപകടസാധ്യത കൂടുതലാണ്. പുരുഷന്മാർക്ക് കൊറോണറി ആർട്ടറി രോഗം സ്ത്രീകളെക്കാൾ മുമ്പേ പ്രകടമാകുമെങ്കിലും മരണനിരക്കിന്റെ കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരെക്കാൾ മുന്നിലാണ്. ഈ രോഗം കുട്ടിക്കാലത്തു തുടങ്ങി പുരോഗമിക്കുന്നതാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

**കൊറോണറി ആർട്ടറി ഡിസീസ് ഉണ്ടാകാനുള്ള കാരണങ്ങൾ**

▫ പ്രായം ▫ ജെൻഡർ ▫ പ്രമേഹം ▫ രക്തസമ്മർദം ▫ ഡിസ്‌ലൈപീഡീമിയ ▫ അമിതവണ്ണം ▫ പുകവലി.

ഹൃദ്രോഗത്തിനുള്ള കാരണങ്ങളിൽ ഏറ്റവും സാധാരണവും ചികിത്സിച്ചു ഭേദമാക്കാവുന്നതുമായ അസുഖമാണ് ഹൈപ്പർ കൊളസ്ട്രീമിയ. രക്തത്തിൽ അളവിൽക്കൂടുതൽ കൊളസ്ട്രോൾ കാണപ്പെടുന്ന അവസ്ഥയാണിത്. കൊറോണറി ആർട്ടറി ഡിസീസ് ഉണ്ടാകാനുള്ള കാരണങ്ങളിൽ പരിഹരിക്കാവുന്നവയാണ് പുകവലി, രക്തസമ്മർദം, പ്രമേഹം, അമിതവണ്ണം, ഡിസ്‌ലൈപീഡീമിയ, മെറ്റബോളിക് സിൻഡ്രോം എന്നിവ. അതേസമയം, പ്രായം, ജെൻഡർ, ജനിതകഘടന എന്നിവ പരിഹരിക്കാനാവാത്ത അപകടസാധ്യതാഘടകങ്ങളുടെ പട്ടികയിൽപ്പെടുന്നു.

**മറ്റു കാരണങ്ങൾ**

▫ മെഥിയോണിൻ സിന്തേസ്ജീൻ ▫ ഹെപ്പാറ്റിക്ലിപേസ്ജീൻ ▫ ലൈപ്പോപ്രോട്ടീൻ ലൈപേസ്ജീൻ ▫ CETP ജീനിലെ പോളിമോർഫിസങ്ങൾ ▫ ലൈപ്പോപ്രോട്ടീൻ എ ▫ ഫൈബ്രിനോജൻ ▫ ഡി-ഡൈമർ ▫ കുറഞ്ഞ അളവിലുള്ള ഓസ്റ്റിയോ കാൽസിൻ ▫ ഹൈപ്പോതൈറോയിഡിസം ▫ റൂമറ്റോയ്ഡ് ആർത്രൈറ്റിസ് ▫ ഹോമോസിസ്റ്റിനീമിയ ▫ HAART ചികിത്സ നടത്തുന്ന എച്ച്ഐവി രോഗികൾ ▫ ഉയർന്ന അളവിൽ വിറ്റാമിൻ ഡി 2, ഡി 3 ▫ കൊക്കെയ്ൻ ഉപയോഗം ▫ കുട്ടികളിൽ ഉണ്ടാകുന്ന കവാസാക്കി രോഗം ▫ പെട്ടെന്നുള്ള കൊറോണറി ആർട്ടറി ഡിസെക്ഷൻ ▫ ഫാക്ടർ 5 ലൈഡൻ.

**പ്രീമചർ ഗ്രേയിങ്**

20 വയസ്സിനുമുമ്പ് മുടി നരയ്ക്കുന്നത് CAD മായി ബന്ധപ്പെട്ടിരിക്കുന്നു. സമപ്രായക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ CAD ഉള്ളവർക്ക് പ്രീമചർ ഗ്രേയിങ് വരാനുള്ള സാധ്യത 5.3 മടങ്ങ് കൂടുതലാണ്.

**ആർക്കസ്സെനൈലിസ്**

കണ്ണുകളുടെ കോർണിയയ്ക്കുചുറ്റും ചാരം, വെളുപ്പ്, നീല എന്നീ നിറങ്ങളിൽ അതാര്യമായി കാണപ്പെടുന്നു. ഇത് ഫോസ്ഫോളിപിഡ്, കൊളസ്ട്രോൾ എന്നിവയുടെ നിക്ഷേപങ്ങൾമൂലം ഉണ്ടാകുന്നു. ആർക്കസ്സെനൈലിസ് ഉള്ളവർക്ക് ഫാമലിയൽ ഹൈപ്പർ കൊളസ്ട്രീമിയ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

**പ്രീമചർ ബാൾഡിങ് (കഷണ്ടി)**

പുരുഷന്മാരിലെ കഷണ്ടി CADയുമായി ബന്ധപ്പെട്ടിരിക്കുന്നു. സമപ്രായക്കാരെ അപേക്ഷിച്ച് CAD ഉള്ളവർക്ക് പ്രീമചർ ബാൾഡിങ് വരാൻ 5.6 മടങ്ങ് അധികസാധ്യതയുണ്ട്.


**സേൻതോമറ്റ**

കൺപോളകളുടെ ചർമത്തിന് അടിയിലുണ്ടാകുന്ന കൊളസ്ട്രോളിന്റെ മഞ്ഞനിറത്തിലുള്ള നിക്ഷേപമാണ് സേൻതോമറ്റ. ഇത് ഹൈപ്പർ ലിപ്പീസീമയുമായി ബന്ധപ്പെട്ടിരിക്കുന്നു.

**സ്ത്രീകളിൽ CAD ഉണ്ടാകാനുള്ള കാരണങ്ങൾ**

▫ ഹൈപ്പർ ഈസ്ട്രോജെനീമിയ ▫ പോളിസിസ്റ്റിക് ഒവേറിയൻ ഡിസീസ് (ഇവർക്ക് പ്രമേഹം വരാനുള്ള സാധ്യത കൂടുതലാണ്) ▫ പ്രീഎക്ലാംസിയ ▫ ഗർഭത്തിന്റെ മൂന്നാമത്തെ ട്രൈമെസ്റ്ററിൽ ഉള്ള രക്തസ്രാവം ▫ ഗർഭകാലപ്രമേഹം (ഭാവിയിൽ പ്രമേഹരോഗി ആയില്ലെങ്കിലും അതെറോസ്ക്ളിറോസിസുമായി ബന്ധപ്പെട്ടിരിക്കുന്നു) ▫ മാസം തികയാതെയുള്ള ശിശുവിന്റെ ജനനം റൂമറ്റോയ്ഡ് ആർത്രൈറ്റിസ് ▫ ലൂപസ് പത്തോഫിസിയോളജി.

സാധാരണ രീതിയിലുള്ള കൊറോണറി ആർട്ടറി രോഗാവസ്ഥയാണ് 80% ചെറുപ്പക്കാരിലും ഉണ്ടാകുന്നത്. 4% ആളുകൾക്ക് ഹൃദയരക്തധമനികളുടെ അസാധാരണമായ ഘടനകൊണ്ടും 5% ആളുകൾക്ക് മറ്റു രക്തധമനികളിലെ ബ്ലഡ്ക്ലോട്ട് കൊണ്ടും 5% പേർ രക്തം അസാധാരണമായി കട്ടിപിടിക്കുന്ന രോഗാവസ്ഥ കൊണ്ടും 6% ആളുകൾക്ക് കൊറോണറി ആർട്ടറിയുടെ ഇൻഫ്ളമേഷൻ അല്ലെങ്കിൽ സ്പാസംകൊണ്ടും CAD ഉണ്ടാകാം. റേഡിയേഷൻ തെറാപ്പി, മുഴകൾ, ട്രോമ, മയക്കുമരുന്നിന്റെ ഉപയോഗം എന്നിവയും കാരണങ്ങളാണ്.




**CAD ന്റെ ക്ലിനിക്കൽ അവതരണം യുവാക്കളിൽ**

CAD വരുന്ന യുവാക്കളിൽ മിക്കവർക്കും മുമ്പ് നെഞ്ചുവേദനയോ ഹൃദയാഘാതമോ ഹാർട്ട്ഫെയിലിയറോ ഉണ്ടാകാറില്ല. 2/3 പേർക്ക് ഇസിജിയിൽ വ്യത്യാസമില്ലാത്ത ഹൃദയാഘാതം ഉണ്ടാകുമ്പോൾ 1/3 പേർക്കു മാത്രമേ ഇസിജിയിൽ വ്യത്യാസം ഉണ്ടാകാറുള്ളൂ. സാധാരണമായി യുവാക്കളിൽ ഹൃദയത്തിലെ ഏതെങ്കിലും ഒന്നോ രണ്ടോ രക്തധമനികൾക്കേ തടസ്സം ഉണ്ടാകാറുള്ളൂ. അതുപോലെതന്നെ 10% ആളുകൾക്കു മാത്രമാണ് മൂന്നു രക്തക്കുഴലുകൾക്കും തടസ്സം സംഭവിക്കാറുള്ളത്.

**കാർഡിയോ വാസ്കുലാർ ട്രീറ്റ്മെന്റിനുപയോഗിക്കുന്ന സാധാരണ മാർഗങ്ങൾ**

▫ ക്ലിനിക്കൽ പരിശോധന ▫ കുടുംബചരിത്രം ▫ ഗ്ലോബൽ റിസ്ക്സ്കോറിങ് ▫ ആജീവനാന്ത അപകടസാധ്യത കണക്കാക്കൽ ▫ ഇസിജി, എക്കോ ▫ സ്ട്രെസ് ഇലെക്ട്രോ കാർഡിയോഗ്രഫി ▫ മയോകാർഡിൽ പെർഫ്യൂഷൻ ഇമേജിങ് ▫ സ്ട്രെസ് എക്കോ കാർഡിയോഗ്രഫി ▫ •LDL C ▫ HDC C ▫ ലിപോപ്രോട്ടീൻ എലിപോപ്രോട്ടീൻ ഫ്രാക്ഷനേഷൻ ▫ കൊറോണറി ആൻജിയോഗ്രഫി ▫ അൾട്രാ സൗണ്ട് ഉപയോഗിച്ച് കാർടിഡ് ഇന്റിമതിക്നെസ് CT കൊറോണറി കാത്സ്യം ▫ CT കൊറോണറി ആൻജിയോഗ്രഫി ▫ MRI കൊറോണറി ആൻജിയോഗ്രഫി.

ഡിജിറ്റൽ അബ്ഡോമിനൽ ഡയമീറ്റർ, സ്കിൻ ഫോൾഡ് റേഷ്യോ എന്നിവ CAD പ്രവചിക്കാനുള്ള സൂചകങ്ങളാണ്. ഇത് BMI, വെയിസ്റ്റ് സർകംഫെറൻസ് എന്നിവയെക്കാൾ മികച്ചഫലം നൽകുന്നു.

**ഹൃദയാരോഗ്യത്തിന് അമേരിക്കൻ ഹാർട്ട് അസോസിയേഷൻ നിഷ്കർഷിക്കുന്ന ഏഴു കാര്യങ്ങൾ**

▫ പുകവലിക്കാതിരിക്കുക ▫ ബോഡിമാസ് ഇൻഡക്സ് (< 25 kg /m) ▫ മതിയായ അളവിൽ വ്യായാമം (> = 150 min / week) ▫ ആരോഗ്യകരമായ ഭക്ഷണക്രമം ▫ കഴിക്കുന്ന ഉപ്പിന്റെ അളവ് 1.5 gm / day യിൽ താഴെ ▫ മധുരമുള്ള പാനീയങ്ങൾ കുറയ്ക്കുക (<= 36 oz/week) ▫ മത്സ്യം (>= 200 gm / week) ▫ പച്ചക്കറികളും പഴങ്ങളും (> = 500 gm / week) ▫ നാരുകൾ അടങ്ങിയ ധാന്യങ്ങൾ (2 servings / day) ▫ കൊളസ്ട്രോൾ ലെവൽ <200 mg/dl ▫ •BP ലെവൽ <120/80 mHg ▫ FBS ലെവൽ <100 mg/dl)

**പ്രതിരോധരീതികൾ**

ഒരു രോഗത്തിന്റെ ആഘാതം തടയുന്നതിനും കുറയ്ക്കുന്നതിനും രണ്ടു രീതിയിലുള്ള പ്രതിരോധ സംവിധാനങ്ങളുണ്ട്.

**പ്രൈമറി പ്രിവൻഷൻ**

പ്രൈമറി പ്രിവൻഷൻ എന്നതു രോഗം വരുന്നതു തടയാൻ ഒരു വ്യക്തി സ്വീകരിച്ച മുൻകരുതൽ നടപടികളാണ്. ആൻജിയോഗ്രഫി, ബൈപ്പാസ് ശസ്ത്രക്രിയകൾ എന്നിവ മരുന്നുകളാൽ മാറ്റാൻ പറ്റാത്ത കഷ്ടതകൾ കുറയ്ക്കുന്നു.

**സെക്കണ്ടറി പ്രിവൻഷൻ**

ഹൃദ്രോഗമുള്ളവർക്ക് ഹൃദയാഘാതം വരാതിരിക്കാനും വന്നാൽ അതിന്റെ ആഘാതം കുറയ്ക്കാനും ചെയ്യുന്ന നടപടികളാണ് ഇതിൽ ഉൾപ്പെടുന്നത്.

**പ്രൈമറി പ്രിവൻഷൻകൊണ്ടുദ്ദേശിക്കുന്ന കാര്യങ്ങൾ**

▫ പുകവലി പാടേ ഉപേക്ഷിക്കുക ▫ ആരോഗ്യകരമായ ഭക്ഷണക്രമം ▫ വ്യായാമം ▫ വണ്ണം കുറയ്ക്കുക ▫ പ്രമേഹം നിയന്ത്രിക്കുക ▫ രക്തസമ്മർദം കുറയ്ക്കുക ▫ ഹൃദ്രോഗത്തിലേക്കു വഴിയൊരുക്കുന്നതിനു കാരണമാകുന്ന മറ്റസുഖങ്ങളെ ചികിത്സിക്കുക (eg: കിഡ്നിത്തകരാർ) ▫ ശസ്ത്രക്രിയ (ബാരിയാട്രിക് ശസ്ത്രക്രിയ)

**സ്റ്റാറ്റിൻ ഉപയോഗിച്ച് പ്രൈമറി/ സെക്കണ്ടറി പ്രിവൻഷൻ**

കൊറോണറി - ആർട്ടറി രോഗങ്ങൾ തടയുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സ്റ്റാറ്റിൻ ഗുളികകൾ വളരെ ഫലപ്രദവും സുരക്ഷിതവുമാണ്. ഇവ സമാനതകളില്ലാത്തതാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പ്രൈമറി പ്രിവെൻഷന്റെ ഭാഗമായി രോഗികൾക്ക് സ്റ്റാറ്റിൻ കൊടുക്കണമെന്നുള്ള ശിപാർശകൾ പരക്കെയുണ്ടെങ്കിലും പലപ്പോഴും അതു പാലിക്കപ്പെടാറില്ല. ഉയർന്ന കൊളസ്ട്രോൾ ഉള്ളവർക്കും ഹൃദ്രോഗം കണ്ടെത്തിയവർക്കും ഉള്ള ആദ്യ ചികിത്സയാണ് സ്റ്റാറ്റിൻസ്. 30% ഹൃദ്രോഗങ്ങളും സ്റ്റാറ്റിൻഗുളികകൾ പ്രതിരോധിക്കുന്നു. ഏറ്റവും അപകടകരമായ കൊളസ്ട്രോൾ വകഭേദങ്ങളെപ്പോലും കുറയ്ക്കാൻ റോസുവാ സ്റ്റാറ്റിൻ മരുന്ന് ഫലപ്രദമായി ഉപയോഗിക്കുന്നു.

**ആസ്പിരിൻ കുറഞ്ഞ ഡോസ്**

രക്തസ്രാവത്തിന്റെ സാദ്ധ്യതകളില്ലാത്ത, 40 മുതൽ 70 വരെ പ്രായമുള്ള ആളുകൾക്ക് അതെറോസ്ക്ളിറോസിസ് കാർഡിയോ വാസ്ക്യൂലർ ഡിസീസ് തടയാൻ പ്രൈമറി പ്രിവൻഷൻ എന്ന നിലയ്ക്ക് കുറഞ്ഞ ഡോസിലുള്ള ആസ്പിരിൻ നൽകാവുന്നതാണ്.

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ കാർഡിയോ വാസ്കുലർ & തൊറാസിക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റാണ്.*

---

മിനിക്കഥ

ജോൺ ജെ.പുതുച്ചിറ

## നാമകരണം

അവളുടെ അച്ഛൻ അവൾക്കു വിവാഹപ്രായമായപ്പോൾ സ്ത്രീധനത്തിന് ബാങ്കിൽനിന്ന് ലോണെടുത്താണ് കെട്ടിച്ചയച്ചത്.

പിന്നീട് അവളുടെ ഭർത്താവ് വീടു പണിതതും ഹൗസിംഗ് ലോൺ എടുത്തായിരുന്നു.

അനന്തരം, ഗൃഹോപകരണങ്ങൾ വാങ്ങാനും ലോണെടുത്തു.

ഭാര്യയെ പ്രസവത്തിനായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തപ്പോൾ ഡെയ്‌ലി ചിട്ടിക്കാരനിൽ വായ്പയെടുത്തത്.

ഭാര്യയ്ക്കു സുഖപ്രസവം.

അപ്പോൾ കുട്ടിക്ക് എന്തു പേരിടണം എന്ന കാര്യത്തിൽ അയാൾക്കു സന്ദേഹമില്ലായിരുന്നു.

ലോൺകുട്ടി!

RNI No : 16998/68
Vol. 53 No. 41 Date of Publication 18 February 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം: **മൂഴയിൽ ബാങ്കേഴ്സ്**
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, **പാലാ**
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

**അയർക്കുന്നം, കോട്ടയം**
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



മസ്തിഷ്കരോഗങ്ങൾ • നട്ടെല്ല് രോഗങ്ങൾ • അസ്ഥിരോഗങ്ങൾ • സന്ധിരോഗങ്ങൾ • ശിശുരോഗങ്ങൾ
സ്ത്രീരോഗങ്ങൾ • (ആനോ–റെക്റ്റൽ രോഗങ്ങൾ) • ത്വക്രോഗങ്ങൾ • വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# വചന ക്ലോക്കുകൾ

ഓരോ മണിക്കൂർ ഇടവിട്ട്
(രാവിലെ 5 മുതൽ രാത്രി 10 വരെ)
ഭക്തിഗാനവും ദൈവവചനവും കേൾക്കാൻ കഴിയുന്ന ക്ലോക്കുകൾ

വ്യത്യസ്ത മോഡലുകളിൽ



WOODEN GRANDFATHER & GRANDMOTHER CLOCKS
(ROSEWOOD, TEAK & OAK)

വിശേഷ സന്ദർഭങ്ങളിൽ കൊടുക്കുവാൻ
ഒരു ഉത്തമ സമ്മാനം

പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ ലഭ്യമാണ്
PH: 04822 215321
www.stthomasbookstall.com
Email: stbookstallpala@gmail.com

# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും

LITHOS PAVING TILES
ISO 9001:2015





**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651
907 264 7007
907 264 7008

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org